## അദ്ധ്യായം 14

# അന്യോന്യം അംഗീകരിപ്പിൻ

ഐക്യവും സമാധാനവും ആസ്വാദ്യകരമാണ്. എല്ലാവർക്കും എല്ലാവരോടും യോജിക്കുവാനും തമ്മിൽ സമാധാനപരമായി ജീവിക്കുവാനും സാധിയ്ക്കുമെങ്കിൽ അത് വളരെ ആശ്ചര്യകരമായിരിക്കും. എന്നാൽ അത് യാഥാർത്ഥ്യമല്ലാത്ത ഒരു ആഗ്രഹമാണ്. മനുഷ്യൻ എവിടെയുണ്ടോ അവിടെയൊക്കെ വിയോജിപ്പും ഉണ്ടാകും. ഇത് ഈ ലോകത്തിൽ മാത്രമല്ല സഭയിലും വാസ്തവമാണ്. നാം തമ്മിൽ യോജിപ്പില്ലാതായാൽ എന്തുചെയ്യുമെന്നുള്ളതല്ല യോജിപ്പില്ലാതാകുമ്പോൾ എന്തു ചെയ്യണം എന്നതാണ് ചോദ്യം. അഭിപ്രായ വ്യത്യാസം ഉണ്ടാകുമ്പോൾ എന്താണ് ചെയ്യേണ്ടത്?

പൗലൊസ് ഈ വിഷയത്തെക്കുറിച്ച് 14:1 മുതൽ 15-ാം അദ്ധ്യായം 13 വരെയും വിസ്തൃതമായി ചർച്ച ചെയ്യുന്നുണ്ട്. 12:1 മുതൽ പലവിഷയങ്ങളെക്കുറിച്ചു ചർച്ചചെയ്തു. ഓരോന്നിനെക്കുറിച്ചും ചുരുക്കം വാക്യങ്ങളിലാണ് ചർച്ച ചെയ്തത്. എന്നാൽ നാം മറ്റു ക്രിസ്ത്യാനികളോട് യോജിക്കാതെ വരുമ്പോൾ അവരോട് എങ്ങനെ പ്രവർത്തിക്കണമെന്നു പറയുവാൻ ഒരദ്ധ്യായത്തിൽ കൂടുതൽ ഉപയോഗിക്കുന്നു.

ഈ ഭാഗം ഇത്രയും വിസ്താരമായി എഴുതിയതിനെക്കുറിച്ച് വ്യാഖ്യാതാക്കൾ പറയുന്നത് യഹൂദക്രിസ്ത്യാനികളും ജാതികളിൽ നിന്നും വന്ന ക്രിസ്ത്യാനികളും[1] തമ്മിൽ വലിയ പ്രശ്നങ്ങൾ ഉണ്ടായിരുന്നു എന്നും അതു നേരിടാനായിട്ടാണ് പൗലൊസ് റോമാലേഖനം എഴുതിയതെന്നുമാണ്.[2] പൗലൊസിന് റോമിൽ പലരുമായിട്ടും ബന്ധമുണ്ടായിരുന്നെന്നും (16:3-15) തന്മൂലം അവരുടെയിടയിൽ പ്രശ്നങ്ങളുള്ളതിനെക്കുറിച്ച് പൗലൊസ് അറിഞ്ഞിരുന്നുവെന്നും വിചാരിക്കുന്നു. തന്നെയുമല്ല പൗലൊസ് അനേക സ്ഥലങ്ങളിൽ സന്ദർശിക്കുകയും യാത്ര ചെയ്യുകയും ചെയ്തപ്പോൾ മേൽ പറഞ്ഞതുപോലെയുള്ള പ്രശ്നങ്ങൾ അഭിമുഖീകരിച്ചിട്ടുണ്ടാകും. അതുകൊണ്ട് പൗലൊസ് ഈ കാര്യങ്ങളൊക്കെ അവർക്കു നിർദ്ദേശിക്കുവാൻ ആത്മാവിന്റെ പ്രേരണ ഉണ്ടായിക്കാണണം. ഈവിധ പ്രശ്നങ്ങളെ തടയുവാനായി എഴുതിയതാണ് എന്നു ചിന്തിക്കാം.

ഇതിലെ വാക്യങ്ങളെ അപഗ്രഥിയ്ക്കുന്നതിനു മുൻപായി നാം അഭിമുഖീകരിയ്ക്കുവാൻ പോകുന്ന ചില പ്രശ്നങ്ങളെ മനസ്സിലാക്കുവാൻ ശ്രമിയ്ക്കാം. ഒന്നാമത്തെ വലിയ വെല്ലുവിളി എന്തെന്നാൽ പൗലൊസിന്റെ ചർച്ചയ്ക്കു വിധേയമായ പ്രത്യേക പ്രശ്നം എന്താണെന്ന് നമുക്ക് വ്യക്തമായി അറിഞ്ഞുകൂടാ. അതിന്റെ സന്ദർഭവും സ്ഥിതിയും എന്തെന്ന് പൗലൊസിനും റോമിലെ ആളുകൾക്കും അറിയാം. എന്നാൽ നമുക്കറിഞ്ഞുകൂടാ. അതിൽ മാംസം ഭക്ഷിയ്ക്കുന്നത് (14:2, 21) പ്രത്യേക ദിവസങ്ങളുടെ ആചരണം (14:5) വീഞ്ഞു കുടിയ്ക്കുന്നത് (14:21) പൗലൊസ് ചിന്തിച്ചതെന്തെന്നുള്ളതിനെപ്പറ്റി നമുക്ക് യോജിപ്പില്ല. ഇതിനോട് ചേർന്ന് ബലഹീന സഹോദരൻ ആര്? ''ബലമുള്ള'' സഹോദരൻ ആര്? (15:1) എന്നതും മറ്റതിനോട് ചേർത്ത് ചിന്തിയ്ക്കു

ന്നു (14:1, 2; 15:1).

പലർക്കും ബോദ്ധ്യമായിട്ടുള്ളത് റോമർ 14 ലെ എല്ലാ ഉദാഹരണങ്ങളിലും ബലഹീന സഹോദരൻ എന്നാൽ അത് ഇന്നും പഴയനിയമത്തിലെ കാലഹരണപ്പെട്ട ആചാരങ്ങളിൽ കുടുങ്ങിക്കിടക്കുന്ന ജൂത ക്രിസ്ത്യാനികളാണെന്നാകുന്നു. ദിവസങ്ങളെക്കുറിച്ചാണെങ്കിൽ അവർ തുടർന്നും യഹൂദ പഞ്ചാംഗത്തെ കാത്തുകൊള്ളുന്നു. മാംസ ഭക്ഷണം റോമയിലെ വിഗ്രഹാരാധികളുടെ മദ്ധ്യേ കഴിക്കാമോ അത് എങ്ങനെ തയാറാക്കിയതാണ് എന്നൊന്നും നിശ്ചയമില്ല.[3] സുരക്ഷിതരായിരിക്കുവാനായി അവർ സസ്യഭക്ഷണം തെരഞ്ഞെടുത്തു.[4] ഈ സമീപനത്തിൽ നിന്നു നോക്കിയാൽ ജാതികളിൽ നിന്നുള്ളവരാണ് ബലവാന്മാരായ ക്രിസ്ത്യാനികൾ പിന്നീട് പൗലൊസിനെ പോലെയുള്ള ചിലരും.

ഈ വീക്ഷണം പിടിച്ചു കൊള്ളുന്നവർ പറയുന്നത് 1 കൊരി. 8–10 വരെയുള്ള ഭാഗവും റോമർ 14ഉം തമ്മിൽ അല്പം ബന്ധമുണ്ടെന്നാണ്. അവിടെ വിഗ്രഹാർപ്പിതം തിന്നുന്നതിനെക്കുറിച്ച് എഴുതിയിരിക്കുന്നു അതിൽ സാമ്യങ്ങളുണ്ടെങ്കിലും പ്രധാന വ്യത്യാസങ്ങളുമുണ്ടെന്ന് അവർ മനസിലാക്കുന്നു.

ഈ സമീപനം ശരിയായിരിക്കാം. എന്നാൽ പൗലൊസ് യഹൂദ ക്രിസ്ത്യാനികളെ “ബലഹീനർ” എന്നു പറഞ്ഞതിൽ ഞാൻ അസ്വസ്ഥനാണ്. അതുപോലെ ജാതികളിൽ നിന്നുള്ള ക്രിസ്ത്യാനികൾ “ബലവാന്മാർ” എന്നു പറഞ്ഞതിലും. 1 കൊരി. 8–10 വരെയുള്ള വാക്യങ്ങളുമായുള്ള ബന്ധം വേഗം വിട്ടുകളഞ്ഞു. ഏതായാലും പൗലൊസ് കൊരിന്തിൽനിന്നാണ് ഇതെഴുതുന്നത്. അവിടെ പൗലൊസിനെ ക്രിസ്ത്യാനി വിഗ്രഹാർപ്പിതം തിന്നാമോ എന്ന പ്രശ്നം നിരന്തരം ഓർമ്മയിൽ വരുത്തുന്ന സാഹചര്യം ഉണ്ട്.

പഴയനിയമത്തിലെ ഭക്ഷണനിയമങ്ങൾക്ക് പൂർണ്ണമായി സമർപ്പിക്കപ്പെട്ടവർ ജാതികളുടെ മാംസക്കടകളിൽ തിന്നാൻ അനുവദിക്കപ്പെട്ട മാംസത്തിനായി പോകുകയില്ല. അവർ അവരുടെ സ്വന്തം രീതിയിൽ മൃഗങ്ങളെ കൊന്നു മാംസം ഒരുക്കി ന്യായപ്രമാണവും പാരമ്പര്യവും അനുസരിച്ച മാംസം കഴിയ്ക്കും. അല്ലാതെ അവർ ജാതികളുടെ കടകളിൽ പോയി മാംസം വാങ്ങുകയില്ല. അതുകൊണ്ടുതന്നെ മാംസം തിന്നാത്തവർ ജാതികളിൽ നിന്നുള്ളവരാണെന്ന് ചിന്തിക്കാം. അവർക്ക് വിൽക്കാൻ വച്ചിരിയ്ക്കുന്ന മാംസം വിഗ്രഹങ്ങൾക്ക് അർപ്പിച്ചതാണെന്നറിയാം.

ഇങ്ങനെ ഒരു കൂട്ടം “ബലമുള്ളവരെന്നും” മറ്റൊരുകൂട്ടർ “ബലഹീനർ” എന്നും പറഞ്ഞു എന്നതിന് ഒരു തെളിവുമില്ല. യഹൂദ ക്രിസ്ത്യാനികൾ “ബലഹീനരായിരുന്ന” ഒരു വിഷയം പൗലൊസ് എടുത്തു എന്നേയുള്ളൂ. ദിവസങ്ങളെ മാനിയ്ക്കുന്നതിലും യഹൂദ ക്രിസ്ത്യാനികൾ “ബലഹീനരായിരുന്നു”. മാംസം തിന്നാതിരുന്നതിനാൽ ജാതീയ ക്രിസ്ത്യാനികൾ “ബലഹീനരായിരുന്നു” കാണാം. അങ്ങനെയുള്ള അവസ്ഥയിൽ ഞങ്ങൾ നിങ്ങളെക്കാൾ “ശക്തർ” എന്ന ഭാവവും ഉണ്ടായിരുന്നിരിക്കും. നാം നമ്മോടു തന്നെ സത്യസന്ധരാണെങ്കിൽ നാം ചില വിഷയങ്ങളിൽ “ശക്തരാണെങ്കിൽ” മറ്റു ചിലതിൽ “ബലഹീനരാണെന്ന്” സമ്മതിച്ചേ മതിയാകൂ.

റോമർ 14:1–15:13 വരെയുള്ള ഭാഗത്ത് പൗലൊസ് എങ്ങനെ ചിന്തിച്ചിരുന്നു എന്നതിനെപ്പറ്റി നമുക്ക് നിർബന്ധബുദ്ധി പാടില്ല. റിച്ചാർഡ് എ. ബാറ്റി പറയുന്നത് “ഭാഗ്യവശാൽ ഈ ഭാഗത്തുള്ള പൗലൊസിന്റെ ഉപദേശങ്ങൾ താൻ ഏതു ക്രിസ്ത്യാനികളെ ഉദ്ദേശിച്ചാണ് പറയുന്നതെന്നുള്ള കാര്യത്തിൽ സൂക്ഷ്മതയേറിയ നിർബന്ധമൊന്നും ആവശ്യമില്ല”[5] നാം ഓരോഭാഗവും ചർച്ച ചെയ്യു

മ്പോഴും ഞാൻ സാദ്ധ്യതകളെക്കുറിച്ചു പറയും എന്നാൽ സുനിശ്ചിതമല്ലാത്ത അഭിപ്രായങ്ങളെക്കുറിച്ച് നിഗമനങ്ങളിൽ എത്തേണ്ട കാര്യമില്ല.

വേറൊരു ചോദ്യമുന്നയിക്കപ്പെടുന്നു. ഇന്ന് നമുക്ക് എന്തെങ്കിലും പ്രായോഗികമായിട്ടുണ്ടോ? റോമർ 14, 15 ലെ പ്രശ്നം എന്തുതന്നെയായിരുന്നാലും പൗലൊസ് ഒന്നാം നൂറ്റാണ്ടിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയായിരുന്നു. ഇന്ന് നമുക്ക് അതൊന്നും അത്ര ബാധകമല്ലതാനും. ഇവിടെ നമുക്ക് ഒരു സന്ദേശം ലഭിയ്ക്കുവാൻ ഉണ്ടോ? എല്ലാ കാലത്തിനും വേണ്ടതായ ഒരു ദൂത് ഇല്ലായിരുന്നെങ്കിൽ പരിശുദ്ധാത്മാവ് അത് സൂക്ഷിച്ചുവയ്ക്കുകയില്ലായിരുന്നു. 21-ാം നൂറ്റാണ്ടിലേക്കുള്ള ദൂത് എന്താണ്?

അനേക വർഷങ്ങളായി, ഒരു വലിയ വിതരണ പരിധിയ്ക്കുള്ളിലെ വിശ്വാസങ്ങളെയും പ്രവർത്തനങ്ങളെയും നീതീകരിക്കുവാൻ റോമർ 14-ാം അദ്ധ്യായം ഉപയോഗിച്ചു വരുന്നു. ചിലർ അഭിപ്രായപ്പെട്ടിട്ടുള്ളത് (റോമർ 14:1) ഒരാളുടെ വിശ്വാസവും ആചാരങ്ങളും എന്തുതന്നെ ആയിരുന്നാലും അവൻ യേശുക്രിസ്തുവിൽ വിശ്വസിയ്ക്കുന്നവനാണെങ്കിൽ നാം അവനെ കൈക്കൊള്ളണം എന്നാണ്. പലപ്പോഴും ചോദ്യം ചെയ്യപ്പെടുന്ന ധാർമ്മിക നിലപാടുകളെപ്പോലും നീതീകരിയ്ക്കുവാൻ ഈ ഭാഗം ഉപയോഗിക്കപ്പെടുന്നു. കഴിഞ്ഞ കാലങ്ങളിൽ KJV യിലെ 21-ാം വാക്യം (ഇടർച്ചവരുത്തുന്ന) ഇങ്ങനെ ഉപയോഗിയ്ക്കപ്പെട്ടിരുന്നു. ''നീ ചെയ്യുന്ന പ്രവൃത്തി എനിയ്ക്കിഷ്ടപ്പെടുന്നില്ല. അതെനിയ്ക്ക് *ഇടർച്ചയാണ്.* പൗലൊസ് പഠിപ്പിക്കുന്നതിനനുസരിച്ച് നീ അത് നിർത്തണം.'' നാം ഈ ഭാഗം തുടർന്നു പഠിക്കുമ്പോൾ ഇങ്ങനെയുള്ള ചില പ്രായോഗിക കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യാം.

പ്രായോഗികതയെ ശ്രദ്ധിയ്ക്കുമ്പോൾ *വ്യത്യസ്തമായ അഭിപ്രായങ്ങളെ* എങ്ങനെ കൈകാര്യം ചെയ്യണമെന്ന് ഈ ഭാഗം പഠിപ്പിയ്ക്കുന്നു. NASB യിൽ 14-ാം അദ്ധ്യായത്തിന്റെ ആരംഭത്തിൽ തന്നെ സൂചിപ്പിക്കുന്നുണ്ട്. ''വിശ്വാസത്തിൽ ബലഹീനനായവനെ കൈക്കൊള്ളണം. എന്നാൽ അവന്റെ അഭിപ്രായത്തെ വിധിയ്ക്കുക എന്ന ഉദ്ദേശത്തോടുകൂടെ അരുത്'' (14:1).[6] ''അവന്റെ അഭിപ്രായത്തെ'' എന്നുള്ളത് തർജ്ജമ ചെയ്തിരിക്കുന്നത് ''നിസാര കാര്യങ്ങളെക്കുറിച്ച് ആകുലപ്പെടുക''[7] എന്നർത്ഥം വരുന്ന വാക്കിൽ നിന്നാണ്. പല എഴുത്തുകാരും അനേകം വാക്കുകളും വാക്യാംശങ്ങളും ഉപയോഗിക്കുന്നു. ഈ ഭാഗം വിവിധ അഭിപ്രായങ്ങളെ കുറിയ്ക്കുന്നു എന്നു കാണിക്കേണ്ടതിന് (സാന്ദർഭികമായവ, അപ്രധാനവിഷയങ്ങൾ, രണ്ടാം തരത്തിലുള്ള കാര്യങ്ങൾ, നിസാരകാര്യങ്ങൾ, അലക്ഷ്യമായ കാര്യങ്ങൾ) എന്നിവ ഉൾക്കൊള്ളുന്നു.

പുതിയ നിയമ ക്രിസ്ത്യാനിത്വത്തെ പുനരുദ്ധരിക്കണമെന്ന ആഗ്രഹത്തിനായി സമർപ്പിയ്ക്കപ്പെട്ടവർ എപ്പോഴും വിശ്വാസ വിഷയങ്ങളും (തിരുവെഴുത്തുകളിൽ വ്യക്തമായി കാണിച്ചിട്ടുള്ളവ) വെറും അഭിപ്രായങ്ങളും (തിരുവെഴുത്തിൽ വ്യക്തമായി കാണിക്കാത്തവ) തമ്മിൽ നല്ല വ്യത്യാസം കാണിയ്ക്കുന്നു. കഴിഞ്ഞ കാലത്ത് കേട്ടിട്ടുള്ള ഒരു മുദ്രാവാക്യം ഇങ്ങനെയായിരുന്നു.[8] വിശ്വാസകാര്യങ്ങളിൽ ഐക്യം. വെറും അഭിപ്രായങ്ങളിൽ സ്വതന്ത്ര്യം. എല്ലാ കാര്യങ്ങളിലും സ്നേഹം. റോമാലേഖനത്തിൽ പൗലൊസ് 16:17-ൽ ഇങ്ങനെ വിശദീകരിക്കുന്നു. നാം *വിശ്വാസ* വിഷയങ്ങളിലുള്ള അനൈക്യത്തോടെ എങ്ങനെ വർത്തിയ്ക്കണം. നമ്മുടെ ഇപ്പോൾ ചിന്തിക്കുന്ന പാഠം വിവിധ *അഭിപ്രായങ്ങളോട്* നാം എങ്ങനെ നിലപാട് എടുക്കണം എന്നുള്ളതാണ്.

റോമർ 14:1-15:13 വരെയുള്ള ഭാഗത്തിന്റെ പ്രായോഗികത, അഭിപ്രായ

വ്യത്യാസങ്ങളുടെ നിലപാടിൽ കണക്കാക്കേണ്ടതാണ് എന്ന കാര്യത്തിൽ മിക്കവാറും എല്ലാ വ്യാഖ്യാതാക്കളും യോജിക്കുന്നു. ഡോ. ഡഗ്ലസ് ജെ. മൂ ഇങ്ങനെ പറയുന്നു. പൗലൊസ് ആവശ്യപ്പെടുന്നവ വകവച്ചുകൊടുക്കൽ എല്ലാ വിഷയങ്ങൾക്കും അനുവദിക്കുവാൻ സാധിയ്ക്കയില്ല. 14:1–15:13 വരെയുള്ള ഭാഗത്തിലെ പ്രശ്നങ്ങൾ പോലെയുള്ള പ്രശ്നങ്ങൾക്ക് വിട്ടുവീഴ്ച്ച നല്കുന്നത് സൂക്ഷ്മതയോടുകൂടി വേണ്ടതാണ്.[9] അതേസമയം അധികം എഴുത്തുകാർക്കും അവരുടെ ധാർമ്മികവും ഉപദേശപരവുമായ പ്രശ്നങ്ങളുടെ പട്ടിക അഭിപ്രായ സ്വാതന്ത്ര്യത്തിന് വിട്ടുകൊടുക്കുവാൻ സാധിയ്ക്കുകയില്ല. അവരുടെ പട്ടികയിൽ മുങ്ങൽ സ്നാനമെന്നതോ വേറെ ധാർമ്മികമായതിനാൽ ചൂതുകളിയോ എന്നുള്ളവയാണ്.

റോമർ 14 പ്രായോഗികമാക്കുമ്പോൾ വ്യക്തികൾക്ക് തങ്ങൾ *തെളിയിക്കുവാനാഗ്രഹിക്കുന്ന* കാര്യം *അംഗീകരിക്കുന്ന* ഒരു പ്രവണതയുണ്ട്. അതായത് ഏതെങ്കിലും ഒരു പ്രശ്നം അഭിപ്രായവ്യത്യാസങ്ങൾക്കുള്ളതാണെന്ന് അംഗീകരിച്ചിട്ട് റോമർ 14 നെ അതിനു നേരെ പ്രയോഗിക്കുന്നു. റോമർ 14 ലെ തത്വങ്ങൾ അംഗീകരിക്കുന്നതിനു മുൻപുതന്നെ വിഷയം അഭിപ്രായത്തിന്റെ വിഷയമെന്നത് നിശ്ചയിച്ചിരിക്കണം. അത് അത്ര പ്രയാസം കുറഞ്ഞ കാര്യമല്ല. ചില - ക്രിസ്ത്യാനികൾക്കു പല - പ്രശ്നങ്ങളും വിശ്വാസ സംബന്ധമായതുതന്നെയാണ്. വേറെ ചിലർക്ക് അവ അഭിപ്രായങ്ങൾക്ക് വിട്ടുകൊടുക്കേണ്ടതും ആണ്.

അതുകൊണ്ട് റോമർ 14:1–15:13 വരെയുള്ള ഭാഗങ്ങൾക്ക് നമ്മോടു ഒന്നും തന്നെ പറയുവാനില്ലെന്നാണോ? ഒരിക്കലുമല്ല. സഭയിൽ നാം *ചിലപ്പോൾ* വിശ്വാസ വിഷയങ്ങളെക്കുറിച്ച് യോജിക്കാതെ വരുന്നുണ്ട്. എന്നാൽ മിക്കപേരും യോജിക്കുന്ന (വിഷമിച്ച്) അഭിപ്രായ വിഷയങ്ങളും ഉണ്ട്. എന്റെ ആയുസ്സിൽ ഒരു കൈനിറയെ പ്രശ്നങ്ങൾ സഭകളെ പിരിയ്ക്കുന്നതായി കണ്ടിട്ടുണ്ട്. അതെ സമയം സഭകളുടെ ഐക്യം നൂറു പ്രാവശ്യം അഭിപ്രായ വിഷയങ്ങളെച്ചൊല്ലി നശിക്കുന്നതും കണ്ടിട്ടുണ്ട്.

ഇത്രയും പറഞ്ഞതിൽ നിന്ന് നമുക്ക് ഈ ഭാഗത്തുനിന്നും ചില *പൊതു തത്വങ്ങൾ* നാം എപ്പോഴെങ്കിലും ഒരു സഹോദരനുമായി ചേരാൻ പ്രയാസമാകുമ്പോൾ നമ്മെ നയിക്കാനുള്ള ചില നിർദ്ദേശങ്ങൾ ലഭിയ്ക്കുവാനിടയാകും. അത് വിശ്വാസ സംബന്ധമായാലും അഭിപ്രായസംബന്ധമായാലും സന്ദർഭം *എന്തായാലും* നാം വേറൊരു സഹോദരനുമായി യോജിക്കാതെ വരുമ്പോൾ നമുക്ക് പ്രയോജനപ്പെടുന്ന ചില തത്വങ്ങളുണ്ട്. അത് സഭകൾക്ക് പ്രയോജനമാകുകയില്ലായിരിക്കാം. അവയ്ക്ക് വിവാഹങ്ങളെയും കുടുംബങ്ങളെയും സമൂഹങ്ങളെയും സഹായിക്കുവാൻ കഴിയും.

റോമർ 14:1–15:13 വരെയുള്ള ഭാഗത്തിന്റെ വിഷയം ‘‘തമ്മിൽ തമ്മിൽ അംഗീകരിക്കുക’’ അഥവാ ‘‘*കൈക്കൊള്ളുക*’’ എന്നതാണ്. ‘‘ഇപ്പോൾ വിശ്വാസത്തിൽ ബലഹീനനായവനെ *കൈക്കൊള്ളുക*’’ (14:1). പിന്നീട് ഈ ഭാഗത്തിന്റെ ഒടുവിലായി ക്രിസ്തു നമ്മെ തന്റെ മഹത്വത്തിനായി കൈക്കൊണ്ടതുപോലെ നാമും തമ്മിൽ തമ്മിൽ *കൈക്കൊള്ളുവിൻ* (15:7 ലാുവമശെ മററലറ). ഈ വാക്യം പിന്നീട് അംഗീകരണത്തെക്കുറിച്ചുള്ള നാലു പ്രധാന തലക്കെട്ടുകളിൽ ചർച്ച ചെയ്യുന്നതാണ് സ്വാതന്ത്ര്യത്തിൽ (14:1–12), സ്നേഹത്തിൽ (14:13–18), സമാധാനത്തിൽ (14:19–23),ഐക്യത്തിൽ (15:1–13).

## സ്വാതന്ത്ര്യത്തിൽ അന്യോന്യം അംഗീകരിക്കുന്നത് (14:1-12)

### ഭക്ഷണ കാര്യങ്ങളെ സംബന്ധിച്ച് (14:1-4)

**[1]സംശയ വിചാരങ്ങളെ വിധിക്കാതെ വിശ്വാസത്തിൽ ബലഹീനനായ വനെ ചേർത്തുകൊൾവിൻ. [2]ഒരുവൻ എല്ലാം തിന്നാമെന്ന് വിശ്വസിക്കുന്നു. ബലഹീനനോ സസ്യാദികളെ തിന്നുന്നു. [3]തിന്നുന്നവൻ തിന്നാത്തവനെ വിധിക്കരുത്. തിന്നാത്തവൻ തിന്നുന്നവനെ വിധിക്കരുത്. ദൈവം അവനെ കൈക്കൊണ്ടിരിക്കുന്നുവല്ലോ.[4] മറ്റൊരുത്തന്റെ ദാസനെ വിധിപ്പാൻ നീ ആർ? അവൻ നില്ക്കുന്നതോ വീഴുന്നതോ സ്വന്ത യജമാനനത്രെ. അവൻ നിൽക്കും താനും അവനെ നിൽക്കുമാറാക്കുവാൻ കർത്താവിനു കഴിയുമല്ലോ.**

**വാക്യം 1.** അഭിപ്രായ വ്യത്യാസത്തിന്റെ പേരിൽ നാം മറ്റൊരാളുമായി മന സ്സാക്ഷി പ്രകാരം യോജിക്കാതെ വരുമ്പോൾ നാം തമ്മിൽ തമ്മിൽ എങ്ങനെ പെരുമാറണം? പൗലൊസ് ആദ്യം ശക്തനായ സഹോദരനെ വെല്ലുവിളിക്കു ന്നു. **ഇപ്പോൾ ബലഹീന സഹോദരനെ കൈക്കൊള്ളുക.** ‘‘അംഗീകരിക്കുക’’ എന്നത് προσλαμβάνω (*proslambanō*) എന്ന ഗ്രീക്കുപദത്തിൽ നിന്നുമാണ്. അംഗീകരിക്കുന്ന ആളുടെ പ്രത്യേക താല്പര്യം അതിൽ കാണുന്നു. ഒരു *സ്വാഗതം* ചെയ്യൽ കാണുന്നു.[10] നിങ്ങളുടെ കൂട്ടായ്മയിലേക്ക് മനസ്സുകേടോ ടെയും പിറുപിറുപ്പോടെയുമല്ല സന്തോഷത്തോടെ കൈക്കൊള്ളുവിൻ. തുറന്ന മനസ്സോടെയും നീട്ടിയ കൈകളോടെയും സ്വീകരിക്കുക.

‘‘വിശ്വാസത്തിൽ ബലഹീനൻ’’ എന്നുള്ളതിന് പൗലൊസ് എന്തർത്ഥമാണ് കൊടുക്കുന്നത്? ഗ്രീക്കു ബൈബിളിൽ ‘‘വിശ്വാസം’’ എന്നതിനു മുൻപിൽ ഒരു definite article ‘‘the faith’’ എന്നുണ്ട്. അങ്ങനെയുള്ളപ്പോൾ യേശുക്രിസ്തുവിൽ കേന്ദ്രീകരിച്ച വിശ്വാസം എന്നാണ് പുതിയനിയമ അർത്ഥം. (ഉദാഹരണം, ഗല ാത്യർ 1:23 കാണുക). വിശ്വാസത്തിൽ ബലഹീനനായ സഹോദരൻ എന്നതിന് തിരുവചന ജ്ഞാനം കുറവുള്ള സഹോദരൻ എന്നോ ഒരു പുതിയ വിശ്വാസി എന്നോ അർത്ഥമാക്കാം. നിശ്ചയമായും വിശ്വാസത്തിൽ ബലഹീനനെന്ന് വിവരിക്കപ്പെട്ടിരിക്കുന്ന സഹോദരൻ പുതിയനിയമത്തിലെ ക്രിസ്തുവിലുള്ള സ്വാതന്ത്ര്യം മനസിലായിട്ടില്ല.

ഈ ഭാഗത്ത് പൗലൊസ് ഉപയോഗിക്കുന്ന വിശ്വാസം എന്ന വാക്ക് ഈ ലേഖനത്തിന്റെ ഇതരഭാഗങ്ങളിൽ ഉപയോഗിക്കുന്നതിൽ നിന്നും വിഭിന്നമാണ്. ഉദാഹരണമായി 14:22-ൽ ഇങ്ങനെ ഉപയോഗിച്ചിരിക്കുന്നു. ‘‘ദൈവസന്നിധി യിൽ നിനക്കുള്ള വിശ്വാസം നിനക്കു തന്നെ ഇരിക്കട്ടെ.’’ വേറെ വാക്കിൽ പറഞ്ഞാൽ നിന്റെ വിശ്വാസം സ്വന്തമായി വച്ചുകൊൾക. പൗലൊസ് ക്രിസ്ത്യാ നികളോട് അവരുടെ വിശ്വാസം അവർക്കു സ്വന്തമായി വെച്ചുകൊൾക എന്നു പറയാനിടയില്ലാത്തതുകൊണ്ട് ഈ സന്ദർഭത്തിൽ വിശ്വാസം എന്ന വാക്കിന് വേറൊരർത്ഥം ആണ് ഉള്ളതെന്നു ചിന്തിക്കാം. വിശ്വാസം എന്നത് πίστις (*pistis*) എന്നതിന്റെ തർജ്ജമയാണ്. അതിന്റെ മൂല അർത്ഥം ബോദ്ധ്യ മാക്കത്തക്കവണ്ണം സ്വാധീനിയ്ക്കപ്പെടുക എന്നാണ് (1:16, 17 ന്റെ വ്യാഖ്യാനം കാണുക). ഇതിൽ ആരാണ് സ്വാധീനിക്കപ്പെടുന്നതെന്ന് വ്യക്തമല്ല. അത് സന്ദർഭം അനുസരിച്ച് മനസ്സിലാക്കേണ്ടതാണ്. റോമർക്കെഴുതിയ ലേഖന ത്തിൽ വിശ്വാസം എന്നുപയോഗിച്ചിരിക്കുന്നത് യേശു ക്രിസ്തുവിലുള്ള

വിശ്വാസം എന്ന അർത്ഥത്തിലാണ്. എന്നാൽ റോമർ 14ൽ വിശ്വാസം എന്നതിന്റെ ഉപയോഗം പ്രാഥമികമായി *ശക്തിമത്തായതും വ്യക്തിപരമായതുമായ* മനോബോധം എന്ന അർത്ഥത്തിലാണ്. പ്രത്യേകിച്ച് അപ്പോൾ ചർച്ചയിലിരിക്കുന്ന വിഷയത്തെക്കുറിച്ച്.

ഈ ശക്തിമത്തായതും വ്യക്തിപരവുമായ മനോബോധം ദൈവവചനത്തിൽ അധിഷ്ഠിതമായിരിക്കാം. അല്ലെങ്കിൽ ദൈവവചനത്തെ സംബന്ധിച്ചുള്ള തെറ്റിദ്ധാരണയിൽ അധിഷ്ഠിതമാകാം. ഒരുപക്ഷേ ഒരു വ്യക്തി തന്റെ ജീവകാലമെല്ലാം വച്ചു പുലർത്തിയിരുന്ന ഒരു അറിവിൽ അടിസ്ഥാനപ്പെട്ടതാകാം. അല്ലെങ്കിൽ എവിടെയെങ്കിലും നിന്ന് ഒരാൾക്കു ലഭിക്കുന്ന അറിവിൽ നിന്നോ അറിവുകേടിൽ നിന്നോ ആകാം. എവിടെ നിന്നു ലഭിച്ചെന്നാലും ആ വിശ്വാസം വച്ചു പുലർത്തുന്നവൻ ആത്മാർത്ഥമായി വിശ്വസിക്കുന്നത് അത് സത്യമാണെന്നു തന്നെയാണ്.

ഈ ഭാഗത്ത് ''വിശ്വാസത്തിൽ *ബലഹീനൻ*'' എന്ന് പറയുമ്പോൾ ഒരു സഹോദരൻ ആത്മാർത്ഥമായി ഒരു കാര്യം വിശ്വസിക്കുന്നു. എന്നാൽ അവന്റെ ബോദ്ധ്യത്തിന് എന്തോ അല്പം തകരാറുണ്ട്. ''*ശക്തമായ* വിശ്വാസമുള്ള'' വൻതന്നെ ആയിരിക്കും ഈ വിഷയത്തിൽ *ശരിയായിട്ടുള്ള* വിശ്വാസം ഉള്ളവൻ.

വിശ്വാസത്തിൽ ബലഹീനനായവനെ കൈക്കൊള്ളുവാൻ പറഞ്ഞ ശേഷം പൗലൊസ് വ്യക്തമാക്കുന്നു. ''**തിന്നാത്തവൻ തിന്നുന്നവനെ വിധിക്കരുത്**'' എന്ന്. വേറെ വിധത്തിൽ പറഞ്ഞാൽ അവനെ നിന്റെ കൂട്ടായ്മയിലേയ്ക്കു കൊണ്ടുവന്നിട്ട് അവൻ എത്ര തെറ്റിയിരിക്കുന്നു എന്നു കാണിപ്പാൻ ആയിട്ട് പാടില്ല. JB പറയുന്നത് ''അവനെ സ്വാഗതം ചെയ്തുകൊണ്ടുവന്നിട്ട് ഒരു തർക്കം തുടങ്ങരുത്'' എന്നാണ്.

**വാക്യം 2.** അപ്പൊസ്തലൻ തുടരുന്നു. **ഒരാൾക്ക്** (ശക്തനായ സഹോദരൻ) **വിശ്വാസം ഉണ്ട്.** (ശക്തമായ മനോബോധം) **അവൻ എല്ലാം തിന്നാമെന്നു വിശ്വസിക്കുന്നു.** എന്നാൽ **ബലഹീനനോ സസ്യാദികളെ തിന്നുന്നു.** ചിലർ ആരോഗ്യകാരണത്താൽ മാംസഭക്ഷണം ഉപേക്ഷിക്കുന്നു. എന്നാൽ ഈ വാക്യം ആത്മീയ തടസ്സം ചർച്ച ചെയ്യുന്നു. ആരോഗ്യകരുതലല്ല. സസ്യഭുക്കുകൾ യഹൂദ ക്രിസ്ത്യാനികൾ ആയിരുന്നിരിക്കാം. അവരുടെ പ്രമാണപ്പെട്ട രീതിയിൽ ഉള്ള മാംസം ലഭിക്കാത്തതിനാൽ സസ്യം മതി എന്നു തീരുമാനിച്ചവർ അഥവാ വിഗ്രഹാർപ്പിതമായ മാംസം വേണ്ടെന്നുവച്ച ജാതീയ ക്രിസ്ത്യാനികളുമാകാം.

വിഗ്രഹത്തിനർപ്പിച്ച മാംസം എങ്ങനെയാണ് ചിന്തയിൽ വന്നത്? ഒരു വിഗ്രഹാരാധി ഒരു മൃഗത്തെ ക്ഷേത്രത്തിൽ വിഗ്രഹത്തിന് അർപ്പിക്കുവാൻ കൊണ്ടുവരുന്നു. ഒരു പുരോഹിതൻ അതിനെ അറുത്ത് വേണ്ട ഭാഗങ്ങൾ യാഗപീഠത്തിൽ ദഹിപ്പിക്കുന്നു. ബാക്കിയുള്ളതിന്റെ ഒരു ഭാഗം തനിക്കായി സൂക്ഷിക്കുന്നു. ബാക്കിഭാഗം നികുതിയായി ചന്തയിൽ കൊടുത്തയയ്ക്കുന്നു. ജാതികളിൽ നിന്നും ക്രിസ്തുവിശ്വാസത്തിലേക്കു വന്നവർക്ക് ആ മാംസം വാങ്ങിതിന്നുന്നത് പ്രയാസമാണ്. ചെറുപ്പം മുതൽ അവർ വിഗ്രഹത്തെ ആരാധിച്ചുവന്നവരാണ്. അവർക്ക് ആ വിഗ്രഹബന്ധം ഓർമ്മപ്പെടുത്തുന്നതാണ് (1 കൊരി. 8:7). സുരക്ഷിതരായിരിപ്പാൻ മാംസമേ വേണ്ട എന്ന് അവർ തീരുമാനിക്കുന്നു.

''ബലഹീന'' സഹോദരൻ ഒരു യഹൂദ ക്രിസ്ത്യാനിയാണെങ്കിൽ ''ശക്തന

ായ'' സഹോദരൻ എന്നത് ക്രിസ്ത്യാനിക്ക് ന്യായപ്രമാണം തടസ്സമല്ലെന്നും (7:4, 6) മാംസം അതിന്റെ ന്യായപ്രമാണ നിബന്ധനകൾ ഒന്നും കൂടാതെ തന്നെ തിന്നാമെന്നും മനസ്സിലാക്കുന്നവനാണ്. ''ബലഹീന'' സഹോദരൻ ഒരു ജാതീയ ക്രിസ്ത്യാനിയും വിഗ്രഹാർപ്പിതമായ മാംസത്തെക്കുറിച്ച് അതീവ സംശയമുള്ളവനുമാകയാൽ ''ശക്തനായ'' സഹോദരൻ വിഗ്രഹം ഏതുമില്ലെന്നും (1 കൊരി. 8:4 കാണുക). വിഗ്രഹത്തിനു മുൻപിൽ ഒരു മൃഗത്തെ അർപ്പിച്ചാൽ അതിന്റെ മാംസത്തിന് ഒരു മാറ്റവും വരുന്നില്ലെന്നും ചിന്തിക്കുന്നവനാണ്. അല്പം കഴിഞ്ഞ് പൗലൊസ് റോമർ 14-ൽ തന്നെ പറയുന്നു. ഒന്നും സ്വതവേ അശുദ്ധമല്ല എന്ന് (14:14, മർക്കൊ. 7:19 കാണുക). പൗലൊസ് തിമൊഥയൊസിന് എഴുതുന്ന ഒന്നാം ലേഖനത്തിൽ ''ദൈവം സൃഷ്ടിച്ച ഭക്ഷണം'' എന്നുപറയുന്നു. ''ദൈവം സൃഷ്ടിച്ച ഭക്ഷണം എല്ലാം നല്ലതാകുന്നു. നന്ദിയോടെ ഭക്ഷിയ്ക്കുന്നു എങ്കിൽ ഒന്നും വർജ്ജിക്കേണ്ടതില്ല'' (1 തിമൊ. 4:3, 4). മാംസം ഭക്ഷിക്കുന്നതിനെക്കുറിച്ച് ''ശക്തനായ'' സഹോദരൻ ഇതു മനസ്സിലാക്കി, ''ബലഹീന'' സഹോദരൻ അറിവു കുറഞ്ഞവനും സംഗതിയെക്കുറിച്ച് ഉൾക്കാഴ്ച്ച ഇല്ലാത്തവനുമാണ്. (1 കൊരി. 8:7 കാണുക).

''മനസാക്ഷി'' എന്നതിന്റെ (συνείδησις, *suneidēsis*) എന്ന ഗ്രീക്കുവാക്ക് റോമർ 14:1–15:13 വരെയുള്ള ഭാഗത്തു കാണുന്നില്ല. എന്നാൽ അതിന്റെ ആശയം അവിടെയുണ്ട്. NLT പറയുന്നത് ''ആരാണ് ബലഹീന'' സഹോദരൻ 14:2-ൽ ''ആർക്കാണ് ഒരു സജീവമായ മനസാക്ഷിയുള്ളത്?''[11] ''ബലഹീന'' സഹോദരന് മനസ്സാക്ഷി പ്രകാരം മാംസം തിന്നുവാൻ സാധിക്കുകയില്ല. എന്നാൽ ''ശക്തനായ'' സഹോദരന് തിന്നാൽ മനസാക്ഷിക്ക് പ്രയാസം ഉണ്ടാകുകയുമില്ല.

**വാക്യം 3.** പൗലൊസ് ആദ്യം ''ശക്തരായിട്ടുള്ള'' വരോട് സംസാരിച്ചു: **മാംസം തിന്നുന്ന ശക്തരായവർ തിന്നാത്ത ബലഹീനരെ നിന്ദ്യമായി കാണരുത്**. ധിക്കരിക്കരുത് എന്നുള്ളത് ഗ്രീക്കിൽ ശക്തമായ വാക്കാണ് ἐξουθενέω (*exoutheneō*). വളരെ അങ്ങേയറ്റം ''നിന്ദിയ്ക്കുക'', ''ധിക്കരിക്കുക'', ''മറ്റവനെ ഒന്നുമല്ലാത്തവനായി കാണുക''.[12] മുന്നറിവ് ''ബലഹീന'' സഹോദരനെ ധിക്കരിക്കുന്നവന് എതിരായിട്ടാണ്.

പൗലൊസ് പിന്നെ ''ബലഹീന'' സഹോദരന്റെ നേരേ തിരിയുന്നു: **മാംസം തിന്നാത്തവൻ തിന്നുന്നവനെ വിധിക്കരുത്**. വിധിക്കുന്നതിനെക്കുറിച്ച് ഈ അദ്ധ്യായത്തിൽ പലതും പറയുന്നുണ്ട് (14:1, 3, 4, 10, 13).[13] വിധിയ്ക്കുക എന്നത് κρίνω (*krinō*) യിൽ നിന്നാണ്.[14] അർത്ഥം ''തീരുമാനം എടുക്കുക'' എന്നാണ്. അഥവാ ''വിധി'' നിശ്ചയിക്കുക. κρίνω (*krinō*) എല്ലായ്പ്പോഴും നിഷേധാർത്ഥത്തിലല്ല ഉപയോഗിച്ചിരിക്കുന്നത്. ഉദാഹരണമായി 14:5-ൽ ''regards'' എന്നും 13-ാം വാക്യത്തിൽ ''determine'' എന്നും തർജ്ജമ ചെയ്യപ്പെട്ടിരിക്കുന്നു. റോമർ 16:17 ലുള്ള പൗലൊസിന്റെ അനുശാസനം തന്റെ വിവരണമനുസരിച്ചുള്ളവരെക്കുറിച്ച് ഒരു തീർപ്പു കല്പ്പിക്കാതെ അനുസരിക്കുവാൻ നമുക്കു സാദ്ധ്യമല്ല. എന്നാൽ κρίνω (*krinō*) പലപ്പോഴും നിഷേധാർത്ഥത്തിലാണ് ഉപയോഗിയ്ക്കാറുള്ളത്. അനുകൂലമല്ലാത്ത ഒരു ''വിധി'' പറയുമ്പോഴും വിമർശിക്കുമ്പോഴും കുറ്റം കണ്ടുപിടിയ്ക്കുമ്പോഴും ശിക്ഷ വിധിക്കുമ്പോഴും മറ്റുമാണ്. ഇവിടെ അതാണ് 14:3, യിൽ AB പറയുന്നത്, ''മാംസം ഭക്ഷിക്കാത്തവൻ തിന്നുന്നവനെ വിമർശിക്കുകയും ശിക്ഷ വിധിക്കയും അരുത്.'' (κρίνω [*krinō*] *എന്ന പദത്തെപ്പറ്റിയുള്ള പ്രത്യേക പഠനത്തിന്,* നോക്കുക പേജ്. 124–25).

ഒരാൾ തന്റെ സഹോദരനെ വിധിക്കുന്നതിൽ നിന്നും ഒഴിഞ്ഞിരിക്കണം. എന്തുകൊണ്ടെന്നാൽ **ദൈവം അവനെ കൈക്കൊണ്ടിരിക്കുന്നു**. ആ സഹോദരൻ ക്രിസ്ത്യാനി ആയപ്പോൾ അവനെ ദൈവം തന്റെ മകനായി സ്വീകരിച്ചു. *Proslambanō* എന്നാണ് "കൈക്കൊണ്ടിരിക്കുന്നു" എന്ന് തർജ്ജമ ചെയ്യപ്പെട്ട വാക്ക്, ഒന്നാം വാക്യത്തിലും അതേ വാക്ക് ഉപയോഗിച്ചിരിക്കുന്നു, ഈ ചിന്ത ദൈവം അവനെ കൈക്കൊണ്ടതിനാൽ നാമും കൈക്കൊള്ളേണം എന്നതിൽ അടങ്ങിയിട്ടുണ്ട്. ജിമ്മി അലൻ എഴുതിയിരിക്കുന്നത്. ക്രിസ്തു നമ്മെ സ്വാഗതം ചെയ്തു. നമ്മെ നാം ആയിരിക്കുന്നതുപോലെ കൈക്കൊണ്ടു.[15]

നമുക്കും അതേ ഭാവം തന്നെ തമ്മിൽ തമ്മിലും ഉണ്ടായിരിക്കണം. നമ്മുടെ കൂട്ടായ്മയിൽ അക്രൈസ്തവരെ ചേർക്കണമെന്നല്ല പൗലൊസ് ഉദ്ദേശിച്ചത്. പൗലൊസ് ഉദ്ദേശിച്ചത് ദൈവം കൈക്കൊണ്ടവരെ എന്നാണ് (14:3). ക്രൈസ്തവ സഹോദരന്മാർ (14:10) ദൈവത്തിന്റെ ദാസന്മാർ (14:4) കർത്താവിനുള്ളവർ (14:8).

**വാക്യം 4**. മറ്റുള്ളവന്റെ ദാസനെ വിധിപ്പാൻ നീ ആർ? എന്ന് പൗലൊസ് തന്റെ വായനക്കാരോട് ചോദിക്കുന്നു. "ദാസൻ" എന്നുള്ളത് സാധാരണ "ദാസൻ" എന്ന വാക്കിൽ നിന്നല്ല അത് വീട് എന്നർത്ഥം വരുന്നു (οἶκος, *oikos*) എന്ന പദത്തിൽ നിന്നാണ്.[16] (οἰκέτης, *oiketēs*) ഒരു വീട്ടുജോലിക്കാരൻ എന്ന അർത്ഥം തരുന്നു.

അപ്പൊസ്തലൻ തന്റെ ചോദ്യം താഴെപറയുന്ന പ്രസ്താവന അതിന്റെ പിൻപേ പറയുന്നു:, "**അവർ നിൽക്കുന്നതോ വീഴുന്നതോ സ്വന്ത യജമാനനത്രെ**". അതിന്റെ സന്ദേശം മനസ്സിലാക്കുവാൻ പ്രയാസമില്ല. നാം ദൈവത്തിന്റെ ദാസന്മാരാകുന്നു. ഒരു ദിവസം നാം ദൈവത്തിന് നമ്മുടെ ദാസത്വത്തിന്റെ കണക്ക് ഏല്പ്പിക്കേണ്ടിവരും (14:10–12). "ആരു നിൽക്കുന്നു, ആർ വീഴുന്നു" എന്നുള്ളത് ദൈവം തീരുമാനിയ്ക്കും. അതേസമയം അന്യോന്യം ശിക്ഷ വിധിക്കുവാൻ നമ്മെ ഭരമേല്പിച്ചിട്ടുമില്ല.[17] റോമർ 12:19 പറയുന്നത്, മറ്റൊരുവനോട് പകരം വീട്ടുവാൻ പാടില്ല. എന്തുകൊണ്ടെന്നാൽ അത് ദൈവത്തിന്റെ ചുമതലയാണ്.

ഈ വാക്യം പറയുന്നത്, നാം പകരം ചെയ്യുവാൻ ശ്രമിയ്ക്കരുത്. അത് ദൈവത്തിന്റെ വേലയാണ്. പൗലൊസ് ഒരു ഉറപ്പിന്റെ വാക്കും പറയുന്നുണ്ട്. അവൻ നില്ക്കുന്നതോ വീഴുന്നതോ സ്വന്തയജമാനനത്രെ എന്നു പറഞ്ഞ ശേഷം **അവനെ നില്ക്കുമാറാക്കുവാൻ ദൈവത്തിനു കഴിയുമല്ലോ** എന്ന് ചേർത്തു പറയുന്നു. ഈ ദാസൻ ഉത്സാഹമായി സേവ ചെയ്യുന്നവനാണെന്ന് ഈ പ്രസ്താവന സ്ഥിരീകരിയ്ക്കുന്നു. പൗലൊസ് ഉള്ളിൽ ഉറച്ചിരിക്കുന്നത്, മറ്റു സഹോദരന്മാർ തന്നെ ചെറുതാക്കി ചിന്തിച്ചാലും അവർ അംഗീകരിച്ചില്ലെങ്കിലും ദൈവം തന്നെ സ്വാഗതം ചെയ്യുകയും അംഗീകരിക്കുകയും ചെയ്യും എന്നാണ്.

## പ്രത്യേക ദിവസങ്ങൾ ആചരിക്കുന്നതിനെക്കുറിച്ച് (14:5-9)

**[5]ഒരുവൻ ഒരു ദിവസത്തേക്കാൾ മറ്റൊരു ദിവസത്തെ മാനിക്കുന്നു, വേറൊരുവൻ സകല ദിവസങ്ങളെയും മാനിക്കുന്നു. ഓരോരുത്തൻ താന്താന്റെ മനസ്സിൽ ഉറച്ചിരിക്കട്ടെ. [6]ദിവസത്തെ ആദരിക്കുന്നവൻ കർത്താവിനായി ആദരിക്കുന്നു. തിന്നുന്നവൻ കർത്താവിനായി തിന്നുന്നു. അവൻ ദൈവത്തെ**

**സ്തുതിക്കുന്നുവല്ലോ. തിന്നാത്തവൻ കർത്താവിനായി തിന്നാതിരിക്കുന്നു.
അവനും ദൈവത്തെ സ്തുതിക്കുന്നു. [7]\മ്മിൽ ആരും തനിക്കായി തന്നെ
ജീവിക്കുന്നില്ല. ആരും തനിക്കായി തന്നെ മരിക്കുന്നതുമില്ല. [8]ജീവിക്കുന്നു
എങ്കിൽ നാം കർത്താവിനായി ജീവിക്കുന്നു. മരിക്കുന്നു എങ്കിൽ കർത്താവിന
ായി മരിക്കുന്നു. അതുകൊണ്ട് ജീവിക്കുന്നു എങ്കിലും മരിക്കുന്നു എങ്കിലും
നാം കർത്താവിനുള്ളവർ തന്നെ. [9]മരിച്ചവർക്കും ജീവിച്ചിരിക്കുന്നവർക്കും
കർത്താവാകേണ്ടതിനല്ലോ ക്രിസ്തു മരിക്കയും ഉയിർക്കുകയും ചെയ്തത്.**

**വാക്യം 5.** രണ്ടും മൂന്നും വാക്യങ്ങളിൽ മാംസം തിന്നുകയോ തിന്നാതിരിക്കുകയോ ചെയ്യുന്നതിനെക്കുറിച്ചുള്ള വിഷയം അവതരിപ്പിച്ചു. 5–ാം വാക്യത്തിൽ അഭിപ്രായവ്യത്യാസമുള്ള വേറൊരു വിഷയം അവതരിപ്പിക്കുന്നു. ഇങ്ങനെ തുടങ്ങുന്നു, **ഒരുവൻ ഒരു ദിവസത്തേക്കാൾ മറ്റൊരു ദിവസത്തെ മാനിയ്ക്കുന്നു. വേറൊരുവൻ സകല ദിവസങ്ങളെയും മാനിക്കുന്നു.** മറ്റു ദിവസങ്ങളേക്കാൾ ഒരു ദിവസത്തെ മാനിയ്ക്കുന്നത് യഹൂദ ക്രിസ്ത്യാനികളാണെന്ന് ചിന്തിച്ചുവരുന്നു. കാരണം അവർ ശബ്ബത്തും മറ്റ് വിശുദ്ധദിവസങ്ങളും ആചരിച്ച് വളർന്നുവന്നവരാണ്. എന്നാൽ ജാതികൾക്കും ''പ്രത്യേക ദിവസങ്ങൾ'' ഉണ്ടായിരുന്നു. വിശദീകരണത്തിനും പ്രായോഗികതയ്ക്കും സഹായമായി ഒരു യഹൂദക്രിസ്ത്യാനിയെയും ശബ്ബത്തു ദിവസത്തെയും ഉപയോഗിക്കാം. എന്നാൽ ഓർത്തുകൊള്ളുക. ഇവരിൽ ആരാണ് പൗലൊസിന്റെ മനസ്സിൽ ഉണ്ടായിരുന്നതെന്ന് നിശ്ചയമില്ല.

നിങ്ങൾ ആയുഷ്കാലം മുഴുവൻ ശബ്ബത്ത് ആചരിച്ചു പോന്ന ഒരു വ്യക്തിയാണെന്ന് സങ്കല്പിക്കുക. നിങ്ങൾ മനസ്സാക്ഷിക്കനുസരണമായി യഹൂദ ന്യായപ്രമാണത്തിലെ ചെയ്യുക, ചെയ്യാതിരിക്കുക എന്ന ധാരാളമായ പ്രമാണങ്ങളെല്ലാം തന്നെ അനുഷ്ഠിച്ചു പോന്നിരുന്നു. മാത്രമല്ല 7–ാം ദിവസത്തെക്കുറിച്ച് പാരമ്പര്യങ്ങളും സമ്പ്രദായങ്ങളും ആചരിച്ചു പോന്ന ആളാണ്. എന്നാൽ നീ ഒരു ക്രിസ്ത്യാനിയായിത്തീർന്നു. ഇപ്പോൾ നിങ്ങൾ നിങ്ങളുടെ കൂട്ടായ്മക്കാരോട് ചേർന്ന് ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ ആരാധനയിൽ സംബന്ധിക്കുന്നു. എന്നാൽ അനേക ദശവർഷക്കാലം ശബ്ബത്താചരിച്ചു പോന്ന രീതി വിട്ടുകളയുന്നത് പ്രയാസമല്ലേ? 7–ാം ദിവസം രാവിലെ ഉണരുമ്പോൾ നിങ്ങൾക്ക് എന്താണ് തോന്നുന്നത്. മറ്റൊരുദിവസം പോലെ തോന്നുവാൻ കഴിയുമോ? ഒരു യഹൂദ ക്രിസ്ത്യാനിക്ക് ഒരു ദിവസം മറ്റു ദിവസങ്ങളേക്കാൾ ഉന്നതമെന്നു ചിന്തിക്കുന്നത് എങ്ങനെയെന്ന് മനസ്സിലായിക്കാണുമല്ലോ.

മറ്റു ചിലർ ''എല്ലാ ദിവസങ്ങളും ഒരു പോലെ'' യെന്ന് ചിന്തിക്കുന്നു. പഴയ നിയമവും അതിന്റെ ആചാരങ്ങളുമെല്ലാം നീങ്ങിപ്പോയി. ക്രൂശിൽ തറയ്ക്കപ്പെട്ടു (കൊലൊ. 2:14; എഫെ. 2:15 കാണുക). ശബ്ബത്ത് ആചരിയ്ക്കാത്തതിന് ആരെയും വിധിയ്ക്കുവാനും ശിക്ഷ വിധിയ്ക്കുവാനും ആവശ്യമില്ല (കൊലൊ. 2:16).

റോമർ 14ൽ പൗലൊസ് ഈ വിഷയത്തിൽ ഒരു നിലപാടു ''ശക്ത'' മെന്നും മറ്റെ നിലപാട് ''ബലഹീന'' മെന്നും തിരിക്കുന്നില്ല. ഗലാത്യർ 4:9–11, പൗലൊസ് ദിവസങ്ങൾ ആചരിക്കുന്നതിന് ചിലരെ ഉഗ്രമായി ശാസിക്കുന്നുണ്ട്. അതുകൊണ്ട് നമുക്ക് മനസ്സിലാക്കാവുന്നത് ദിവസങ്ങളെ ആചരിക്കാത്തവൻ ''ശക്തനും'' ആചരിക്കുന്നവൻ ''ബലഹീനനും'' ആണ് എന്ന് തന്നെ.

ഗലാത്യയിലുള്ള ക്രിസ്ത്യാനികളോട് ദിവസങ്ങൾ ആചരിക്കുന്നതി

നെക്കുറിച്ച് ശക്തമായി സംസാരിക്കുകയും റോമിലെ ക്രിസ്ത്യാനികളോട് ദിവസങ്ങൾ ആചരിക്കുന്നവരെ കൈക്കൊള്ളണമെന്നു പറയുകയും ചെയ്തതെന്താണെന്ന് ചിലർ അതിശയിച്ചേക്കാം. ഗലാത്യ ക്രിസ്ത്യാനികൾ മോശെയുടെ ന്യായപ്രമാണം അനുസരിക്കുന്നത് രക്ഷയ്ക്ക് മുന്നോടിയാണെന്ന് പഠിപ്പിക്കപ്പെട്ടവരായിരുന്നു. അതുപോലെ യഹൂദ വിശേഷദിവസങ്ങളും (ഗലാ. 5:1–4; പ്രവൃ. 15:1). പക്ഷേ റോമിലെ ക്രിസ്ത്യാനികളിൽ ചിലർ വ്യക്തിപരമായ ബോധത്താൽ ദിവസങ്ങൾ ആചരിച്ചുവന്നവരായിരിക്കാം. എന്നാൽ അത് മറ്റുള്ളവരെ അടിച്ചേല്പ്പിക്കാൻ ശ്രമിച്ചു കാണുകയുമില്ല.

"ശക്തരായ" സഹോദരന്മാരുടെ സ്ഥിതിയെക്കുറിച്ച് രണ്ടുവാക്കുകൾ പറയുന്നത് ആവശ്യമാണെന്നു കരുതുന്നു. NASB പറയുന്നത് അവർ "എല്ലാ ദിവസങ്ങളും" ഒരുപോലെയെന്ന് ചിന്തിച്ചു എന്നാണ്. അതു വായിച്ചാൽ അവർ എല്ലാ ദിവസവും *സാധാരണ* ദിവസങ്ങളായി കരുതിയിരുന്നു എന്നാണ്. ഒരു ദിവസത്തിനു പ്രത്യേകത ഇല്ലയെന്ന്, "ഒരുപോലെ" എന്ന വാക്കു വിട്ടുകളഞ്ഞാൽ (അത് തർജ്ജമക്കാർ ചേർത്തതാണ്) ശരിയായി ഗ്രഹിക്കുവാൻ സാധിച്ചേക്കും.[18] റോമർ 14:5 പറയുന്നത് *എല്ലാ ദിവസവും* വിശുദ്ധമായി കരുതി എന്നാണ്.[19]

ചിലർ പറഞ്ഞേക്കാം, "ആഴ്ച്ചവട്ടത്തിന്റെ ഒന്നാംനാൾ ക്രിസ്ത്യാനിയുടെ വിശുദ്ധ ദിവസമാണെന്ന് ഞാൻ വിചാരിച്ചല്ലോ" എന്ന്. ദൈവം ആഴ്ച്ചയുടെ ഒന്നാംനാൾ പ്രത്യേകം ആരാധനയ്ക്കായും[20] അപ്പം നുറുക്കുന്നതിനായും (പ്രവൃ. 20:7) കർത്താവിന്റെ അത്താഴത്തിൽ പങ്കുകൊള്ളുവാനായും വേർതിരിച്ചിരിക്കുന്നു എന്നത് വാസ്തവമാണ്.[21] എന്നാൽ ആഴ്ചയിലെ ഒരു ദിവസം മാത്രമെ "വിശുദ്ധ ദിവസ" മായി ഉള്ളൂ എന്ന് വിചാരിക്കരുത്. എല്ലാ ദിവസങ്ങളും വേർതിരിച്ചതും ശുദ്ധീകരിയ്ക്കപ്പെട്ടതും ആയിരിക്കണം. തിങ്കൾ മുതൽ ശനി വരെയുള്ള ദിവസങ്ങൾ ശുദ്ധിയുള്ളതല്ലെങ്കിൽ ഞായറാഴ്ച്ചയും ശുദ്ധിയുള്ളതല്ല.

ഇത് നമ്മെ അഭിപ്രായങ്ങൾക്കുള്ള വിഷയങ്ങളെക്കുറിച്ച് ഒരു സുപ്രധാന പ്രസ്താവനയിലേക്ക് എത്തിക്കുന്നു. **ഓരോരുത്തൻ താന്താന്റെ മനസ്സിൽ ഉറെച്ചിരിക്കട്ടെ** എന്നത്. അതിന്റെ അർത്ഥം "പൂർണ്ണമായി ബോദ്ധ്യമായിരിക്കട്ടെ" πληροφορέω (*plērophore*) എന്നാണ്. റോമർ 4:21ൽ അത് പൂർണ്ണമായി ഉറച്ചു എന്നാണ് തർജ്ജമ ചെയ്തിരിക്കുന്നത് 14:5ൽ ഗഖഢയിൽ പൂർണ്ണമായി ഉറച്ചിരിക്കട്ടെ എന്നാണ്. NIRV പറയുന്നത് "ഓരോ മനുഷ്യനും തന്റെ മനസ്സിൽ പൂർണ്ണ നിശ്ചയം ഉള്ളവനായിരിക്കട്ടെ" എന്നാണ്.

ഒരു പ്രത്യേക പ്രശ്നം അഭിപ്രായത്തിന്റെ നിലയിലാണെങ്കിൽ അതത്ര കാര്യമായി കണക്കാക്കേണ്ട എന്നാണ് ചിലർ കരുതുന്നത്. എന്നാൽ അതങ്ങനെയല്ല എന്ന് പൗലൊസ് ചൂണ്ടിക്കാണിക്കുന്നു. ഏത് പ്രശ്നമായാലും നാം അതിനെക്കുറിച്ച് ചിന്തിച്ച് പഠിച്ച് പ്രാർത്ഥിച്ച് നമ്മുടെ സ്വന്തം തീരുമാനം എടുക്കണം. ആ വിഷയത്തിൽ നമ്മെക്കുറിച്ചുള്ള ദൈവയിഷ്ടം എന്തെന്ന് "പൂർണ്ണമായ ബോദ്ധ്യം" ഉള്ളവരാകണം. അത് അഭിപ്രായ വസ്തുതയാണെങ്കിൽ അതിനെ മറ്റുള്ളവരുടെമേൽ അടിച്ചേൽപ്പിയ്ക്കുവാൻ ശ്രമിക്കരുത്. ദൈവമഹത്വത്തിനായി അർപ്പിക്കപ്പെട്ട ജീവിതം നയിക്കുവാൻ വ്യക്തിപരമായ ഉറച്ച ബോദ്ധ്യങ്ങൾ ഉണ്ടായിരിക്കേണ്ടത് ആവശ്യമാണ്.

**വാക്യം 6.** അതേ സമയം നമ്മോട് യോജിക്കാത്തവരും തങ്ങളുടെ മനസാക്ഷിപ്രകാരം ജീവിക്കുകയും ചെയ്യുന്നവരുടെ അഭിപ്രായവ്യത്യസ്ത

തയുള്ളവരെ വിധിയ്ക്കുകയോ ശിക്ഷിയ്ക്കുകയോ ചെയ്യരുത്. എന്തുകൊണ്ട്? 6-ാം വാക്യം ഒരു കാരണം തരുന്നു. നാം മറ്റൊരു സഹോദരനെ വിധിയ്ക്കരുത് എന്നുള്ളതിന് കാരണം *നാം ഇരുവരും ദൈവത്തെ മഹത്വപ്പെടുത്താൻ പരിശ്രമിക്കുന്നവരാണ്*. പൗലൊസ് പറയുന്നത് **ദിവസത്തെ ആചരിക്കുന്നവൻ ദൈവത്തിനായി ആചരിക്കുന്നു.** വേറെ വാക്കിൽ പറഞ്ഞാൽ അവൻ "ദൈവത്തിനു വേണ്ടി" ചെയ്യുന്നു. സ്വന്ത പ്രയോജനത്തിനല്ല JB പറയുന്നത് ദൈവത്തെ മാനിയ്ക്കുവാൻ ചെയ്യുന്നു എന്നാണ്. ദിവസാചരണക്കാരന്റെ ഉദ്ദേശം കർത്താവിന്റെ മഹത്വമാണ്. എപ്പോഴും ആ ഉദ്ദേശം ആയിരിക്കണമെന്നില്ല. എന്നാൽ സ്നേഹം എപ്പോഴും നന്മമാത്രം ഉദ്ദേശിക്കുന്നു.[22]

ഗ്രീക്കു പാഠത്തിൽ ദിവസം ആചരിയ്ക്കാത്തവനെക്കുറിച്ച് എഴുതിയിട്ടില്ല. പൗലൊസ് ഭക്ഷണ വിഷയങ്ങളിലേക്ക് നീങ്ങുന്നു. ദിവസങ്ങൾ ആചരിക്കാത്തവനും "കർത്താവിനായി അങ്ങനെ ചെയ്യുന്നു" എന്നു പറയുന്നു.[23]

6-ാം വാക്യത്തിന്റെ അവസാനഭാഗത്ത് അദ്ധ്യായത്തിന്റെ ആദ്യ ഭാഗത്ത് അവതരിപ്പിച്ച ഉദാഹരണത്തിലേക്കു മടങ്ങുന്നു. ഈ ഉദാഹരണം തന്റെ ചർച്ചയുടെ ബാക്കി ഭാഗങ്ങളിലേക്ക് ഉപയോഗിക്കുവാനായി തുടരുന്നു (14:15, 17, 20, 21, 23): **തിന്നുന്നവൻ (മാംസം) ദൈവത്തിനായി തിന്നുന്നു. (ദൈവത്തിന്റെ മഹത്വത്തിന്) അവൻ ദൈവത്തെ സ്തുതിക്കുന്നു. തിന്നാത്തവൻ (മാംസം)**[24] **ദൈവത്തിനായി തിന്നാതിരിക്കുന്നു. അവനും ദൈവത്തെ സ്തുതിക്കുന്നു.** വേറെ വാക്കുകളിൽ പറഞ്ഞാൽ ഒരു സഹോദരൻ ഒരു മാംസഭക്ഷണം അത്താഴത്തിന് കഴിച്ചാൽ മറ്റവൻ സസ്യഭക്ഷണം മാത്രം കഴിക്കുന്നു. രണ്ടുപേരും ദൈവത്തെ സ്തുതിക്കുന്നു. രണ്ടുപേരും ദൈവത്തെ മഹത്വപ്പെടുത്തുന്നു. രണ്ടുപേരും ദൈവത്തിന്റെ മഹത്വത്തിനായി പരിശ്രമിക്കുന്നു.

6-ാം വാക്യത്തിലെ താക്കോൽ വാക്ക് "കർത്താവ്" എന്നുള്ളതാണ്. ഈ വാക്ക് വാക്യത്തിൽ മൂന്നു പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. നമ്മുടെ വീക്ഷണം കർത്താവിന്മേൽ ആയിരിക്കണം. നമ്മുടെ അഭിപ്രായങ്ങളിന്മേലല്ല, എന്തു തിന്നാം എന്തു തിന്നാതിരിയ്ക്കാം എന്നുള്ള അഭിപ്രായ വ്യത്യാസങ്ങളിന്മേലുമല്ല കർത്താവിനെ മാനിയ്ക്കുന്നതും മഹത്വപ്പെടുത്തുന്നതും പ്രസാദിപ്പിക്കുന്നതും ഏറ്റവും പ്രധാനപ്പെട്ടതാണ്.

**വാക്യം 7, 8.** അന്യോന്യം വിധിക്കാതെയിരിക്കുന്നതിനുള്ള മറ്റൊരു കാരണം *നാമെല്ലാം കർത്താവിനുള്ളവരായതാണ്.*

7-ാം വാക്യം പലർക്കും നിശ്ചയമുള്ളതാണ്: **നമ്മിൽ ആരും തനിക്കായി തന്നെ ജീവിക്കുന്നില്ല, തനിക്കായി തന്നെ മരിക്കുന്നതുമില്ല.** KJV യിൽ നമ്മിൽ ആരും തനിക്കായി ജീവിക്കുന്നില്ല. ആരും തനിക്കായി മരിക്കുന്നുമില്ല. നമുക്ക് മനുഷ്യകുലത്തിൽ നിന്നും ഒറ്റപ്പെടുവാൻ സാധിയ്ക്കയില്ല. ഗുണത്തിനായാലും ദോഷത്തിനായാലും നാം മറ്റുള്ളവരെ സ്വാധീനിയ്ക്കുകയും ചെയ്യുന്നു. അതൊരു സത്യമായ പ്രസ്താവനയാണ്. പക്ഷേ അതല്ല പൗലൊസ് പങ്കിടുവാൻ ആഗ്രഹിച്ചത്.[25] പൗലൊസിന്റെ ചിത്തം ഇങ്ങനെയായിരുന്നിരിക്കണം. ജീവനിലോ മരണത്തിലോ നമുക്ക് ഈ വസ്തുത ഒഴിവാക്കാൻ സാധിയ്ക്കയില്ല. അത് നാം ചെയ്യുന്നതും നാം ആയിരിക്കുന്നതും നാം ദൈവത്തിനു മുൻപാകെ ചെയ്യുകയും ആയിരിക്കുകയും ചെയ്യുന്നു എന്നുള്ള വസ്തുതയാണ്.[26]

7-ാം വാക്യം വീണ്ടും ശ്രദ്ധിയ്ക്കുക അത് എട്ടാം വാക്യവുമായി എങ്ങനെ ബന്ധിച്ചിരിക്കുന്നു.[27] "**നമ്മിൽ ആരും തനിക്കായി തന്നെ**[28] **ജീവിക്കുന്നില്ല. തനിക്കായിതന്നെ മരിക്കുന്നുമില്ല. ജീവിക്കുന്നു എങ്കിൽ നാം കർത്താവിന**

**ായി ജീവിക്കുന്നു. മരിക്കുന്നു എങ്കിൽ നാം കർത്താവിനായി മരിക്കുന്നു. അതുകൊണ് നാം ജീവിച്ചാലും മരിച്ചാലും കർത്താവിനുള്ളവർ ആകുന്നു.''** AB അത് കുറെക്കൂടെ വസ്തൃതമാക്കിയിരിക്കുന്നു. 7-ാം വാക്യം നാം ആരും നമുക്കായി ജീവിക്കുന്നില്ല. (എന്നാൽ കർത്താവിനായി ജീവിക്കുന്നു.) നാം ആരും നമുക്കായി മരിക്കുന്നില്ല, (കർത്താവിനായി മാത്രം) ''നാം'' എന്നത് ക്രിസ്ത്യാനിയാണ്. 7, 8 വാക്യങ്ങളിൽ പൗലൊസ് എഴുതുന്നതിന്റെ അർത്ഥം ക്രിസ്ത്യാനി അവന്റെ വകയല്ല. ''കർത്താവിന്റെ വകയാണ്'' എന്നത്രെ.

*ജീവനും മരണവുമെന്ന്* പൗലൊസ് ഉപയോഗിച്ചതിന്റെ ഉദ്ദേശം ഒരു വ്യക്തിയുടെ ജീവിതത്തിലെ എല്ലാറ്റിനെയും ഉൾപ്പെടുത്തുന്നു എന്ന അർത്ഥത്തിലായിരിക്കാം. ഫിലിപ്സ് 8-ാം വാക്യത്തെ ഇങ്ങനെ വിവരിച്ചു. ''ജീവിതത്തിലെ എല്ലാ അവസ്ഥയിലും ജീവിതം നമ്മെ ദൈവവുമായി ബന്ധിപ്പിക്കുന്നു. നാം മരിക്കുമ്പോൾ അവനെ മുഖാമുഖം കാണും ജീവിതത്തിലായാലും മരണത്തിലായാലും നാം ദൈവത്തിന്റെ കരങ്ങളിലാണ്.''

**വാക്യം 9**. പൗലൊസ് തന്റെ ജീവന്മരണ സങ്കല്പങ്ങൾ തുടർന്നു പറയുന്നു: **മരിച്ചവർക്കും ജീവിച്ചിരിക്കുന്നവർക്കും കർത്താവാകേണതിനല്ലോ അവൻ മരിക്കയും ഉയിർത്തെഴുന്നേൽക്കുകയും ചെയ്തത്**. MSG പറയുന്നതിങ്ങനെ, ''അതുകൊണ്ടാണ് അവൻ ജീവിച്ചതും മരിച്ചതും പിന്നീട് വീണ്ടും ജീവിയ്ക്കുന്നതും. അവൻ നമുക്കു യജമാനനാകേണ്ടതിന് നമ്മുടെ ജീവകാലവും മരണകാലവും അവൻ നമ്മുടെ യജമാനനായിരിക്കേണ്ടതിനു തന്നെ.''

വാക്യങ്ങൾ 6ലും 7 ലും 9-ൽ വരെയും യേശു ''കർത്താവാ'' ണെന്ന് ഉറപ്പിച്ചു പറഞ്ഞിരിക്കുന്നു. ഈ വാക്യങ്ങളിൽ നിന്നും വളരെ കാര്യങ്ങൾ പ്രായോഗികമായി എടുക്കുവാൻ കഴിയും. നാം കർത്താവിന്റെ വകയായിരിക്കുന്നതുകൊണ്ട് നമ്മെ തന്നെ പ്രസാദിപ്പിക്കുന്നവരാകരുത്. ക്രിസ്തുവിനെ പ്രസാദിപ്പിക്കണം നാം ജീവിച്ചാലും മരിച്ചാലും നമ്മുടെ ചിന്ത അവനവന്മേൽ കേന്ദ്രീകരിച്ചിരിക്കണം (ഫിലിപ്പി 1:21-23). പിന്നെയും പൗലൊസ് പറയുന്നത് നാം മറ്റൊരു സഹോദരനെ എന്തുകൊണ്ട് വിധിക്കരുത്? JB 7, 8, 9 വാക്യങ്ങളെ ബന്ധിപ്പിച്ച് താഴെ പറയുന്ന ഉഗ്രശാസനം തരുന്നു. ''നിങ്ങൾ ഒരിയ്ക്കലും മറ്റൊരു സഹോദരനെ വിധിയ്ക്കരുത്. അവനെതിരായി ശിക്ഷാവിധി നടത്തരുത്'' (14:10; ഋാുവമശെ മററലഹ).

ക്രിസ്ത്യാനി കർത്താവിന്റെ വകയാണെന്നുള്ളതിൽ നിന്നും പല ചോദ്യങ്ങൾ ഉയരണം. ''ആ സഹോദരനെ കർത്താവ് തന്റെ സ്വന്തമാക്കി കൈക്കൊണ്ടിരിക്കയാൽ നാം എന്തിനാണ് അവനെ വിധിക്കുന്നത്? നാമും അവനെ കൈക്കൊള്ളരുതോ?''

### എല്ലാവരുടെയും ന്യായാധിപതിയായ ദൈവം (14:10-12)

**10എന്നാൽ നീ സഹോദരനെ വിധിക്കുന്നതെന്ത്? നാം എല്ലാവരും ദൈവത്തിന്റെ ന്യായാസനത്തിനു മുമ്പാകെ നില്ക്കേണിവരും. എന്നാണ് എന്റെ മുമ്പിൽ എല്ലാ മുഴങ്കാലും മടങ്ങും.**

**11എല്ലാ നാവും ദൈവത്തെ സ്തുതിക്കും**
**എന്ന് കർത്താവ് അരുളിച്ചെയ്യുന്നു എന്ന്**
**എഴുതിയിരിക്കുന്നുവല്ലോ.**
**12നമ്മിൽ ഓരോരുത്തൻ**

**ദൈവത്തോടു കണക്കു ബോധിപ്പിക്കേണ്ടി വരും.**

ഈ വാക്യങ്ങൾ ഒരു ഏകകമാണ്. ഒരു പ്രധാന ചിന്തയാണതിലുള്ളത്: ''നാം എല്ലാവരും ദൈവത്തിന്റെ ന്യായാസനത്തിന് മുൻപാകെ നിൽക്കേണ്ടി വരും''

**വാക്യം 10.** പത്താം വാക്യത്തിന്റെ ആദ്യ ഭാഗം ഈ ചിന്തയിലേക്ക് നമ്മെ നയിക്കുന്നു. അവിടെ എഴുതിയിരിക്കുന്ന വാദം *നാം ഒരിക്കലും സഹോദരനെ വിധിക്കരുത്* എന്നതാണ്.[29]

ഒന്നാമത്തെ ചോദ്യം ബലഹീന സഹോദരനോടുള്ളതാണ് (14:2, 3 കാണുക): **എന്നാൽ നിങ്ങൾ എന്തിനാണ് നിങ്ങളുടെ സഹോദരനെ വിധിക്കുന്നത്?** രണ്ടാമത്തെ ചോദ്യം ''ശക്തനായ'' സഹോദരനോടാണ് (14:3 കാണുക): **എന്തുകൊണ്ടാണ് നിന്റെ സഹോദരനെ ധിക്കരിക്കുന്നത്?** ഈ രണ്ടു ചോദ്യങ്ങളും നാലാം വാക്യത്തിലെ ചോദ്യത്തിന്റെ ബന്ധം മുഴക്കുന്നു. മറ്റൊരുത്തന്റെ ദാസനെ വിധിക്കുവാൻ നീ ആർ? 10-ാം വാക്യത്തിലെ ചോദ്യത്തിന് അല്പം കൂടുതൽ ചേർത്തിട്ടുണ്ട്. ''സഹോദരൻ'' എന്ന വാക്ക് നാം ഒരു കുടംബമാണെന്ന് പൗലൊസ് ഓർപ്പിക്കുകയാണ്!

നാം ഒരു കുടുംബത്തിൽ പെട്ടവരാകയാൽ അന്യോന്യം വിധിക്കരുത്. സ്വന്തം കുടുംബത്തിലാകുമ്പോൾ നമ്മിൽ മിക്കവരും വിധിയ്ക്കുന്നതിൽ പുറകോട്ടാണ്. സ്വന്ത കുടുംബത്തിലുള്ളവരുടെ വ്യത്യാസങ്ങളും കുറവുകളും മനസ്സിലാക്കുവാനും അവരെ അംഗീകരിപ്പാനും നാം സന്മനസ്സു കാണിക്കുമെങ്കിൽ ആത്മീയ കുടുംബത്തിലുള്ളവരോട് നാം എത്ര അധികമായി വിട്ടുവീഴ്ച്ച കാണിക്കണം. ചാൾസ് ആർ. സ്വിൻഡോൾ അഭിപ്രായപ്പെട്ടത് റോമർ 14ലേത് ഒരു വെറും *ഭക്ഷണ* - പ്രശ്നമല്ല. ഒരു *സ്നേഹ* പ്രശ്നമാണ്.[30] പത്രൊസ് ഇങ്ങനെ എഴുതി. ''സകലത്തിനും മുമ്പേ തമ്മിൽ സ്നേഹമുള്ളവരായിരിപ്പിൻ സ്നേഹം പാപങ്ങളുടെ ബഹുത്വത്തെ മറക്കുന്നു'' (1 പത്രൊസ് 4:8).

അത് വിധിയ്ക്കാതെയിരിപ്പാനുള്ള അവസരത്തെ കാരണത്തിലേക്ക് നമ്മെ എത്തിക്കുന്നു. എന്തുകൊണ്ടെന്നാൽ, *നമ്മെ എല്ലാവരെയും കർത്താവു വിധിക്കും*. 4-ാം വാക്യത്തിൽ ദൈവം നമ്മെ വിധിക്കുമെന്നുള്ള കാര്യങ്ങൾ അടങ്ങിയിട്ടുണ്ട്. ഇവിടെ ശരിക്കും. തുറന്ന് എഴുതിയിട്ടുണ്ട്: **നാമെല്ലാവരും ദൈവത്തിന്റെ ന്യായാസനത്തിന്റെ മുമ്പിൽ നില്ക്കേണ്ടിവരും.**[31] ന്യായാസനം എന്നത് βῆμα (*bēma*) എന്നതിന്റെ തർജ്ജമയാണ്. അത് തുറസ്സായ സ്ഥലത്ത് ഉയർത്തിക്കെട്ടിയ ഒരു ഫ്ളാറ്റ് ഫോം ആണ്.[32] കുറ്റമാരോപിക്കപ്പെട്ടവൻ അതിനു മുമ്പിൽ നിൽക്കണം. ന്യായാസനത്തിനു മുമ്പിൽ കുറ്റവാളി നില്ക്കുന്നത് പൗലൊസിന്റെ വായനക്കാർക്ക് ഒരു സാധാരണ കാഴ്ച്ചയായിരുന്നു.

തന്റെ രണ്ടാം മിഷനറി യാത്രയിൽ കൊരിന്തിൽ വച്ച് പൗലൊസ് തന്നെ (*bēma*) ന്യായാസനത്തിനു മുമ്പിൽ നിന്നതാണ് (പ്രവൃ. 18:12). ഗല്ലിയോന്റെ മുമ്പിൽ കൊരിന്തു സന്ദർശിക്കുന്നവർക്ക് വീണ്ടും പണിതു നന്നാക്കിയ ന്യായാസനം കാണുവാൻ സാധിക്കും. അതിന്റെ മുമ്പിൽ ഒരു തുറന്ന സ്ഥലത്ത് ഒരു ചെറിയ തൂൺ മദ്ധ്യത്തിൽ കാണും. അവിടെ ആരോപണവിധേയരായവർ നിന്നിട്ടുണ്ട്.

പൗലൊസിന്റെ കാലത്ത് റോമാക്കാരായ ട്രിബ്യൂണലുകളുടെ മുമ്പിൽ കുറ്റക്കാരായവർ നിന്നതുപോലെ ഒരുനാൾ നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പിൽ നമ്മുടെ നിത്യമായ ന്യായവിധിക്കായി

നില്ക്കേണ്ടിവരും. MSG ഇങ്ങനെ പരിവർത്തനം ചെയ്തിരിക്കുന്നു: “ക്രമേണ നാം എല്ലാവരും അവസാനത്തിലെത്താൻ പോകുകയാണ്. വരിവരിയായി ദൈവത്തിന്റെ ന്യായാസനത്തിന്റെ മുമ്പിലേക്ക് ദൈവത്തിന്റെ മുഖം നോക്കിക്കൊണ്ട് നിൽക്കും.”

**വാക്യം 11.** ഇത് അങ്ങനെതന്നെ സംഭവിക്കുമെന്നതിന്റെ തെളിവായി പൗലൊസ് യെശയ്യാവ് 45:23 ഉദ്ധരിക്കുന്നു. “എന്നാണ്[33] **എന്റെ മുൻപിൽ എല്ലാ മുഴങ്കാലും മടങ്ങും. എല്ലാ നാവും ദൈവത്തെ സ്തുതിക്കും**”. യെശയ്യാ 45-ൽ ദൈവം സൃഷ്ടിപ്പിലുള്ള തന്റെ യാഥാർത്ഥ്യവും ശക്തിയും വിടുതലും വിഗ്രഹങ്ങളുടെ ഒന്നുമില്ലായ്മയ്ക്കും ബലഹീനതയ്ക്കും വിരുദ്ധമായി കാണിക്കുന്ന ഭാഗമാണ്.[34] ഈ ഭാഗത്തിൽ ഉൾക്കൊണ്ടിരിക്കുന്നത് ഒരു ദിവസം വരും അന്ന് എല്ലാവരും ദൈവത്തെ ഏക സത്യ ദൈവമെന്ന് സമ്മതിച്ചേറ്റുപറയേണ്ടിവരും. നാം ദൈവമുമ്പാകെ ന്യായവിധിയ്ക്കു നില്ക്കുമ്പോഴായിരിക്കും സംഭവിക്കുന്നത് (ഫിലി. 2:10, 11).

നാം എല്ലാവരും ഒരുപോലെ ദൈവത്തിന്റെ ന്യായാസനത്തിനു മുമ്പാകെ നില്ക്കേണ്ടി വരുന്നതിനാൽ നാം തമ്മിൽ തമ്മിൽ ന്യായം വിധിക്കുന്നത് എത്ര അയോഗ്യമായിട്ടുള്ളതാണ്. ഒരു വരിയായി ജയിൽപുള്ളികൾ ന്യായാസനത്തിനു മുമ്പിൽ നില്ക്കുന്നത് സങ്കൽപ്പിക്കുക. ന്യായവിധി കാത്തുകൊണ്ട്. ഉടനെ അവരിലൊരാൾ മുന്നോട്ടു ചെന്ന് ന്യായാസനത്തിൽ കയറി പറയുന്നു “ഞാനാണ് ന്യായാധിപൻ” എന്നു പറയുന്നു. എത്ര വലിയ മഠയത്തരം. മഠയനായ മനുഷ്യൻ. പട്ടാളക്കാർ അവനെ വരിയിൽ അവന്റെ സ്ഥാനത്തേക്കു വലിക്കുന്നു. അവൻ മറ്റുള്ളവരെ വിധിയ്ക്കുന്നവനല്ല എന്ന് മനസിലാക്കുന്നു.

**വാക്യം 12. ആകയാൽ നാം ഓരോരുത്തൻ ദൈവത്തോടു കണക്കു ബോധിപ്പിക്കേണിവരും.** അതിലെ പ്രധാന വിഷയം എന്തെന്നാൽ ഓരോ ആളും വ്യക്തിപരമായി ദൈവത്തിന് ഉത്തരം കൊടുക്കേണ്ടി വരും. ഞാൻ നിനക്കു വേണ്ടിയും നീ എനിക്കുവേണ്ടിയും കണക്കു ബോധിപ്പിക്കേണ്ടിവരുകയില്ല. നാം *ഓരോരുത്തൻ* നമ്മുടെ കണക്ക് ദൈവത്തോട് ബോധിപ്പിക്കേണ്ടിവരും. 12-ാം വാക്യത്തിന് വേറൊരു അർത്ഥവും ഉണ്ട്. (1) നാം മറ്റാരോടും കണക്കു ബോധിപ്പിക്കേണ്ടി വരുകയില്ല. ദൈവത്തോടു മാത്രം മതി. (2) നാം മറ്റുള്ളവരെ വിധിച്ചു എന്ന ഒരു കുറ്റം ഉണ്ടെങ്കിൽ അതിനു കണക്കു ബോധിപ്പിക്കേണ്ടിവരും (മത്തായി. 7:1, 2 കാണുക).

യേശു ഉയിർത്തെഴുന്നേറ്റ ശേഷം തിബെര്യാസ് കടൽക്കരയിൽ വച്ച് ശിഷ്യന്മാർക്ക് പ്രത്യക്ഷനായി (യോഹ. 21) യേശു ആ സമയം തന്നെ തള്ളിപ്പറഞ്ഞ പത്രൊസിനോട് ഇടപെടുവാൻ ഉപയോഗിച്ചു. ആ സംഭാഷണത്തിന്റെ ഒടുവിൽ പത്രൊസ് അടുത്തുണ്ടായിരുന്ന യോഹന്നാനെക്കുറിച്ച് യേശുവിനോട് ചോദിച്ചു. കർത്താവേ ഇവന് എന്തു ഭവിയ്ക്കും? യേശു ഉത്തരമായി അതു നിനക്കെന്ത് നീ എന്നെ അനുഗമിയ്ക്ക എന്നു യേശു പറഞ്ഞു (യോഹ. 21:21, 22; ലാുവമശെ മററലറ). വേറെ വാക്കിൽ പറഞ്ഞാൽ മറ്റുള്ളവരെക്കുറിച്ച് ആകുലപ്പെടുന്നതു നിർത്തുക. നിനക്ക് ഞാനുമായുള്ള ബന്ധത്തെക്കുറിച്ച് ആകുലപ്പെടുവാൻ തുടങ്ങുക. MSGയിൽ റോമർ 14:12നെ ഇങ്ങനെ പരാവർത്തനം ചെയ്തിരിക്കുന്നു, “നിന്റെ സ്വന്ത ജീവിതത്തെക്കുറിച്ചു ദൈവമുൻപിൽ കരുതുന്നതുതന്നെ നിന്റെ കൈയ്യിൽ എടുക്കാവുന്നത്ര ഉണ്ടല്ലോ.”

## സ്നേഹത്തിൽ മറ്റുള്ളവരെ കൈക്കൊള്ളുക (14:13-18)

**[13]അതുകൊണ്ട് നാം ഇനി അന്യോന്യം വിധിക്കരുത്. സഹോദ രന് ഇടർച്ചയോ തടങ്ങലോ വെക്കാതിരിപ്പാൻ മാത്രം ഉറച്ചുകൊൾവിൻ. [14]യാതൊന്നും സ്വതവേ മലിനമല്ല എന്ന് ഞാൻ കർത്താവായ യേശുവിൽ അറിഞ്ഞും ഉറച്ചും ഇരിക്കുന്നു. വല്ലതും മലിനം എന്ന് എണ്ണുന്നവനു മാത്രം അതു മലിനം ആകുന്നു. [15]നിന്റെ ഭക്ഷണം മൂലം സഹോദരനെ വ്യസനി പ്പിച്ചാൽ നീ സ്നേഹപ്രകാരം നടക്കുന്നില്ല. ആർക്കുവേണ്ടി ക്രിസ്തു മരി ച്ചുവോ അവനെ നിന്റെ ഭക്ഷണം മൂലം സഹോദരനെ വ്യസനിപ്പിച്ചാൽ നീ സ്നേഹപ്രകാരം നടക്കുന്നില്ല. ആർക്കുവേണ്ടി ക്രിസ്തു മരിച്ചുവോ അവനെ നിന്റെ ഭക്ഷണം കൊണ്ടു നശിപ്പിക്കരുത്. [16]നിങ്ങളുടെ നന്മയ്ക്കു ദൂഷണം വരുത്തരുത്. [17]ദൈവരാജ്യം ഭക്ഷണവും പാനീയവുമല്ല നീതിയും സമാധാനവും പരിശുദ്ധാത്മവിൽ സന്തോഷവുമത്രെ. [18]അതിൽ ക്രിസ്തു വിനെ സേവിക്കുന്നവൻ ദൈവത്തെ പ്രസാദിപ്പിക്കുന്നവനും മനുഷ്യർക്കു കൊള്ളാകുന്നവനും തന്നെ.**

സഭയായുള്ള തർക്കങ്ങൾ സാധാരണമായി അപ്രധാനമാണ്. പലതും നിസ്സാരമായ വിഷയങ്ങളെക്കുറിച്ചാണ്. അതായത്. ‘‘procedure (നടപടിക്രമം) and precedent (മുൻഗണന) and prestige (അന്തസ്സ്).’’[35]

Procedure (നടപടിക്രമം): ‘‘ഈ പദ്ധതി നാം എങ്ങനെ നടപ്പാക്കണം?’’
Precedent (മുൻഗണന): ‘‘ഇതുപോലെ നാം ചെയ്തിട്ടുണ്ടോ?’’
ജൃലഭശേഴല (അന്തസ്സ്): ‘‘പദ്ധതി നടപ്പാക്കുമ്പോൾ ആർക്കാണ് പ്ര ശംസ ലഭിക്കുന്നത്?’’

റോമർ 14:13–18–ൽ പൗലൊസ് ഇതുപോലെയുള്ള യോജിക്കാൻ പറ്റാത്ത കാര്യങ്ങൾ[36] ഒരു ഉന്നത സ്ഥാനത്തേക്ക് മാറ്റി സ്ഥാപിച്ചു. നാം ഒരു സഹോ ദരനോട് യോജിക്കാതെ വരുമ്പോൾ അവനെ സ്വാഭിപ്രായം മുറുകെപിടി ക്കുന്നവനായും വഴങ്ങാത്തവനായും വെറുക്കുന്നവനായും അവനെ കാണു ന്നു. നാം അവനെ ക്രിസ്തു ആർക്കുവേണ്ടി മരിച്ചുവോ അവരിൽ ഒരുവന ായി കണണമെന്ന് പൗലൊസ് പറയുന്നു (14:15). ആർക്കു വേണ്ടി ക്രിസ്തു മരിച്ചുവോ എന്നത് നമ്മുടെ മനസ്സുകളിലേക്ക് ഇറങ്ങണം റ്റി.ആർ. ഗ്ലോവർ പറയുന്നത് for whom christ died എന്ന നാലു വാക്കാണ് അമേരിക്കൻ ഐക്യ നാടുകളിൽ അടിമത്വം നിർത്തലാക്കിയത് എന്നാണ്.[37] Halford E. Luccock അവയെ ‘‘സ്വാർത്ഥതയില്ലാത്ത ജീവിത രീതിയ്ക്കുള്ള ഏറ്റവും ശക്തമായ വാദം’’ എന്ന് വിശേഷിപ്പിച്ചിട്ടുണ്ട്.[38]

റോമർ 14ലെ ആദ്യത്തെ 12 വാക്യങ്ങളിൽ പൗലൊസ് ‘‘ബലഹീന’’ ക്രിസ്ത്യാനികളേയും ‘‘ശക്തരായ’’ ക്രിസ്ത്യാനികളേയും ഉദ്ദേശിച്ചാണ് പഠി പ്പിക്കുന്നത്. അദ്ധ്യായത്തിന്റെ ബാക്കിയുള്ള ഭാഗത്ത് ശക്തരായവരോടാണ് പറയുന്നത്. ‘‘ശക്തനായ’’ സഹോദരൻ ‘‘ബലഹീന’’ സഹോദരനെ രണ്ടാമ തൊന്നു നോക്കണം എന്നു പറയുന്നു. ‘‘ബലഹീന’’ സഹോദരനെ ഒരു എതി രാളിയായി കാണാതെ അവനെ ഒരു *അവസരമായി* കാണുക എന്നു പറയുന്നു. ‘‘ആർക്കുവേണ്ടി ക്രിസ്തു മരിച്ചുവോ’’ അങ്ങനെയുള്ളവനെ സഹായിക്കുന്ന

ഒരു *അവസരം.*

**വാക്യം 13.** തുടങ്ങുന്നു **അതുകൊണ്** എന്ന പദം 1–12 വരെയുള്ള വാക്യങ്ങളുമായി ഇതിനെ ബന്ധിപ്പിക്കുന്നു. കഴിഞ്ഞ വാക്യങ്ങളെ സമാപനത്തിൽ എത്തിയ്ക്കുന്നു. "**അതുകൊണ് നാം ഇനി അന്യോന്യം വിധിക്കരുത്**". മറ്റുള്ളവരെ വിധിക്കുവാൻ ധൃതികൂട്ടാതെയിരിക്കേണ്ടതിന് പല കാരണങ്ങളുണ്ട്.

> നാം സർവ്വജ്ഞാനികളല്ലാത്തതിനാൽ നമുക്ക് എല്ലാ വസ്തുതകളും അറിഞ്ഞുകൂടാ. മനുഷ്യരുടെ ഹൃദയങ്ങളെ കാണാൻ സാധിക്കാത്തതുകൊണ്ട് ഉദ്ദേശങ്ങൾ അറിയുവാൻ സാധിയ്ക്കയില്ല. നാം അപൂർണ്ണരായതിനാൽ സംഗതിയുടെ വലിയ ചിത്രം കാണുവാൻ കഴിയുകയില്ല. ആത്മീയ കാഴ്ച്ച കുറവായതിനാൽ നമ്മുടെ കാഴ്ച്ചക്ക് ഇരുണ്ട സ്ഥാനങ്ങളും കലങ്ങിമറിഞ്ഞ കാഴ്ചകളുമായിരിക്കും ഉളളത്. (ളുവമശെ മററലറ) നാം മനുഷ്യരായതിനാൽ നാം അപൂർണരാണ്. സ്ഥിരതയില്ലാത്തവരാണ്. ആത്മനിഷ്ഠൂരരാണ്.[39]

13–ാം വാക്യത്തിലെ നിർദ്ദേശത്തിന് വാക്കുകളുടെ പ്രയോഗം വിഷയമാണ്. "അതുകൊണ്ട് നാം ഇനി അന്യോന്യം വിധിക്കരുത്". അതുകൊണ്ട് ഇത് ഉറെച്ചുകൊൾവിൻ. KJV യിൽ *വിധിക്കുക* (*krinō*) എന്നതിന്റെ ഇരട്ടപ്രയോഗം നിഴലിക്കുന്നു. അതുകൊണ്ട് നാം അന്യോന്യം *വിധിക്കരുത്* എന്നാൽ ഇത് തിരുമാനിക്കുക.[40] മറ്റുള്ളവരെ വിധിയ്ക്കാതെ സ്വയം വിധിക്കുക, നമ്മെത്തന്നെ വിധിയ്ക്കുക.

ശരിയായ മനോഭാവത്തിന്റെയും ശരിയായ പ്രവൃത്തിയുടെയും ആവശ്യകതയെ പൗലൊസ് ഒരുമിച്ച് ചേർത്ത് **സഹോദരന് ഇടർച്ചയോ തടങ്ങലോ വെക്കാതിരിപ്പാൻ മാത്രം ഉറച്ചുകൊൾവിൻ** എന്നു പറയുന്നു. ഇടർച്ചയും തടങ്ങൽ പാറയും എന്ന് തർജ്ജമ ചെയ്തിരിക്കുന്നു. ഗ്രീക്കു പദങ്ങൾ അർത്ഥത്തിൽ ഒന്നുതന്നെയാണ്. ഇടർച്ച എന്നത് πρόσκομμα (*proskomma*) എന്ന പദത്തിൽ നിന്നും πρό (*pros*) എന്നും κόπτω (*koptō*) എന്നും എന്ന പദത്തിൽ നിന്നുമാണ്. ഇടർച്ച എന്നാൽ ഒരാൾ നടന്നുപോകുമ്പോൾ കാൽ തട്ടിപ്പോകുന്ന തടസമാണ്.[41] തടങ്ങൽ പാറ എന്നത് σκάνδαλον (*skandalon*) എന്ന പദത്തിൽനിന്നാണ്. അതിൽ നിന്നാണ് ഇംഗ്ലീഷിൽ scandal, scandalous ഉം വന്നിട്ടുള്ളത്.[42] ആരംഭത്തിൽ scandalon എന്നത് ഇരയെ ചേർത്തു പിടിപ്പിച്ച ഒരു കുടുക്ക് ആയിരുന്നു. CJB അതിനെ ിമൃല (കുടുക്ക്) എന്നും R.C.H. Lensky അതിനെ മരണക്കുരുക്ക് എന്നും പറയുന്നുണ്ട്.[43] പുതിയ നിയമത്തിൽ skandalon അലങ്കാരപദമായിട്ടു മാത്രമെ ഉപയോഗിച്ചിട്ടുള്ളു. മറ്റുള്ളവർക്ക് ഒരു തടസ്സമാകുന്നത് എന്ന അർത്ഥം മാത്രമേ ഉള്ളൂ. അല്ലെങ്കിൽ വഴിയിൽ വീണുപോകുവാൻ ഉതകുന്ന ഒരു തടസ്സം.[44]

ഒരു സഹോദരന്റെ വഴിയിൽ ഒരു തടസമോ ഇടർച്ചയോ ഉണ്ടാക്കി അവൻ വീഴുവാൻ കാരണമുണ്ടാക്കരുതെന്ന് അപ്പൊസ്തലൻ നമ്മെ ശക്തിയായി പ്രേരിപ്പിക്കുന്നു. ഒരു സഹോദരൻ ഇടറുകയോ, വീഴുകയോ ചെയ്യുവാൻ ഇടയാക്കുന്ന *യാതൊന്നും* നാം ചെയ്യുവാൻ പാടില്ല. എപ്പോഴും നമ്മുടെ മനസ്സിൽ ഇങ്ങനെ ഒരു ചോദ്യം ഉണ്ടാകണം. "ഞാൻ ചെയ്യുന്ന കാര്യം എങ്ങനെ എന്റെ സഹോദരനെ ബാധിക്കും?" ലോകർ എപ്പോഴും അവരുടെ സ്വന്ത അവകാശങ്ങളെക്കുറിച്ചു മാത്രം കരുതുന്നു. ക്രിസ്ത്യാനികൾ അവർക്ക് മറ്റു

ള്ളവരോടുള്ള ചുമതലകളെക്കുറിച്ച് ഓർമ്മയും ശ്രദ്ധയും ഉള്ളവരാകണം.[45]

**വാക്യം 14.** ഈ വാക്യം തുടങ്ങുന്നത് മാംസം ഭക്ഷിയ്ക്കുന്നതിനെക്കുറിച്ചുള്ള പ്രശ്നത്തോടുള്ള പൗലൊസിന്റെ ആത്മ-പ്രേരിതമായ നിലപാട് ശക്തിമത്തായി വെളിപ്പെടുത്തിക്കൊണ്ടാണ്: ‘‘**ഞാൻ കർത്താവായ യേശുവിൽ അറിഞ്ഞും ഉറച്ചും ഇരിക്കുന്നു. എന്റെ മനസ്സിൽ യാതൊരു സംശയവുമില്ല**’’ എന്ന് പൗലൊസ് പറയുന്നത് ഇങ്ങനെയാണ്. കർത്താവായ യേശുവിൽ എന്നതിന് അപ്പൊസ്തലന് ഈക്കാര്യത്തെക്കുറിച്ച് കർത്താവിന്റെ പ്രത്യേക വെളിപ്പാട് ഉണ്ട്. അല്ലെങ്കിൽ ‘‘താൻ ഈ നിഗമനത്തിൽ എത്തിയത് കർത്താവായ യേശുവുമായി ദീർഘകാലം ബന്ധം പുലർത്തിയതുമൂലമാണ്’’ എന്നും ആകാം.[46]

എന്തിനെക്കുറിച്ചാണ് പൗലൊസ് അത്ര പൂർണ്ണമായി അറിഞ്ഞും ഉറച്ചും ഇരിക്കുന്നത്? **യാതൊന്നും സ്വതവേ മലിനമല്ല എന്നാണ്.** മലിനം എന്നതിന്റെ ഗ്രീക്കുപദം κοινός (*koinos*) എന്നാണ് അതിന് സാധാരണമായ എന്ന അർത്ഥവുമുണ്ട്. ആ പദം ആചാരപ്രകാരം അശുദ്ധമായതിന് യഹൂദന്മാർ ഉപയോഗിച്ചിരുന്ന പദമാണ്.[47] പൗലൊസിന്റെ പ്രസ്താവനയ്ക്ക് അല്പം കൂടെ ചേർക്കാനുണ്ട്.[48] കാരണം, മറ്റു ലേഖനങ്ങളിൽ നമ്മുടെ ചില വിചാരങ്ങളും വാക്കുകളും പ്രവർത്തികളും അഭേദ്യമായി ദോഷം നിറഞ്ഞതാണെന്ന് പൗലൊസ് എഴുതുന്നുണ്ട്. ദൈവം സൃഷ്ടിച്ചതെല്ലാം നല്ലതെന്ന് ദൈവം തന്നെ വിളിച്ചു പറഞ്ഞിരുന്നു (ഉല്പത്തി 1:31) എന്നാൽ തന്റെ സൃഷ്ടിയിൽ പ്പെട്ട മിക്ക കാര്യങ്ങളും ദുരുപയോഗപ്പെടുത്തി. തെറ്റായി ഉപയോഗിച്ചു. എന്നാൽ തന്നെയും സൃഷ്ടി അതിന്റെ തനതായ സ്വഭാവത്തിൽ നല്ലതായിതന്നെ സ്ഥിതി ചെയ്യുന്നു (മലിനപ്പെടാതെ ഇരിക്കുന്നു) (1 തിമൊ 4:4). ഈ സന്ദർഭത്തിൽ പൗലൊസ് മാംസം ഭക്ഷിയ്ക്കുന്നതിനെക്കുറിച്ചാണ് പറയുന്നത്. മാംസം വിഗ്രഹത്തിന് അർപ്പിച്ചാലും യഹൂദന്മാരുടെ ആചാരാനുഷ്ഠാനങ്ങളനുസരിച്ച് തയ്യാറാക്കിയതായാലും ഒരു മാംസവും ‘‘അതിൽ തന്നെ മലിനമല്ല’’.

അതിന്റെ ശേഷം പൗലൊസ് പറയുന്നത്, **വല്ലതും മലിനം എന്ന് എണ്ണുന്നവനുമാത്രം അതു മലിനം ആകുന്നു.** എന്തുകൊണ്ട്? അവന് ശുദ്ധമനസാക്ഷിയോടു കൂടി അതിൽ പങ്കെടുക്കുവാൻ സാധിയ്ക്കാത്തതുകൊണ്ട്.[49] ഒരു കാര്യം തെറ്റാണെന്ന് മനസാക്ഷി നിന്നോടു പറയുന്നെങ്കിൽ അത് തെറ്റു തന്നെയാണ്. റോമർ 2:14, 15ലെ ഞങ്ങളുടെ വ്യാഖ്യാനത്തിൽ ഒരാൾ തന്റെ മനസാക്ഷിയെ ലംഘിയ്ക്കാതിരിക്കുന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണെന്നു പറഞ്ഞിരുന്നു. ഒരാൾ തുടർച്ചയായി മനസാക്ഷിയുടെ ശബ്ദത്തെ ലംഘിച്ചാൽ അവൻ തന്റെ മനസാക്ഷിയെ ചൂടുവച്ചസ്ഥിതിയിലാക്കുന്നു (1 തിമൊ. 4:2). ഒരു കാവലായി ദൈവം തന്നിരിക്കുന്ന മനസാക്ഷിയ്ക്ക് അതിന്റെ പ്രവർത്തനം നടത്തുവാൻ സാധിയ്ക്കാതെ വരുന്നു. ഒരാൾ ഒരു തെറ്റായ സങ്കൽപം മനസ്സിൽ സൂക്ഷിച്ചാൽ (ബലഹീന സഹോദരൻ ചെയ്യുന്നതുപോലെ) മനസാക്ഷി പുനർജീവിപ്പിക്കേണ്ടതാണ്. അത്രത്തോളം ആകുന്നതിനു മുൻപ തന്നെ അയാൾ തന്റെ മനസാക്ഷിക്കെതിരായി പ്രവർത്തിക്കുന്നത് നിർത്തണം. ‘‘ഒരാൾ മലിനം എന്നു *വിചാരിയ്ക്കുന്നെങ്കിൽ* മലിനം ആയിരുന്നോട്ടെ.’’

14–ാം വാക്യത്തിൽ ‘‘ശക്തനോ ബലഹീനനോ’’ എന്ന് വ്യത്യാസമില്ലാതെ എല്ലാ ക്രിസ്ത്യാനികളെയും 14–ാം വാക്യത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പക്ഷേ പൗലൊസിന്റെ വാക്കുകൾ ശക്തരായ ക്രിസ്ത്യാനികൾക്കുള്ളതാണ് എന്ന് നാം ഓർത്തുകൊള്ളണം. ‘‘ശക്തരായ’’ സഹോദരന്മാർ ‘‘ബലഹീനരായ’’

സഹോദരന്മാരെ വേണ്ടവിധം മനസ്സിലാക്കണം. അവരോട് സഹാനുഭൂതി യോടെ പെരുമാറണം. അവൻ മുറിവേൽക്കുവാൻ സാദ്ധ്യതയുള്ളവനായതിന ാൽ "അവനുവേണ്ടി ക്രിസ്തു മരിച്ചതിനാലും" അവനെ പ്രത്യേകം കരുതണം.

**വാക്യം 15.** For (γάρ, *gar*) എന്നു തുടങ്ങുന്നു. അതിന്റെ അർത്ഥം കാരണം കാണിക്കുക എന്നാണ്. ഈ വാക്യം 13-ാം വാക്യത്തോട് ബന്ധപ്പെട്ടതാണ്. അത് ഇങ്ങനെയാണ് സഹോദരന്റെ വഴിയിൽ സഹോദരന് ഇടർച്ചയോ തട ങ്കലോ വെക്കാതിരിപ്പാൻ മാത്രം ഉറെച്ചുകൊൾവിൻ: എന്തുകൊണ്ട് പാടില്ല? ഈ കാരണത്താൽ: **നിന്റെ ഭക്ഷണം നിമിത്തം സഹോദരനെ വ്യസനിപ്പി ച്ചാൽ നീ സ്നേഹപ്രകാരം നടക്കുന്നില്ല**. ഇവിടെയുള്ള ഗ്രീക്കു പദം ഭക്ഷണം (βρῶμα, *brōma*) എന്ന പൊതുവായ വാക്കാണ്. ഇത് ക്രിസ്ത്യാനികൾ അനുഭ വിച്ചിരുന്ന ഒരു ഭക്ഷണത്തെക്കുറിച്ചാണ് മറ്റുള്ളവർ ഭക്ഷിച്ചിരുന്നുമില്ല.

"Is hurt" എന്ന വാക്യാംശം λυπέω (*lupeō*) എന്ന ഗ്രീക്കുപദത്തിൽ നിന്നാണ്.[50] ഇത് ശക്തിയായ ഒരു വാക്കാണ്.[51] അർത്ഥം സങ്കടപ്പെടുക, വിഷ മിക്കുക, ദുഃഖിക്കുക എന്നതാണ്. സാന്ദർഭികമായി ഘൗുലീ യുടെ അർത്ഥം വികാരപരമായി പ്രയാസപ്പെടുന്നതിൽ കൂടുതലാണ്. 15-ാം വാക്യത്തിലെ അടുത്ത ഭാഗം വിഷമിപ്പിക്കുന്നതിനെ നശിക്കുന്നതിനോട് ബന്ധിച്ചിരിക്കു ന്നു. ഒരു സഹോദരനെ *ആത്മീയമായി* വിഷമത്തിലാക്കിയാൽ നിത്യമായി നശിപ്പിക്കുന്നതിനോട് തുല്യമാക്കിയിരിക്കുന്നു.

മാംസഭക്ഷണം കഴിയ്ക്കുന്നത് എങ്ങനെയാണ് ഒരു "ബലഹീന" സഹോ ദരന് ഇടർച്ചയാകുന്നത്? ദുഃഖിച്ച് ഇടറി വീണ് നിത്യമായി നശിക്കുവാൻ ഇട യാകുന്നത്? അതിന് ഏറ്റവും നല്ല ഉത്തരം 1 കൊരി. 8ൽ ഇതിനു സമമായ ഒരു സ്ഥിതി വിശേഷത്തെ വിവരിക്കുന്നു എന്നാൽ ഇതു തന്നെയല്ല:

> വിഗ്രഹാർപ്പിതങ്ങളെ തിന്നുന്നതിനെക്കുറിച്ചോ. ലോകത്തിൽ വിഗ്രഹം ഏതുമില്ല എന്നും ഏക ദൈവമല്ലാതെ ദൈവമില്ല എന്നും നാം അറിയുന്നു. പല ദേവന്മാരും പല കർത്താക്കന്മാരും ഉണ്ട് എന്ന് പറയു ന്നുവല്ലോ. എന്നാൽ ആകാശത്തിലോ ഭൂമിയിലോ ദേവന്മാർ എന്നു പേ രുള്ളവർ ഉണ്ടെന്നു വരികിലും പിതാവായ ഏക ദൈവമേ നമുക്കുള്ളൂ ....
>
> എന്നാൽ എല്ലാവർക്കും ഈ അറിവില്ല. ചിലർ ഇന്നുവരെ വിഗ്രഹ പരിചയം ഹേതുവായി വിഗ്രാഹാർപ്പിതം എന്നുവച്ച് തിന്നുന്നു. അവ രുടെ മനസാക്ഷി ബലഹീനമാകയാൽ മലിനമായി തീരുന്നു. എന്നാൽ ആഹാരം നമ്മെ ദൈവത്തോട് അടുപ്പിക്കുന്നില്ല, തിന്നാഞ്ഞാൽ നമുക്കു നഷ്ടമില്ല. തിന്നാൽ ആദായവുമില്ല. എന്നാൽ നിങ്ങളുടെ ഈ സ്വാതന്ത്ര്യം ബലഹീനന്മാർക്ക് യാതൊരു വിധത്തിലും തടങ്ങൽ ആയി വരാതിരിപ്പാൻ നോക്കുവിൻ. അറിവുള്ളവനായ നീ ക്ഷേത്രത്തിൽ ഭക്ഷണത്തിനിരിക്കുന്നത് ഒരുത്തൻ കണ്ടാൽ ബലഹീനനെങ്കിൽ അവന്റെ മനസ്സാക്ഷി വിഗ്രഹാർപ്പിതങ്ങളെ തിന്നുവാൻ തക്കവണ്ണം ഉറെക്കയി ല്ലയോ? ആർക്കുവേണ്ടി ക്രിസ്തു മരിച്ചുവോ ആ ബലഹീന സഹോദ രൻ ഇങ്ങനെ നിന്റെ അറിവി-നാൽ നശിച്ചുപോകുന്നു (1 കൊരി. 8:4-11).

മൂ രണ്ടാമതൊരു സാദ്ധ്യത കൂടി ചേർക്കുന്നു: ഒരു ശക്തനായ സഹോ ദരൻ മാംസാഹാരം തിന്നുന്നതി-നുള്ള അവന്റെ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള വീമ്പിളക്കം ബലഹീന സഹോദരന് ഇടർച്ചയായിത്തീരുവാൻ ഇടയാകുകയും

അവനെ അങ്ങനെ അകറ്റിക്കളകയും ചെയ്യുവാൻ ഇടയാകും.[52] പൗലൊസ് പ്രാഥമികമായി ചിന്തിച്ചത് ബലഹീന സഹോദരൻ ശക്തനായ സഹോദരനെ മാംസം തിന്നുന്നവനായി കാണുമ്പോൾ അവനും തിന്നും. അത് തെറ്റാണെന്ന് മനസ്സാക്ഷി അവനോട് പറയുന്നുമുണ്ടായിരിക്കും. അങ്ങനെ ചെയ്യുമ്പോൾ അവൻ പാപം ചെയ്യുവാൻ ഇടയായിത്തീരും. അങ്ങനെ ശിക്ഷിയ്ക്കപ്പെടും (14:23).

പൗലൊസ് കൊടുക്കണമെന്ന് ആഗ്രഹിച്ച ശക്തിയേറിയ സന്ദേശം ഇതായിരുന്നു. ഒരു ക്രിസ്ത്യാനി തന്റെ പ്രവൃത്തികൊണ്ട് സഹോദരനെ ആത്മീയമായി മുറിപ്പെടുത്തി വേദനിപ്പിച്ചാൽ അവൻ സ്നേഹപ്രകാരം നടക്കുന്നില്ല.[53] ആരു ശരി, ആരു തെറ്റ് എന്നുള്ളതിന് പൗലൊസ് പ്രാധാന്യം കൽപ്പിച്ചില്ല. സ്നേഹം കാണിയ്ക്കണമെന്നുള്ളതാണ് അതിലും പ്രധാനപ്പെട്ട കാര്യം എന്നതായിരുന്നു പൗലൊസിന്റെ ഉദ്ദേശം.

റോമർ 13:8-ൽ പൗലൊസ് കല്പിച്ചു. "*സ്നേഹിക്കുന്നതല്ലാതെ* ആരോടും ഒന്നും കടമ്പെട്ടിരിക്കരുത്". (ലാുവമശെ മററലറ) ലിയോൺ മോറിസ് ഇങ്ങനെ എഴുതി "ക്രിസ്ത്യാനിക്ക് സ്നേഹമാണ് ജീവിതത്തിന്റെ തോത് - (നിലവാരം) സ്നേഹമാണ് എല്ലാ പ്രവർത്തിയുടെയും ഉദ്ദേശം". നമ്മിൽ അനേകർക്കും വിയോജിപ്പ് ഇഷ്ടമില്ല.[54] അതിനെ നിഷേധാർത്ഥത്തിലാണ് കാണുന്നത്. എന്നാൽ യോജിപ്പില്ലായ്മയെ ക്രിസ്തീയ സ്നേഹം പ്രയോഗത്തിൽ കൊണ്ടു വരുന്നതിനുള്ള അവസരമായി ഉപയോഗിക്കുന്നത് സഹായമായിരിക്കും.[55]

15-ാം വാക്യം നമ്മെ ചലിപ്പിക്കുന്ന ഒരു കല്പനയോടെയാണ് അവസാനിപ്പിക്കുന്നത്: **ആർക്കുവേണ്ണി ക്രിസ്തു മരിച്ചുവോ അവനെ നിന്റെ ഭക്ഷണം കൊണ്ണ് നശിപ്പിക്കരുത്** (1 കൊരി. 8:11) വീണ്ടും പൗലൊസ് ശക്തമായ ഭാഷ ഉപയോഗിക്കുന്നു. "നശിപ്പിക്കരുത്"[56] മാത്രമല്ല അങ്ങേയറ്റം നശിക്കുന്ന അപകടത്തിൽ പെട്ടിരിക്കുന്നത് ആരാണ്? ആർക്കുവേണ്ടി ക്രിസ്തു മരിച്ചുവോ അവൻ നമ്മുടെ കർത്താവ് വില മതിച്ചയൊരാളാണ്. അവനു വേണ്ടി കർത്താവ് ക്രൂശിൽ മരിച്ചു.

പൗലൊസിന്റെ വായനക്കാർക്ക് എല്ലാം ശരിക്കു മനസ്സിലായി. കാരണം ഒരു വശത്ത് മാംസാഹാരം കഴിക്കുവാനുള്ള സ്വാതന്ത്ര്യം. മറുവശത്ത് ക്രിസ്തു ആർക്കുവേണ്ടി മരിച്ചുവോ അവന്റെ നിത്യനാശം. ജോൺ ആർ. ഡബ്ല്യു. സ്റ്റോട്ട് ചോദിച്ചു ക്രിസ്തു അവനുവേണ്ടി മരിക്കത്തക്കവണ്ണം അവനെ സ്നേഹിച്ചോ. എന്നാൽ നാം അവന്റെ മനസ്സാക്ഷിയെ മുറിപ്പെടുത്താതെയിരിക്കത്തക്കവണ്ണം അവനെ സ്നേഹിക്കരുതോ?[57] പൗലൊസിന്റെ വാക്കുകൾ നമുക്കും സംഗതികളെ ഉള്ളതുപോലെ കാണുവാൻ ഇടയാക്കണം. അടുത്ത സമയം നിങ്ങൾക്കു ഒരാളുമായി ശണ്ഠ കൂടാൻ ഇടവരുമ്പോൾ വിയോജിപ്പിന്റെ വിഷയം കുരിശിലേക്കു കൊണ്ടുവരുക. ഏതിനാണ് കൂടുതൽ പ്രാധാന്യം? പൗലൊസ് ഇങ്ങനെ പറയും,

"*നിങ്ങളുടെ സ്വന്ത അഭിപ്രായം നടപ്പാക്കാനുള്ള ആഗ്രഹം മൂലം* ആർക്കുവേണ്ടി ക്രിസ്തു മരിച്ചുവോ അവനെ ശരിക്കും നശിപ്പിക്കരുത്."

"*നിങ്ങളുടെ അവകാശം മുറുകെപിടിച്ചുകൊണ്ട്* ക്രിസ്തു ആർക്കുവേണ്ടി മരിച്ചുവോ അവനെ നശിപ്പിക്കരുത്."

"*നിന്റെ വികാരം മുറിപ്പെടുത്തിയതിന് പകരം വീട്ടി തിരിച്ചടിച്ച്* ആർക്കു

വേണ്ടി ക്രിസ്തു മരിച്ചുവോ അവനെ നശിപ്പിക്കരുത്.''

**വാക്യം 16.** വേറെ ഒരു ''അതുകൊണ്ട്'' 16-ാം വാക്യത്തിലും വരുന്നു. പല നിഗമനങ്ങളിലും എത്തുവാൻ പൗലൊസ് ഒരുങ്ങിയിരിക്കുന്നു. **നിങ്ങളുടെ നന്മയ്ക്ക് ദൂഷണം വരുത്തരുത്**. ''നിങ്ങളുടെ നന്മ'' എന്താണ്. അത് മാംസാഹാരം കഴിക്കുന്നതിനെ സൂചിപ്പിക്കുന്നു. ഭക്ഷണം ആസ്വാദ്യതരവും ദൈവത്താൽ നല്കപ്പെട്ടതും ആണ് എന്നിരുന്നാലും ചില സാഹചര്യങ്ങളിൽ അതു ഭക്ഷിക്കുന്നതും അതിന്റെ ഫലമായുണ്ടാകാവുന്ന സംഭവങ്ങളും ദോഷമാകുവാൻ ഇടയുണ്ട്. ദൂഷണം വരുത്തരുത് എന്നത് ഗ്രീക്കിൽ βλασφημέω (*blasphēmeō*) എന്ന വാക്കിൽ നിന്നു വരുന്നു. അക്ഷരികമായി അതിന്റെ അർത്ഥം ദൂഷണം പറയപ്പെട്ട എന്നാണ്.

മാംസഭക്ഷണം കഴിക്കുന്നത് ''ദോഷ'' മാണെന്ന് ആർക്കെങ്കിലും പറയുവാൻ സാധിക്കുമോ? പൗലൊസിന്റെ മനസ്സിൽ ബലഹീന സഹോദരന്റെ കാര്യമാണ്. 16-18 വരെയുള്ള വാക്യങ്ങളിൽ പൗലൊസ് പ്രശ്നത്തിന്റെ വരും വരായ്കകളെക്കുറിച്ചും പറഞ്ഞു. (പൊതുമാനവരാശിയുടെ കാര്യത്തിൽ) 18-ാം വാക്യം മനുഷ്യരെ സൂചിപ്പിക്കുന്നു. സഭയിലെ ചില്ലറ തർക്കങ്ങളും വാദങ്ങളും പൊതുവെ ക്രിസ്തുവിന്റെ സന്ദേശത്തെ എങ്ങനെ ബാധിക്കും എന്നതിനെക്കുറിച്ച് പൗലൊസ് കരുതലുള്ളവനായിരുന്നു. മാംസാഹാരം കഴിയ്ക്കുന്നതുകൊണ്ട് യാതൊരു ദോഷവുമില്ല. എന്നാൽ ആ പതിവ് തമ്മിൽ വഴക്കും കഠിന മനസ്സും വിഭാഗീയതയും ഉണ്ടാക്കുകയാണെങ്കിൽ അതു തെറ്റാണ്. തമ്മിൽ തമ്മിൽ ചേർച്ചയില്ലാത്ത അംഗങ്ങൾ ഉള്ള സഭയെപ്പോലെ ക്രിസ്തുവിന്റെ സുവിശേഷത്തിന് കേടു വരുത്തുന്ന മറ്റൊന്നുമില്ല. സംശയലേശമെന്യേ സഭയിലെ വിഷമതകൾ ഒരു സമൂഹത്തിൽ മുഴുവൻ പരക്കുകയും സഭ പരിഹാസപാത്രമാകുകയും ചെയ്യും. ഈ സ്ഥിതിയിലാകുമ്പോൾ ''നന്മക്ക്'' ദൂഷണം വരും.

നാം എന്തു ചെയ്താലും നാം നമ്മോടു തന്നെ ചോദിയ്ക്കണം. ''യേശു ക്രിസ്തുവിന്റെ സുവിശേഷത്തിനും അവന്റെ ഉദ്ദേശങ്ങൾക്കും ഇത് എങ്ങനെ ബാധകമാകും? എന്ന ചോദ്യം. ഇത് സമാധാനമുണ്ടാക്കുമോ?''; ''വഴക്കിനു കാരണമാകുമോ? സഭയുടെ വളർച്ചയെ സഹായിക്കുമോ?''; ''അതോ തടസ്സമാകുമോ?''

**വാക്യം 17.** 16-ാം വാക്യത്തിൽ ആരംഭിച്ച ചിന്ത ഇവിടെ പൂർണ്ണമാകുന്നു. ''നിങ്ങളുടെ നന്മയ്ക്ക് ദൂഷണം വരുത്തരുത്;'' **ദൈവരാജ്യം ഭക്ഷണവും പാനീയവുമല്ല; നീതിയും സമാധാ\വും പരിശുദ്ധാത്മാവിൽ സന്തോഷവുമത്രെ.**[58] ഇവിടെ ദൈവരാജ്യം എന്നത് സഭയെ സൂചിപ്പിക്കുന്നു.[59] പൗലൊസ് ഒരു സഹോദരനോടുള്ള കരുതലിൽ നിന്നും പൊതുവായുള്ള സഹോദരബന്ധത്തിലേക്കു കടക്കുന്നു. അതായത് ക്രിസ്തു മരിച്ച എല്ലാവർക്കും വേണ്ടിയുള്ള കരുതൽ (എഫെ. 5:23, 25 കാണുക) ദൈവം ദൈവരാജ്യം ഉടലെടുക്കുവാൻ ചെയ്ത എല്ലാ വസ്തുതകളും ഒന്ന് ഓർത്തു നോക്കുക. ആളുകൾ കൂടിയിരുന്ന് അത്താഴത്തിന് ഒരുക്കേണ്ടതെന്തെന്നു തർക്കിക്കുവാനാണോ? ഒരിക്കലുമല്ല. ദൈവരാജ്യം അഥവാ സഭ ദൈവരാജ്യം എന്നതു എന്തല്ല, എന്താണ് എന്ന് പൗലൊസ് പറയുന്നു. സഭ എന്നാൽ 1 കൊരി. 8:8 ആണ്. ദൈവരാജ്യം നീതിയും സമാധാനവും പരിശുദ്ധാത്മാവിൽ സന്തോഷവും ആണ്.[60]

"നീതി" (δικαιοσύνη, *dikaiosunē*): ദൈവം ആഗ്രഹിക്കുന്ന രീതിയിൽ ജീവിക്കുന്നത്.

"സമാധാനം" (εἰρήνη, *eirēnē*): നമ്മുടെ സഹോദരീ സഹോദരന്മാരോട് സമാധാനത്തിൽ ജീവിക്കുവാൻ പരിശ്രമിക്കുന്നത്.

"സന്തോഷം" (χαρά, *chara*): മറ്റുള്ളവരുടെ ജീവിതത്തിൽ സന്തോഷം വരുത്തുവാൻ ശ്രമിക്കുന്നത് – ഈ സന്തോഷം "പരിശുദ്ധാത്മാവിൽ കൂടെ" മാത്രമെ ലഭിക്കയുള്ളൂ.

വീണ്ടും പൗലൊസ് ക്രിസ്ത്യാനി ശരിയായ മുൻഗണനയോടുകൂടെ ജീവിക്കണമെന്ന് പറയുകയായിരുന്നു. അതിനായി ക്രിസ്ത്യാനിയെ വെല്ലു വിളിക്കുന്നു. അടുത്ത പ്രാവശ്യം വല്ല നിസാര കാര്യത്തെക്കുറിച്ചും വല്ലാതെ കോപിയ്ക്കുവാൻ പരീക്ഷിക്കപ്പെടുമ്പോൾ ഒന്നുനിന്ന് ചോദിക്കുക. ഇതാണോ ദൈവരാജ്യത്തെക്കുറിച്ചുള്ള തന്റെ ചിന്തകൾ പൂർണ്ണമാകുന്നതു? "നീതിയും സമാധാനവും സന്തോഷവും വരുത്തേണ്ടതിന് ഇതാവശ്യമാണോ?"

**വാക്യം 18.** ചർച്ചയിൽ പൗലൊസ് തന്റെ ചിന്തകൾ ഇങ്ങനെ ഉപ സംഹരിക്കുന്നു: **അതിൽ ക്രിസ്തുവിനെ സേവിക്കുന്നവൻ ദൈവത്തെ പ്രസാദിപ്പിക്കുന്നവനും മനുഷ്യർക്കു കൊള്ളാകുന്നവനും തന്നെ.** അതിൽ 1-ാം വാക്യം മുതൽ പറഞ്ഞ എല്ലാ കാര്യങ്ങളും ഉൾപ്പെടും. അതിൽ ഒരു സഹോദരനെ വിധിക്കാതെ അവനെ കൈക്കൊള്ളുന്ന കാര്യം ഉൾപ്പെടും. ഒരു സഹോദരന്റെ വഴിയിൽ ഇടർച്ചയും തടങ്കലും വരുത്തി അവനെ വീഴി ക്കാതെയിരിക്കുവാനായി സ്വന്ത അവകാശങ്ങളെ വേണ്ടെന്നു വയ്ക്കുന്നത് ഉൾപ്പെടും. "ക്രിസ്തു ആർക്കുവേണ്ടി മരിച്ചുവോ" അവനോട് സ്നേഹം കാണിക്കുന്നത് അതിലുൾപ്പെടും. ഇതെല്ലാം *സഹോദരനെ* സേവിക്കുവാൻ ചെയ്യുകയാണെന്നു തോന്നാം. എന്നാൽ പൗലൊസ് പറയുന്നത് ഇതെല്ലാം *ക്രിസ്തുവിനെ* സേവിക്കുവാൻ വേണ്ടി ചെയ്യുകയാണ് എന്നത്രെ. പൗലൊസ് സർവ്വവും ക്രിസ്തുവിന്റെ പേരിൽ ചെയ്തു (കാണുക 1 കൊരി. 2:2). ചോദ്യം ആരാണ് ശരി, ആരാണ് തെറ്റ് എന്നതിൽനിന്നും നാം ക്രിസ്തുവിനെയാണോ സേവിക്കുന്നത് എന്നതിലേക്ക് ഉയർത്തി.

നാം ക്രിസ്തുവിന്റെ വാക്കുപോലെ പെരുമാറി "അവനെ സേവിക്കുക യാണെങ്കിൽ" നാം ആദ്യം അവനാൽ കൈക്കൊള്ളപ്പെടും. കർത്താവിനെ പ്രസാദിപ്പിക്കുക എന്നതിനാണ് പ്രാഥമികമായ പ്രാധാന്യം. അപ്പോൾ ആഗ്ര ഹിക്കത്തക്ക വേറൊരു ഫലം ലഭിയ്ക്കും. മനുഷ്യർക്കും കൊള്ളാകുന്നവ നാകും.[61] ഒരു സഭയിൽ സ്നേഹവും ഐക്യവുമുണ്ടെങ്കിൽ പുറം ലോകവും സ്വാധീനിയ്ക്കപ്പെടും. MacCordന്റെ തർജ്ജമയിൽ "ഇങ്ങനെ ക്രിസ്തുവിനെ സേവിക്കുന്നവൻ മനുഷ്യരാലും ആദരിക്കപ്പെടും" എന്നാണ്.

## സമാധാനത്തോടെ അന്യോന്യം കൈക്കൊള്ളുക (14:19-23)

**[19]ആകയാൽ നാം സമാധാനത്തിനും അന്യോന്യം ആത്മീക വർദ്ധനെ യ്ക്കും ഉള്ളതിനു ശ്രമിച്ചുകൊൾക. [20]ഭക്ഷണം നിമിത്തം ദൈവനിർമ്മാ ണത്തെ അഴിക്കരുത്. എല്ലാം ശുദ്ധം തന്നെ എങ്കിലും ഇടർച്ചവരുത്തുമാറു തിന്നുന്ന മനുഷ്യന് അത് ദോഷമത്രെ. [21]മാംസം തിന്നാതെയും വീഞ്ഞു കുടി ക്കാതെയും സഹോദരന് ഇടർച്ച വരുത്തുന്ന യാതൊന്നും ചെയ്യാതെയും**

**ഇരിക്കുന്നത് നല്ലത്. [22]നിനക്കുള്ള വിശ്വാസം ദൈവ സന്നിധിയിൽ നിനക്കു തന്നെ ഇരിക്കട്ടെ. [23]താൻ സ്വീകരിക്കുന്നതിൽ തന്നെത്താൻ വിധിക്കാത്തവൻ ഭാഗ്യവാൻ എന്നാൽ സംശയിക്കുന്നവൻ തിന്നുന്നു എങ്കിൽ അത് വിശ്വാസത്തിൽ നിന്ന് ഉത്ഭവിക്കായ്കകൊണ്ട് അവൻ കുറ്റക്കാരനായിരിക്കുന്നു. വിശ്വാസത്തിൽ നിന്ന് ഉത്ഭവിക്കാത്തതൊക്കെയും പാപം തന്നെ.**

**വാക്യം 19.** ഈ ഭാഗം തുടങ്ങുന്നത്. So, then എന്ന വാക്കുകളാലാണ്. 13 ലും 16ലും therefore (അതുകൊണ്ട്) എന്നു തുടങ്ങുന്നു. പൗലൊസ് തന്റെ ചിന്ത വികസിപ്പിച്ചപ്പോൾ നമുക്ക് ഈ ലക്ഷ്യം ഉണ്ടായിരിക്കേണമെന്ന് പറഞ്ഞു. **നാം സമാധാനത്തിനു തമ്മിൽ കെട്ടുപണി ചെയ്യുന്നതിനും ഇവയെ പിൻതുടരുന്നു.** പിൻതുടരുന്നു (δίωκω, *diōkō*) എന്നത് ഒരു പ്രവർത്തിയുടെ വാക്കാണ്. ABയിൽ "വ്യക്തമായി ലക്ഷ്യം വയ്ക്കുകയും ഉത്സാഹത്തോടെ പിന്തുടരുകയും ചെയ്യുക" എന്നാണ്.

എന്താണ് നാം ആസക്തിയോടെ പിൻതുടരേണ്ടത്? "സമാധാനത്തിനുള്ളത്." ചില സംഗതികൾ ശത്രുതയ്ക്കുള്ളതും ചിലത് സമാധാനത്തിനുള്ളതുമാണ്. ഒരാൾ തന്റെ സ്വന്തവഴി നിർബന്ധമാക്കിയാൽ പിണക്കമുണ്ടാകും. കീഴടങ്ങുന്ന ആത്മാവ് സാമാധാനം ഉണ്ടാക്കുന്നു (യാക്കോബ് 3:17). ഒരാൾ തന്നെക്കുറിച്ചുതന്നെ അധികമായികരുതിയാൽ വഴക്കാകും. എന്നാൽ മറ്റവനെ കൂടുതലായി കരുതിയാൽ സമാധാനമുണ്ടാകും (ഫിലിപ്പിയർ 2:4). തർക്കത്തിൽ ജയിക്കുവാൻ ശ്രമിച്ചാൽ ശത്രുതയുണ്ടാകും. എന്നാൽ ഇതരനെ മനസ്സിലാക്കുവാൻ ശ്രമിച്ചാൽ സമാധാനമുണ്ടാകും (സദൃശ. 15:1 കാണുക).

രണ്ടാമത്, അന്യോന്യം പണിയുവാൻ ശ്രമിക്കുക. കെട്ടുപണി ചെയ്യുക എന്നുള്ളത് ഇതിനെ ആത്മീക വർദ്ധന οἰκοδομή (*oikodomē*) വരുത്തുക എന്നാണ് തർജ്ജമ ചെയ്തിട്ടുള്ളത്.[62] പുതിയ നിയമത്തിൽ ഈ വാക്ക് ആലങ്കാരികമായി ഉപയോഗിച്ചിരിക്കുന്നു.[63] മറ്റൊരാളിനെ ആത്മീകമായി പണിയുകയും ബലപ്പെടുത്തുകയും ചെയ്യുന്നതിനെ സൂചിപ്പിക്കുന്നു. സഭയ്ക്ക് ഇതെത്ര ആവശ്യമായിട്ടുള്ളതുമാണ്! വേറൊരിടത്ത് പൗലൊസ് പറയുന്നു, "എല്ലാം ആത്മീക വർദ്ധനക്കായി ഉതകട്ടെ" (1 കൊരി. 14:26; 8:1).

"ഒരോരുത്തനെ" എന്നത് ഒഴിച്ചുവിടാതെ ശ്രദ്ധിയ്ക്കാം. തമ്മിൽ കെട്ടുപണി ചെയ്യുന്നതിൽ "ബലഹീന" സഹോദരനെയും "ശക്തനായ" സഹോദരനെയും. ബലഹീന സഹോദരൻ പോഷിപ്പിക്കപ്പെടുകയും സൂക്ഷിയ്ക്കപ്പെടുകയും വേണം. അവൻ അറിവിൽ വളരണം, "ശക്തനായവൻ" *സ്നേഹത്തിൽ* വളരണം.

റോമർ 14:19 ഈ മുഴുവൻ ഭാഗത്തിന്റെയും താക്കോൽ വാക്യമാണെന്ന് അല്ലൻ പറയുന്നുണ്ട്.[64] ഈ വാക്യം മറ്റു ക്രിസ്ത്യാനികളുമായുള്ള ബന്ധത്തെ ശ്രദ്ധിക്കുവാൻ നമ്മെ വെല്ലുവിളിക്കുന്നു. നാം നമ്മോടുതന്നെ രണ്ടു ചോദ്യങ്ങൾ ചോദിക്കണം: "എന്റെ പ്രവൃത്തികൾ എന്റെ സഹോദരനെ ആത്മീകമായി *പണിയുമോ?*" രണ്ട് "അവ എന്റെ സഭയെ *പണിയുമോ?*" (എഫെ. 4:12 കാണുക).

**വാക്യം 20.** കെട്ടുപണിചെയ്യുക എന്നതിന്റെ എതിര് പൊളിച്ചു കളയുക എന്നാണ്. ഈ വാക്യത്തിൽ പൗലൊസ് തന്റെ കെട്ടിടം പണിയുടെ സങ്കല്പം തുടരുന്നു: **ഭക്ഷണം നിമിത്തം ദൈവനിർമ്മാണത്തെ അഴിക്കരുത്. പൊളിച്ചു കളയുക** എന്നുള്ളത്[65] καταλύω (*kataluō*) എന്നതിൽ നിന്നാണ്. λύω (*luō*)

എന്നതിന് അയയ്ക്കുക, അലിയിക്കുക വേർപെടുത്തുക, പൊട്ടിയ്ക്കുക, പൊളിച്ചു കളയുക എന്ന അർത്ഥങ്ങളുണ്ട്. κατά (*kata*) ചേർത്ത് *Kataluō* എന്നാകുമ്പോൾ കടുപ്പമാക്കിയ അർത്ഥമാണ് ആരും നശിപ്പിക്കുക പൂർണ്ണമായി, മുഴുവനായി മറിച്ചിടുക എന്നൊക്കെ അർത്ഥം പറയാം.[66]

നാം എന്താണ് പൊളിച്ചുകളയരുതാത്തത്? ദൈവത്തിന്റെ പ്രവൃത്തി. ഈ വാക്യംശത്തിൽ ദൈവം മനുഷ്യവർഗ്ഗത്തിനു രക്ഷ നൽകുവാൻ ചെയ്ത എല്ലാ കാര്യങ്ങളും ഉൾപ്പെടുന്നു. ഈ സന്ദർഭത്തിൽ അതിന്റെ യഥാർത്ഥം ആ വേലയുടെ അവസാന ഫലം ആണ്.[67] അത് ക്രിസ്തുവിൽ സഹോദരന്മാരും സഹോദരിമാരും ആണ്. അഭിപ്രായവ്യത്യാസങ്ങളും ഈ വിഷയങ്ങളെക്കുറിച്ച് ഇത്രമാത്രം ശബ്ദകോലാഹലം ഉണ്ടാക്കുന്നതിന്റെ മഠയത്തരവും കാണിയ്ക്കാനുദ്ദേശിച്ചുള്ളതാണ് പൗലൊസിന്റെ വാക്കുകൾ; ഫിലിപ്സ് 20–ാം വാക്യത്തിൽ ആദ്യഭാഗം ഇങ്ങനെ പരാവർത്തനം ചെയ്തിരിക്കുന്നു. ‘‘നിശ്ചയമായും ഒരു പ്ലേറ്റു മാംസാഹാരത്തിനുവേണ്ടി ദൈവത്തിന്റെ വേലയെല്ലാം അഴിച്ചുകളയണമോ?’’

14:14ൽ പൗലൊസ് പറഞ്ഞത് ഒന്നും സ്വതേ മലിനമല്ല എന്നാണ്. ഇവിടെ 14:20ലും അതുപോലെയുള്ള ഒരു കാര്യം പറയുന്നു: **‘‘എല്ലാം ശുദ്ധം തന്നെ’’** (καθαρός, *katharos*). കഴിഞ്ഞതിലേപ്പോലെ ഇതിനും കുറച്ചു കാര്യങ്ങൾ അധികമായി പറയുവാനുണ്ട്. ആദ്യം അശുദ്ധിയെക്കുറിച്ചു (ἀκαθαρσία, *akatharsia*) പറഞ്ഞു (1:24; 6:19). അതുകൊണ്ട് ഏതു കാര്യവും, ഓരോ കാര്യവും ശുദ്ധമാണെന്ന് പൗലൊസ് വിചാരിക്കുന്നില്ല. ഈ ചർച്ചയിൽ പ്രത്യേകമായി മാംസഭക്ഷണത്തേക്കുറിച്ചാണ് പറയുന്നത്. എല്ലാ മാംസവും ശുദ്ധമാണ്. (NIVയിൽ ‘‘എല്ലാ ഭക്ഷണവും ശുദ്ധമാണ്’’ എന്നു തന്നെ.)

**എന്നാൽ** പൗലൊസ് കൂടുതലായി പറയുന്നത് **അവ** ദോഷമുള്ളതാണ്, (പലതരം മാംസങ്ങൾ) **ഇടർച്ചവരുത്തുമാറു തിന്നുന്ന മനുഷ്യന് അത് ദോഷമാണ്.**[68] മൂലഭാഷാഗ്രന്ഥത്തിൽ ഈ മനുഷ്യൻ എങ്ങനെയുള്ളവൻ എന്നതിന് പല അർത്ഥമാണ്. ഗ്രീക്കിൽ ഇടർച്ചയോടുകൂടി തിന്നുന്ന മനുഷ്യൻ എന്നർത്ഥം. വാക്കു ഘടനപ്രകാരം ബലഹീനനായ സഹോദരൻ മനസാക്ഷിക്കെതിരായി മാംസം തിന്നാൽ എന്നും (14:23 കാണുക) പിൻപേ വരുന്ന വാക്കുകളിൽ നിന്നും ‘‘ശക്തനായ’’ സഹോദരൻ ‘‘ബലഹീന’’ സഹോദരന്റെ മുൻപിൽ വച്ച് മാംസം തിന്നുന്നതിനെക്കുറിച്ചും അങ്ങനെ തന്റെ മനസാക്ഷിക്കു വിരോധം ചെയ്യുന്നതിനെയും സൂചിപ്പിച്ചിരിക്കുന്നു. MacCord തർജ്ജമയിൽ ‘‘മറ്റൊരുത്തന് ഇടർച്ചയ്ക്ക് കാരണമുണ്ടാകത്തക്കവണ്ണം ഭക്ഷണം കഴിക്കുന്നവന്’’ എന്നും മനസ്സിലാക്കാം.

**വാക്യം 21.** അതു ദോഷമാണെങ്കിൽ പിന്നെ ഏതാണ് ‘‘നല്ലത്’’? 17–ാം വാക്യത്തിൽ പൗലൊസ് പറഞ്ഞത്, **ദൈവരാജ്യം ഭക്ഷണവും പാനിയവുമല്ല; (ലാവുവമശെ മററലറ) ചർച്ചയിലേക്ക് വീഞ്ഞിനെ കൊണുവന്നിട്ട് അതിനെക്കുറിച്ച് കൂടുതലൊന്നും പറയാത്ത സ്ഥിതിയ്ക്ക് എന്താണതിൽ എന്നു നമുക്കറിഞ്ഞുകൂടാ.** പക്ഷേ തിന്നുകയും കുടിക്കുകയും ചെയ്യുന്നത് ഒരു ഭക്ഷണത്തിൽ പെട്ട കാര്യം ആയതുകൊണ്ടാവാം.[69] പക്ഷേ പൗലൊസ് ഇങ്ങനെ പറയുകയായിരുന്നിരിക്കാം. എന്റെ സഹോദരനെ ഉപദ്രവിക്കുന്നതിനേക്കാൾ ഉപവാസമാണ് നല്ലത്. വീഞ്ഞ് വിഗ്രഹാരാധനയോട് ബന്ധപ്പെട്ടിരുന്നതുകൊണ്ടായിരിക്കാം വീഞ്ഞു മനപൂർവ്വം ചേർത്തത്.[70] പഴയ നിയമത്തിൽ ദാനിയേൽ രാജാവിന്റെ മേശയിലെ ഭക്ഷണവും വീഞ്ഞും നിരസിച്ചിരുന്നു

(ദാനി. 1:8). പക്ഷേ ഭക്ഷണം കഴിക്കുന്നതിനു മുമ്പായി ഭക്ഷണവും വീഞ്ഞും എല്ലാം വിഗ്രഹത്തിനു പ്രതിഷ്ഠിച്ചിരുന്നതുകൊണ്ടാകാം. ഭക്ഷണപാനിയങ്ങളുടെ ഒരു അംശം വിഗ്രഹത്തിനു നിവേദിച്ചിരുന്നു.[71]

എന്നാൽ പൗലൊസ് പഠിപ്പിച്ച വിഷയത്തിൽ നിന്നും കാടുകയറി പോകരുതല്ലോ. പൗലൊസ് പറഞ്ഞു നിന്റെ സഹോദരൻ ഇടറി വീഴുവാൻ ഇടയാക്കുന്ന യാതൊരു കാര്യവും ചെയ്യരുത് എന്ന്. 1 കൊരി. 8:13-ൽ പൗലൊസ് പറഞ്ഞു. ഭക്ഷണം എന്റെ ബലഹീന സഹോദരന് ഇടർച്ചയാണെങ്കിൽ *ഞാൻ ഒരിക്കലും മാംസം തിന്നുകയില്ല.* ചിലർ ഈ പ്രസ്താവന അല്പം കടന്നുപോയി എന്ന് ചിന്തിക്കുന്നു. അവർക്ക് ചിലതൊക്കെ ചെയ്യുവാൻ അവകാശമുണ്ടെന്ന് അവർ പറയുന്നു. പൗലൊസ് ഫലത്തിൽ ഇങ്ങനെ പഠിപ്പിച്ചു. നിന്റെ സഹോദരനെ സഹായിക്കേണ്ടതിന് ചില അവകാശങ്ങൾ വെടിയുവാൻ നിനക്ക് അവകാശമുണ്ട്.[72]

**വാക്യം 22.** പൗലൊസ് ''ശക്തനായ'' സഹോദരനെ ഉപദേശിക്കുന്നു. താൻ പറയുന്നു: **മാംസം തിന്നുന്നത് സ്വീകാര്യമാണെന്ന് വിശ്വസിക്കുന്നു എന്ന വിവരം പരസ്യപ്പെടുത്തരുത്**[73] എന്ന്. നിനക്കുള്ള വിശ്വാസം ദൈവസന്നിധിയിൽ നിനക്കുതന്നെ ഇരിക്കട്ടെ. ഇവിടെ ''വിശ്വാസം'' എന്നു പറയുന്നത് ''ശക്തനായ'' സഹോദരന്റെ ശക്തമായ വിശ്വാസമാണ്. മാംസം തിന്നുന്നതിൽ യാതൊരു തെറ്റും ഇല്ല. CEV 22-ാം വാക്യത്തിന്റെ ആദ്യഭാഗം ഇങ്ങനെ വെളിപ്പെടുത്തുന്നു, ''ഈ സംഗതികളെക്കുറിച്ചുള്ള നിന്റെ വിശ്വാസം നീയും ദൈവവും മാത്രം അറിഞ്ഞാൽ മതി.'' ക്രിസ്ത്യാനി നേരായ മാർഗ്ഗത്തിൽ നിന്ന് വ്യതിചലിക്കണമെന്നോ ചതിവു ചെയ്യണമെന്നോ അഭിപ്രായപ്പെടുകയല്ലായിരുന്നുവോ? ഒട്ടും തന്നെ അല്ല, പിന്നെയോ അവരുടെ അഭിപ്രായം അവരുടെ സ്വന്തമാക്കി സൂക്ഷിച്ചാൽ മതി എന്ന് പറയുകയായിരുന്നു. അത് പരസ്യമായി പറഞ്ഞാൽ ഒരു സഹക്രിസ്ത്യാനിക്ക് പ്രയാസം ഉണ്ടായേക്കും.

പൗലൊസ് അതിനോടു ചേർത്തുപറയുന്നു, **''താൻ സ്വീകരിക്കുന്നതിൽ തന്നെത്താൻ വിധിക്കാത്തവൻ ഭാഗ്യവാൻ.''** ''താൻ സ്വീകരിക്കുന്നതിൽ'' എന്നുള്ളത് മാംസം ഭക്ഷിക്കുന്നതിനെ കുറിക്കുന്നു. ഒരു ''ശക്തനായ'' സഹോദരൻ ''ബലഹീന'' സഹോദരനെ മാംസം തിന്നുന്നതിനാൽ മുറിപ്പെടുത്തിയാൽ അല്ലെങ്കിൽ തന്റെ അഭിപ്രായം പരസ്യപ്പെടുത്തിയാൽ അവന്റെ പ്രവൃത്തി തന്നെ അവനെ ശിക്ഷ വിധിക്കും. അവൻ തന്റെ അഭിപ്രായം സ്വന്തമാക്കിവച്ചാൽ അവന് ''സന്തോഷ'' മായിരിക്കാം.[74] മത്തായി 5:3-11 വരെ ''ഭാഗ്യവാന്മാർ'' എന്നുപയോഗിച്ചിരിക്കുന്ന പദം തന്നെ ഇവിടെ ഉപയോഗിച്ചിരിക്കുന്നു, μακάριος (*makarios*). മോറിസിന്റെ അഭിപ്രായത്തിൽ അതിലൊരു മതപരമായ അംശം കുറവാണ്. Happy ഒരു വെറും വികാരം മാത്രമല്ല ദൈവാനുഗ്രഹം തന്നെയാണ്.[75] ഇതര സഹോദരന്മാരുടെ കാര്യത്തിൽ കൂടുതൽ കരുതലുള്ളവരുടെമേൽ ദൈവം കൂടുതൽ അനുഗ്രഹങ്ങൾ പകരുന്നു. സ്വന്തത്തിനായി മാത്രം കരുതുന്നവരെക്കാൾ.

**വാക്യം 23.** ഇത് നമ്മെ റോമർ 14ലെ ചർച്ചയിലേക്കു നടത്തിയ വാക്യത്തിലേക്ക് കൊണ്ടുവരുന്നു. **എന്നാൽ സംശയിക്കുന്നവൻ തിന്നുന്നു എങ്കിൽ അത് വിശ്വാസത്തിൽ നിന്ന് ഉത്ഭവിക്കായ്കകൊണ് അവൻ കുറ്റക്കാരനായിരിക്കുന്നു. എന്തുകൊണ്ടെന്നാൽ (അവന്റെ മാംസം തിന്ന പ്രവൃത്തി) വിശ്വാസത്തിൽ നിന്നല്ല. വിശ്വാസത്തിൽ നിന്ന് ഉത്ഭവിക്കാത്തതൊക്കെയും പാപമാകുന്നു.** 14-ാം അദ്ധ്യായത്തിലെവിടെയും ആയിരുന്നതുപോലെ ഇവി

ടെയും വിശ്വാസം എന്നതിന് വ്യക്തിപരമായ അഭിപ്രായം എന്ന അർത്ഥമാണു ള്ളത്. MacCord 23-ാം വാക്യത്തെ ഇങ്ങനെ പറയുന്നു, ''സംശയിക്കുന്നവൻ തിന്നുന്നു എങ്കിൽ അവൻ *കുറ്റക്കാരനാകുന്നു*. എന്തെന്നാൽ അവന് ഉറപ്പ് കുറ വാണ്. ഉറപ്പില്ലാത്തതൊക്കെയും പാപമാകുന്നു.'' ''ഒരാളുടെ മനസാക്ഷിയെ ലംഘിക്കാതിരിക്കുന്നത് എത്ര പ്രധാന വിഷയമാണെന്നുള്ള ബൈബിളിലെ പ്രസ്താവനയാണിത്.'' ഫിലിപ്സിന്റെ പരാവർത്തനത്തിൽ സമാധാനമില്ലാത്ത മനസാക്ഷിയോടു കൂടിയാണ് മാംസം തിന്നുന്നതെങ്കിൽ അവൻ തെറ്റുകാരനാ ണ്. (നാം വിശ്വാസം കൂടാതെ പ്രവർത്തിക്കുമ്പോൾ നാം പാപം ചെയ്യുന്നു.)

23-ാം വാക്യത്തിൽ ശക്തിമത്തായ വാക്കുകൾ ഉപയോഗിക്കുന്നു: ''സംശ യിക്കുന്നവൻ തിന്നുന്നു എങ്കിൽ അത് വിശ്വാസത്തിൽ നിന്ന് ഉത്ഭവിക്കായ്ക കൊണ്ട് അവൻ *കുറ്റക്കാരനായിരിക്കുന്നു*.'' ചിലർ അതിനെ മയപ്പെടുത്താൻ ശ്രമിക്കുന്നു. അവന്റെ മനസ്സാക്ഷിയാണ് അവനെ കുറ്റപ്പെടുത്തുന്നത് ദൈവ മല്ല എന്നു പറഞ്ഞു. ഈ വാക്യം അതിന്റെ മുമ്പിലത്തെ വാക്യവുമായി ബന്ധപ്പെട്ടതാണല്ലോ. 22-ാം വാക്യത്തിൽ ദൈവത്താൽ അനുഗ്രഹിയ്ക്കപ്പെ ടുന്നതിനോട് വൈരുദ്ധ്യമായി 23-ാം വാക്യത്തിൽ ദൈവത്താൽ കുറ്റപ്പെടു ത്തുന്നതിനെ കാണിച്ചിരിക്കുന്നു.

പൗലൊസ് ''നിന്റെ മനസ്സാക്ഷി നിന്റെ നടത്തിപ്പുകാരനായിരിക്കട്ടെ മതപരമായ വിഷയങ്ങളിൽ'' എന്ന് അഭിപ്രായപ്പെടുകയല്ലായിരുന്നു എന്ന് വീണ്ടും ഉറപ്പിച്ചു പറവാനാഗ്രഹിക്കുന്നു. നമ്മുടെ മതപരമായ അധികാരം ദൈവ വചനമാണ് നമ്മുടെ മനസ്സാക്ഷികളല്ല. ദൈവവചനത്താൽ പരിശീ ലിയ്ക്കപ്പെട്ട മനസ്സാക്ഷിയ്ക്കു മാത്രമെ സുരക്ഷിതമായി നടത്തുന്ന നടത്തി പ്പുകാരനാകുവാൻ കഴിയൂ. പോയ വർഷങ്ങളിലെല്ലാം അനേകർ ശുദ്ധമായ മനസ്സാക്ഷിയോടുകൂടെ ദൈവത്തോട് അനുസരണക്കേടു കാണിച്ചിട്ടുണ്ട് (പ്രവൃ. 8:3; 23:1 കാണുക). എങ്കിലും ഇവിടം വരെ മനസ്സാക്ഷിക്ക് തെറ്റായ ഒരു കാര്യത്തെ ശരിയാക്കുവാൻ കഴിയുകയില്ല. ''എന്നാൽ ശരിയായതിനെ തെറ്റ് ആക്കുവാൻ കഴിയും.''[76]

സത്യം അധികമായി ശക്തിപ്പെടുത്തുവാൻ സാധിക്കുകയില്ല നിന്റെ മനസ്സാക്ഷിക്ക് എതിരായി പ്രവർത്തിക്കരുത്. സ്റ്റേറ്റ് അതിനോടു ചേർത്തു പറയുന്നു. ''മനസ്സാക്ഷിക്ക് എതിരായി പ്രവർത്തിക്കരുത് എന്നതിനോട് ചേർത്ത് മനസ്സാക്ഷിയെ പഠിപ്പിയ്ക്കണം'' എന്നുകൂടി പറയുന്നു.[77] വീണ്ടും പഠനം നടത്തുമ്പോൾ മനസ്സാക്ഷി തെറ്റാണെന്നു പറയുന്ന കാര്യങ്ങളൊന്നും നാം ചെയ്യരുത്. ഒരു പഴമൊഴി പറയുന്നത് സംശയത്തോടെ ഒന്നും തന്നെ ചെയ്യരുത്. ആ പ്രമാണം മനസ്സാക്ഷിയെ സംബന്ധിച്ച് വളരെ ശരിയാണ്. ഒരു കാര്യം ചെയ്യാമോ എന്ന് *സംശയം* തോന്നിയാൽ അതു *ചെയ്യരുത്*.

23-ാം വാക്യം വിടുന്നതിനു മുൻപ് ഒരു കാര്യം ഓർമ്മപ്പെടുത്തട്ടെ. ഇതിൽ നിന്നും നമുക്കെല്ലാവർക്കും ഒരു സന്ദേശമുണ്ടെങ്കിലും പൗലൊസ് ''ശക്ത രായ'' സഹോദരന്മാരെയാണ് ഉദ്ദേശിച്ചെഴുതിയത്. താൻ ''ശക്തരായവരോടു'' പറയുന്നത് ബലഹീന സഹോദരൻ മനസ്സാക്ഷിയുടെ ശബ്ദം ലംഘിച്ച് പാപം ചെയ്യുവാനിടവരുന്ന യാതൊരു കാര്യവും ചെയ്യരുതെന്നാണ്. തന്മൂലം അവൻ ശിക്ഷാവിധിയിലാകുമല്ലോ. അതാണ് ഏറ്റവും പ്രധാനമായിട്ടുള്ളത്. ശരിയാ യതു ചെയ്യുന്നതിനേക്കാൾ.

ശരി ചെയ്യുന്നത് പ്രധാനപ്പെട്ട കാര്യമാണ്. *വിശ്വാസ* സംബന്ധമായ കാര്യ ങ്ങളിൽ ശരിയായതു തന്നെ ചെയ്യണം. നിശബ്ദരായിരിപ്പാനോ തെറ്റിനോട്

സന്ധിചെയ്വാനോ സാധിക്കാത്ത സ്ഥാനങ്ങളുണ്ട്. യേശുവിന്റെയും ശിഷ്യ ന്മാരുടെയും ജീവിതങ്ങൾ തർക്കങ്ങളാൽ നിറഞ്ഞവയായിരുന്നു. വിശ്വാസ ത്തിനുവേണ്ടി പോരാടേണ്ടതും ആവശ്യമാണ് (യൂദ 3).[78] തെറ്റുപദേശക്കാരോട് ''ഒരു നിമിഷം പോലും കീഴ്പെട്ടു കൊടുത്തില്ല'' എന്ന് പൗലൊസ് പറഞ്ഞു (ഗലാ. 2:5).

*അഭിപ്രായ* വ്യത്യാസങ്ങൾ മാത്രം ഉള്ള സ്ഥാനങ്ങളിൽ ചില കാര്യങ്ങൾ, ശരി എന്നതിനേക്കാൾ പ്രാധാന്യമർഹിക്കുന്നു. ഒരു സഹോദരന് മുറിവു വരുവാനിടയാകുന്നതിനേക്കാൾ നല്ലത് ശരി എന്നതിന് വിട്ടുവീഴ്ച ചെയ്യുക യാണ്. ഒരു സഹോദരനെ സഹായിക്കുന്നതാണ് ശരിയ്ക്കുവേണ്ടി പിടിച്ചുന ിൽക്കുന്നതിനേക്കാൾ പ്രയോജനം. നമുക്കു നമ്മെക്കുറിച്ചുള്ളതി നേക്കാൾ കരുതൽ നമ്മുടെ സഹോദരീസഹോദരൻമാരെക്കുറിച്ചാകട്ടെ.

## കൂടുതലായ പഠനത്തിന് ''വിധിക്കുക'' (*Krinō*) എന്ന പദത്തെക്കുറിച്ചുള്ള പഠനം

എന്ന ഗ്രീക്കു പദം ''വിധിയ്ക്കുക'' എന്ന് വളരെ അധികമായി തർജ്ജമ ചെയ്യപ്പെടുന്നു. റോമർ 14-ൽ 9 പ്രാവശ്യം ഉപയോഗിയ്ക്കപ്പെട്ടിരിക്കുന്നു. ഈ വാക്ക് പ്രാഥമികമായി വേർതിരിക്കുക, തെരെഞ്ഞെടുക്കുക എന്നീ അർത്ഥ ങ്ങളിലും ഉപയോഗിയ്ക്കപ്പെടുന്നു.[79] ആ വാക്കിനാൽ ഉദ്ദേശിക്കപ്പെടുന്ന ചിന്ത അതെ എന്ന അർത്ഥത്തിലും നിഷേധാർത്ഥത്തിലും ഉപയോഗിച്ചിരിക്കു ന്നതായി കാണപ്പെടുന്നു. രണ്ടുപയോഗങ്ങളും പാഠത്തിൽ കാണാം. താഴെ പറയുന്ന വാക്യങ്ങളിൽ അടിവരയിട്ട് കാണപ്പെടുന്ന വാക്കുകൾ *krinō* യുടെ വിവിധ അർത്ഥങ്ങളിൽ ഉപയോഗിച്ചിരിക്കുന്നു അത് ശ്രദ്ധിക്കുക:

14:3 — തിന്നുന്നവൻ തിന്നാത്തവനെ ധിക്കരിക്കരുത്. തിന്നാത്തവൻ തിന്നുന്നവനെ *വിധിക്കരുത്.* ദൈവം അവനെ കൈക്കൊണ്ടിരിക്കു ന്നുവല്ലോ.

14:4 — മറ്റൊരുത്തന്റെ ദാസനെ *വിധിപ്പാൻ* നീ ആർ? അവൻ നില്ക്കു ന്നതോ വീഴുന്നതോ സ്വന്തം യജമാനനത്രെ. അവൻ നിൽക്കും താന ും അവനെ നില്ക്കുമാറാക്കുവാൻ കർത്താവിനു കഴിയുമല്ലോ.

14:5 — ഒരുവൻ ഒരു ദിവസത്തേക്കാൾ മറ്റൊരു ദിവസത്തെ *മാനിക്കുന്നു.* വേറൊരുവൻ സർവദിവസങ്ങളെയും *മാനിക്കുന്നു.* ഓരോരുത്തൻ താന്താന്റെ മനസ്സിൽ ഉറെച്ചിരിക്കട്ടെ.

14:10 — എന്നാൽ നീ സഹോദരനെ *വിധിക്കുന്ന*തെന്ത്? അല്ലാ; നീ സഹോ ദരനെ ധിക്കരിക്കുന്നതെന്ത്? നാം എല്ലാവരും ദൈവത്തിന്റെ ന്യായാ സനത്തിനു മുൻപാകെ നിൽക്കേണ്ടിവരും.

14:13 — അതുകൊണ്ട് നാം ഇനി അന്യോന്യം *വിധിക്കരുത്.* സഹോദരന് ഇടർച്ചയോ തടങ്ങലോ വെക്കാതിരിപ്പാൻ മാത്രം ഉറെച്ചുകൊൾവിൻ.

14:22 — നിനക്കുള്ള വിശ്വാസം ദൈവസന്നിധിയിൽ നിനക്കുതന്നെയിരിക്കട്ടെ. താൻ സ്വീകരിക്കുന്നതിൽ തന്നെത്താൻ *വിധിക്കാത്തവൻ* ഭാഗ്യവാൻ.

14:23 — എന്നാൽ സംശയിക്കുന്നവൻ തിന്നുന്നു എങ്കിൽ അത് വിശ്വാസത്തിൽ നിന്ന് ഉത്ഭവിക്കായ്കകൊണ്ട് അവൻ *കുറ്റക്കാരനായിരിക്കുന്നു.*

14-ാം അദ്ധ്യായത്തിൽ *krinō* യെ ചിലപ്പോൾ നിശ്ചിതമായ അർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നു. അതിനെ 5-ാം വാക്യത്തിൽ 2 പ്രാവശ്യം "regards" (മാനിക്കുന്നു) എന്നും രണ്ടു പ്രാവശ്യവും 13യ യിൽ തീരുമാനിക്കുക എന്നും ഉപയോഗിച്ചിരിക്കുന്നു. എന്നാൽ ഈ ക്രിയാപദത്തിന് ഒരു നിഷേധാർത്ഥവുമുണ്ട്. സാധാരണയായി "വിധിക്കുക" എന്ന് തർജ്ജമ ചെയ്യപ്പെട്ടിരിക്കുന്നത് (14:3, 4, 10, 13മ വാക്യങ്ങളിലാണ്). അദ്ധ്യായത്തിന്റെ അവസാനഭാഗത്ത് അതിനെ കുറ്റം വിധിച്ചിരിക്കുന്നു. "ഈilലlി" എന്നാണ് തർജ്ജമ ചെയ്തിരിക്കുന്നത് (14:22, 23).

14-ാം അദ്ധ്യായത്തിന്റെ അവസാനത്തെ പകുതി ഇങ്ങനെ തുടങ്ങുന്നു. "അതുകൊണ്ട് നാം ഇനി അന്യോന്യം വിധിക്കരുത്" (14:13). ചിലർ പൗലൊസിന്റെ ഈ ഗുണദോഷത്തെ നാം മറ്റുള്ളവരുടെ പഠിപ്പിക്കലിനെ വെല്ലുവിളിക്കാതെ സ്വീകരിക്കണമെന്നും നാം എല്ലാ വീക്ഷണങ്ങളോടും സഹതാപമുള്ളവരായിരിക്കണമെന്നും ചിന്തിക്കുന്നു (15:7). അന്യോന്യം കൈക്കൊള്ളണം എന്നു പഠിപ്പിച്ച പൗലൊസ് തന്നെ 16:17ൽ നിങ്ങൾ പഠിച്ച ഉപദേശത്തിനു വിപരീതമായ ദ്വന്തപക്ഷങ്ങളെയും ഇടർച്ചകളെയും ഉണ്ടാക്കുന്നവരെ സൂക്ഷിച്ചുകൊള്ളേണമെന്ന് പറയുന്നു. പൗലൊസ് ചിലരെ സൂക്ഷിയ്ക്കണമെന്നും ചിലരെ സ്വീകരിക്കണമെന്നും പറയുന്നുണ്ട്. എന്തുകൊണ്ടാണ് ഈ വ്യത്യാസം? നമ്മുടെ അഭിപ്രായത്തിൽ നിന്നും വ്യത്യസ്തമായി ചിന്തിക്കുന്നവരെ നാം കൈക്കൊള്ളണം. എന്നാൽ ഭിന്നതയുണ്ടാക്കുന്ന തെറ്റായ ഉപദേശങ്ങളെ ഉപേക്ഷിക്കണം. നാം ഒരു മുറുക്കെക്കെട്ടിയ കയറിൽ കൂടെയാണ് നടക്കുന്നത്. വലത്തു വശത്തോട്ടു വീഴാതെ ശ്രദ്ധിക്കണം. അവിടെ വ്യത്യസ്ത അഭിപ്രായക്കാരെ വിധിയ്ക്കരുത് അതേ സമയം ഇടത്തു ഭാഗത്ത് നാം തെറ്റിനെ സ്വീകരിച്ച് തെറ്റിനെ അനുവദിക്കുന്നതിൽ നിന്നും സൂക്ഷിക്കണം.

റോമർ 14:1-15:13 വരെ അഭിപ്രായത്തിന്റെ വിഷയങ്ങളാണ് എന്ന കാര്യം ഒന്നുകൂടെ എടുത്തു പറയട്ടെ. ഈ അഭിപ്രായവ്യത്യാസങ്ങളുള്ള വിഷയത്തെക്കുറിച്ച് പൗലൊസ് പറഞ്ഞത്. ആകയാൽ നാം ഇനി അന്യോന്യം വിധിക്കരുത് (14:13). ഈ കല്പന അനുസരിച്ചാൽ നമുക്ക് കർത്താവിന്റെ സഭയിൽ ഐക്യം വളർത്താനിടയാകും.

## പ്രായോഗികം

### വിഭാഗിക്കപ്പെടാതെ വിയോജിക്കുന്നത് (അദ്ധ്യായം 14)

*അഭിപ്രായ വിഷയത്തിലാണോ?*

1. സഭയിൽ. സഭയിലെ ആളുകളുടെയിടയിൽ എല്ലാക്കാലത്തും വിയോജിപ്പുണ്ടായിരുന്നു. അതെന്നും ഉണ്ടായിരിക്കുകയും ചെയ്യും. ഇവയിൽ

ചിലവ ഉപദേശ സംബന്ധമായ വിഷയങ്ങളായിരുന്നു. അതിനെക്കുറിച്ച് യൂദാ ഇങ്ങനെ എഴുതി. ''വിശുദ്ധന്മാർക്ക് ഒരിക്കലായിട്ട് ഭരമേൽപ്പിച്ചിരിക്കുന്ന വിശ്വാസത്തിനുവേണ്ടി പോരാടണം'' (യൂദാ 3). എന്നാൽ സഭകളിലെ കൂടിയ പങ്കു വിജോയിപ്പുകളും അഭിപ്രായവിഷയങ്ങളെ ചൊല്ലിയാണ്. റോമർ 14–ൽ പൗലൊസ് പറഞ്ഞു തരുന്നു, ക്രിസ്ത്യാനി എങ്ങനെയാണ് ഈതരം വിഷയങ്ങളെക്കുറിച്ച് വിയോജിപ്പുണ്ടായാൽ പെരുമാറേണ്ടത് എന്ന് വിശ്വാസ വിഷയങ്ങളെക്കുറിച്ചല്ലാതെ വിയോജിപ്പുണ്ടായാൽ. ക്രിസ്തുവിൽ സഹോദരിസഹോദരൻമാർ എന്ന നിലയ്ക്ക് നാം വിയോജിക്കണം എന്നാൽ സഭയിൽ പിളർപ്പുണ്ടാകുവാൻ ഇടവരരുത്.[80]

2. സമൂഹത്തിൽ പൗലൊസിന്റെ ആകുലത സഭയിൽ ഉണ്ടാകാവുന്ന അനൈക്യത്തെക്കുറിച്ചായിരുന്നു. എന്നാൽ ഉള്ള അഭിപ്രായങ്ങൾക്ക് ആളുകൾ സമാധാ-നമായി ജീവിക്കാൻ സാധിക്കാത്തതിനെ സഹായിക്കുവാൻ കഴിയും.[81] മറ്റുള്ളവരെ കൈക്കൊള്ളുന്നത്, അവരെ കെട്ടുപണി ചെയ്യുന്നത് അവരെ പ്രസാദിപ്പിക്കുന്നത് എന്നീ കാര്യങ്ങളുടെ തത്വങ്ങൾക്ക് ഏതു വിവാഹത്തിനും ഏതു കുടുംബത്തിനും പ്രയോജനകരമായിരിക്കും. ഈ ആശയങ്ങൾ സമൂഹങ്ങൾക്കും വ്യവസായ സ്ഥാപനങ്ങൾക്കും ഉള്ളിലെ പ്രക്ഷുബ്ധത നീക്കാൻ സഹായിക്കും. രാഷ്ട്രീയമായ രംഗങ്ങളിലായാലും Jim McGuiggan വാദിച്ചത് ഇങ്ങനെ സ്വന്തയിഷ്ടം മാത്രം നടത്തുവാനുള്ള ത്വര മാതാപിതാക്കളും മക്കളും തമ്മിലും, ഭാര്യാഭർത്താക്കന്മാർ തമ്മിലും പ്രശ്നമുണ്ടാക്കി ഉപേക്ഷണത്തിലേക്കു നീങ്ങുന്നു. ദേശീയവും അന്തർദേശീയവുമായ പ്രശ്നങ്ങൾ ലഹളയിലേക്കും യുദ്ധത്തിലേക്കും നയിക്കുന്നു.[82]

*വിശ്വാസ പ്രശ്നമോ?*

ഒരു വിയോജിപ്പിലേക്ക് റോമർ 14 പ്രയോഗിക്കുന്നതിനു മുമ്പായി. സംഗതി അഭിപ്രായ വിഷയമാണെന്ന് ഉറപ്പായിരിക്കണം. *ഏതു സമയത്തെങ്കിലും* നാം ഒരു സഹോദരനോട് അഭിപ്രായവ്യത്യാസം ഉണ്ടായാൽ സഹായിപ്പാൻ ഈ ഭാഗത്തുനിന്നും ചില പൊതു തത്വങ്ങൾ ന്യായമായി സ്വീകരിപ്പാൻ ഇടയാകുമെന്ന് കരുതുന്നു. ഉപദേശപരവും വിശ്വാസപരവും ആയ വ്യത്യാസങ്ങൾ ചർച്ചചെയ്യുമ്പോഴും സഹായകരമാകും. ചുവടെ ചില ഉദാഹരണങ്ങളുണ്ട്. നിങ്ങൾക്ക് കൂടുതലായി കണ്ടുപിടിക്കുവാനും കഴിയും. (എനിക്ക് ഈ ഓർമ്മപ്പെടുത്തലുകൾ ആവശ്യമായിരിക്കുമെന്നു കരുതുന്നു.)

1. ഉറച്ച ബോദ്ധ്യം ഉണ്ടായിരിക്കട്ടെ, സ്ഥിരതയും ഉണ്ടായിരിക്കട്ടെ.[83] ഒന്നാമതായി നാം ദൈവവചനം പരിപൂർണ്ണമായി ആദ്യന്തം പഠിയ്ക്കയും എരിവോടെ ദൈവഹിതം ഈ വിഷയത്തിൽ മനസ്സിലാക്കുവാൻ സാധിയ്ക്കുവാനായി പ്രാർത്ഥിയ്ക്കുകയും ചെയ്യണം. നാം വ്യക്തിപരമായി ഉറച്ച ബോദ്ധ്യമുള്ളവരായിരിക്കണം (14:5). നമ്മുടെ വിശ്വാസത്തിലും ഉപദേശത്തിലും പ്രവൃത്തിയിലും സ്ഥിരതയുള്ളവരുമായിരിക്കണം (14:23).

2. മനസ്സലിവുള്ളവരും കരുതലുള്ളവരുമായിരിക്കണം. ആരെങ്കിലും നമ്മുടെ തീരുമാനത്തോട് യോജിക്കാതെയിരുന്നാൽ നാം അവരോട് സ്നേഹമായിത്തന്നെ പെരുമാറുമെന്നുറയ്ക്കുക (14:15a). എങ്ങനെയായാലും അവനു വേണ്ടിയും ക്രിസ്തു മരിച്ചതാണ് (14:15b). സഹോദരന്മാരെയും സഹോദരിമാരെയും സ്നേഹിക്കുന്നുണ്ടെങ്കിൽ അവരോട് ആദരവായി പെരുമാറണം (14:10b). വിധിക്കുന്ന മനോഭാവമില്ലാതെ (14:10a), അവർ പറയുകയും ചെയ്യുകയും ചെയ്യുന്ന എല്ലാ കാര്യങ്ങളും ഏറ്റവും നല്ല വിധത്തിൽ

വ്യാഖ്യാനിയ്ക്കുക.

എന്തെങ്കിലും ചർച്ചയിലോ വിവാദത്തിലോ ഏർപ്പെടേണ്ടി വരുമ്പോൾ അവർ നമ്മെപ്പോലെ തന്നെ സത്യസന്ധരും കർത്താവിനായി ജീവിക്കുവാൻ പരിശ്രമിയ്ക്കുന്നവരുമാണെന്ന് ചിന്തിയ്ക്കുക (14:8). എതിരായിട്ടുള്ള വാദത്തിന്റെ ശരിയായ തത്വം മനസിലാക്കി ആ ഭാഗത്ത് എന്തെങ്കിലും പ്രയോജനമായതുണ്ടോ എന്ന് മനസിലാക്കുക.

3. സഹോദരന്മാരോട് കരുതലും സ്നേഹവും ഉള്ളവരായിരിക്കുക. നാം ചെയ്യുന്ന എല്ലാ കാര്യങ്ങളിലും അവരാരും മുറിവേല്ക്കപ്പെടുകയോ നിരാശപ്പെടുകയോ ചെയ്യുവാൻ അവസരമുണ്ടാക്കരുത് (14:20, 21). വിഭാഗീയതയുണ്ടാക്കുവാൻ നാം ഒരിയ്ക്കലും കാരണക്കാരാകരുത്. കർത്താവിന്റെ സഭയുടെ മേൽ ദൂഷണം വരുവാൻ നാം കാരണം വരുത്തരുത് (14:16). കർത്താവിന്റെ സഹായത്താൽ നാം സമാധാനത്തിനും ഓരോരുത്തരുടെയും ആത്മീക വർദ്ധനയ്ക്കുമായി നമുക്ക് തുടരെ പ്രവർത്തിയ്ക്കാം (14:19).

*ഉപസംഹാരം.* പൗലൊസ് പറഞ്ഞു (12:18), കഴിയുമെങ്കിൽ നിങ്ങളാൽ ആവോളം സകല മനുഷ്യരോടും സമാധാനമായിരിപ്പിൻ എന്ന്. ചിലപ്പോൾ നാം എത്ര പരിശ്രമിച്ചാലും ഒരു സഹോദരനോട് സമാധാനമായിരിപ്പാൻ സാധിച്ചില്ലെന്നുവരും. ചിലപ്പോൾ ദ്വന്ദപക്ഷങ്ങളും ഇടർച്ചകളും ഉണ്ടാക്കുന്നവരിൽ നിന്നും മാറിനിൽക്കേണ്ടിവരും (16:17). എന്നാൽ റോമർ 14 ന്റെ തത്വങ്ങളെ ആരോടെങ്കിലും വിയോജിപ്പുണ്ടാകുമ്പോൾ പ്രായോഗികമാക്കാം. അങ്ങനെയുള്ള അവസരങ്ങൾ കുറവും വളരെ ദൂരം ഇടവിട്ടും ആകട്ടെ. Coy Roper എഴുതി,

> റോമർ 14 പഠിച്ചതിൽ നിന്നും ഒന്നു മനസ്സിലായി. നാം നമുക്കും സഹോദരന്മാർക്കുമിടയിൽ വരയിടുവാൻ വൈമനസ്യം കാണിയ്ക്കണം. നമ്മോടു യോജിക്കാത്തവരോടുപോലും സ്വാഭാവികമായും സ്നേഹമനുസരണമായും ചാഞ്ഞിരിക്കണം. എന്നാൽ ഒടുവിൽ ഒരു സഹോദരനുമായി ചേർന്നുപോകുവാൻ തീരെ നിവൃത്തിയില്ലാതാകുമ്പോൾ പോലും അയാൾ പിടിച്ചിരിക്കുന്ന തെറ്റിന്റെ സ്വഭാവം നിമിത്തവും പിരിയുന്നത് വൈമനസ്യത്തോടെയും സങ്കടത്തോടും കണ്ണുനീരോടും ആയിരിക്കേണ്ടതാണ്.[84]

## നിങ്ങൾ നിങ്ങളുടെ മനസ്സാക്ഷിയെ വഴികാട്ടിയാക്കുമോ? (അദ്ധ്യായം 14)

നാം സാധാരണ കേൾക്കുന്ന ഒരു ചൊല്ലാണ് ''നിന്റെ മനസ്സാക്ഷി നിന്നെ വഴി നടത്തട്ടെ'' എന്ന്. ഒരാൾ തന്റെ മനസ്സാക്ഷിയനുസരിച്ച് ജീവിക്കുന്നിടത്തോളം എല്ലാം നന്നായി കലാശിക്കും എന്നൊരു ധാരണ മതങ്ങളിൽ ഉണ്ട്. ഈ ഭാഗത്ത് ഞങ്ങൾ ചോദിയ്ക്കുന്നു. നിന്റെ മനസ്സാക്ഷിയെ നിന്റെ വഴികാട്ടിയാക്കുമോ? എന്റെ ഉത്തരം ചില രാഷ്ട്രീയക്കാരുടേതുപോലെയായിരിക്കും. അതെ എന്നും അല്ല എന്നും ഞാൻ പറയുന്നതിന്റെ അർത്ഥം മനസ്സിലാക്കേണ്ടതിന് ശ്രദ്ധിക്കേണമേ. ''അല്ല'' (ചീ) എന്ന ഉത്തരത്തിൽ തുടങ്ങാം.

''*അല്ല*'': *മനസ്സാക്ഷിമാത്രം ആത്മീയ കാര്യങ്ങളിൽ മതിയായ വഴികാട്ടിയായിരിക്കുവാൻ പാടില്ല.* മനസ്സാക്ഷി ഒരു സുരക്ഷിതമായ വഴികാട്ടി അല്ല എന്ന് ബൈബിൾ വ്യക്തമാക്കുന്നു. പൗലൊസിന്റെ ഉദാഹരണം നോക്കുക. പൗലൊസ് എന്നും തന്റെ മനസ്സാക്ഷിപ്രകാരം ജീവിച്ചിരുന്നു. യഹൂദന്മാരുടെ

കൗൺസിലിൽ പൗലൊസ് ഇങ്ങനെ പറഞ്ഞു (പ്രവൃ. 23:1). ‘‘സഹോദരന്മാരെ! ഞാൻ ഇന്നോളം നല്ല മനസ്സാക്ഷിയോടുകൂടെ ദൈവത്തിന്റെ മുമ്പാകെ നടന്നിരിക്കുന്നു എന്നു പറഞ്ഞു’’. താൻ അഗ്രിപ്പാരാജാവിനോട് ‘‘നസറായനായ യേശുവിനു വിരോധമായി പലതും പ്രവർത്തിക്കണമെന്ന് ഞാൻ വിചാരിച്ചു (പ്രവൃ. 26:9). പൗലൊസ് തിമൊഥെയൊസിന് എഴുതിയപ്പോൾ ‘‘ഞാൻ നിർമ്മല മനസാക്ഷിയോടെ ആരാധിക്കുന്ന ദൈവം എന്നെഴുതി (2 തിമൊ. 1:3).

പൗലൊസിന്റെ മനസ്സാക്ഷി അവന്റെ പ്രവൃത്തികളെ സമ്മതിച്ചുകൊടുത്തു എങ്കിലും താൻ ഒരു ക്രിസ്ത്യാനി ആകുന്നതിനു മുൻപ് ദൈവത്തിനു പ്രസാദമല്ലാത്ത പലതും ചെയ്തിരുന്നു. യേശുവിനെ നിരസിയ്ക്കുക, ക്രിസ്ത്യാനികളെ പീഢിപ്പിക്കുക നിർദോഷികളായ പുരുഷന്മാരെയും സ്ത്രീകളെയും കൊല്ലിക്കുക മുതലായ പലതും ചെയ്തു എന്ന് അഗ്രിപ്പാരാജാവിന്റെ മുമ്പാകെ പറഞ്ഞു:

> ... മഹാപുരോഹിതന്മാരോട് അധികാരപത്രം വാങ്ങി വിശുദ്ധന്മാരിൽ പലരെയും തടവിൽ ആക്കി അടച്ചു. അവരെ നിഗ്രഹിക്കുന്ന സമയം ഞാനും സമ്മതം കൊടുത്തു. ഞാൻ എല്ലാ പള്ളികളിലും അവരെ പലപ്പോഴും ദണ്ഡിപ്പിച്ചുംകൊണ്ട് ദൂഷണം പറവാൻ നിർബന്ധിക്കുകയും അവരുടെ നേരേ അത്യന്തം ഭ്രാന്തു പിടിച്ച് അന്യപട്ടണങ്ങളോളവും ചെന്ന് അവരെ ഉപദ്രവിക്കുകയും ചെയ്തു (പ്രവൃ. 26:10, 11).

1 തിമൊഥെയൊസ് 1:15-ൽ തിമൊഥെയൊസിനോടു പറഞ്ഞു. ‘‘ക്രിസ്തു യേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു ... ആ പാപികളിൽ ഞാൻ ഒന്നാമൻ.’’

1 കൊരി. 4:4-ൽ പൗലൊസ് ഇങ്ങനെ പറഞ്ഞു. ‘‘എനിക്ക് യാതൊരു കുറ്റത്തെക്കുറിച്ചും ബോധമില്ലെങ്കിലും അതിനാൽ ഞാൻ നീതിമാൻ എന്നു വരികയില്ല. എന്നെ വിധിക്കുന്നത് കർത്താവ് ആകുന്നു.’’ ‘‘ക മാ രീരെശീൗ’’ എന്ന ക്രിയ ‘‘രീരെശലിരല’’ എന്നതിന്റെ ഗ്രീക്കു രൂപമാണ്. ഫലത്തിൽ പൗലൊസ് പറഞ്ഞത് ‘‘എന്റെ മനസ്സാക്ഷി എന്നെ ശിക്ഷ വിധിക്കുന്നില്ല എങ്കിലും അതുകൊണ്ടു മാത്രം നീതിമാനെന്നു വരുന്നില്ല. എന്നെ വിധിക്കുന്നത് ദൈവമാകുന്നു.’’

മതത്തിൽ മനസ്സാക്ഷി ഒരു സുരക്ഷിതമായ വഴികാട്ടിയല്ല. എന്നതിന് ധാരാളം തെളിവുകൾ കൊണ്ടുവരുവാൻ കഴിയും. വേദപുസ്തകത്തിൽനിന്നും, മനുഷ്യരുടെ അനുഭവങ്ങളിൽ നിന്നും ബൈബിളിൽ ആളുകൾ പലപ്പോഴും ആശയങ്ങൾ ശരിയാണെന്നു ധരിച്ച് അങ്ങനെ അല്ലാതെയിരിക്കുമ്പോൾ. ഉദാഹരണമായി ജോസഫിന്റെ രക്തം പുരണ്ട അങ്കി കണ്ടിട്ട് സത്യമായും അവൻ കാട്ടുമൃഗങ്ങളാൽ കൊല്ലപ്പെട്ടു എന്ന് വിശ്വസിച്ചു (ഉല്പത്തി 37:31-35).

ആളുകൾക്ക് സത്യസന്ധമായി തെറ്റു ധരിക്കുവാനും പരമാർത്ഥമായി തെറ്റിപ്പോകുവാനും സാധിക്കും. ‘‘മനുഷ്യന് ഒരു വഴി ശരിയായി തോന്നുന്നു. എന്നാൽ അതിന്റെ അന്തം മരണവഴികളാകുന്നു’’ (സദൃശ 14:12; 16:25) ഒരു കള്ളം വിശ്വസിച്ച് നശിച്ചുപോകാൻ സാധിക്കും (2 തെസ്സ 2:10-12). സത്യം മാത്രമെ നമ്മെ സ്വതന്ത്രമാക്കൂ (യോഹ. 8:23).

ഏതു ജീവിത മേഖലയിലായാലും മനസ്സാക്ഷി മാത്രം സുരക്ഷിതമായ ഒരു വഴികാട്ടിയല്ല:[85] യാത്രയ്ക്കുള്ള തെറ്റിക്കൂടാത്ത ഒരു വഴികാട്ടിയുമല്ല. ഒരു

വഴി ശരിയാണെന്ന് അറിയുവാൻ മനസ്സാക്ഷിമാത്രം പോരാ. ഡോക്ടർമാർ പരമാർത്ഥമായി രോഗത്തെ ചികിത്സിച്ചിട്ടും ശരിയായ കണ്ടുപിടുത്തമല്ലാത്തതിനാൽ ചികിത്സ ശരിയായില്ല. തെറ്റായ രോഗത്തെയാണ് ചികിത്സിച്ചത്. വ്യവസായ തൊഴിൽ രംഗങ്ങളിലും മനസാക്ഷിമാത്രം പോരാ പലരും പുതിയ വ്യവസായങ്ങൾ തുടങ്ങുന്നു. നല്ല മനസാക്ഷിയോടെ എന്നാൽ മനസാക്ഷി മതിയായ വഴികാട്ടിയല്ല. ഉള്ളതെല്ലാം നശിപ്പിച്ചിട്ടുണ്ട്. വിവാഹത്തിലും മനസാക്ഷി മതിയായ വഴികാട്ടിയല്ല. സത്യസന്ധമായി വിവാഹത്തിൽ തങ്ങളുടെ ജീവിത പങ്കാളിയെ അറിയാമെന്നു വിശ്വസിച്ചവർ അവരെ ഒട്ടും തന്നെ അറിഞ്ഞില്ല എന്നു മനസിലാക്കുന്നു (യാക്കോബ് പൂർണ്ണ വിശ്വാസത്തോടെ റാഹേലിനെ വിവാഹം ചെയ്തിട്ട് വിവാഹം ചെയ്യാനിടയായത് അവളുടെ സഹോദരി ലേയയെ ആയിരുന്നു [ഉല്പത്തി. 29:21-30])!

*എന്തുകൊണ്ടാണ്* മതത്തിൽ മനസാക്ഷിമാത്രം പോരാ എന്ന് പറയുന്നത്? പ്രാഥമിക കാരണം എന്തെന്നാൽ മനസാക്ഷിയ്ക്കു ലഭിച്ചിട്ടുള്ള *അറിവ്* പരിമിതമാണ്.

എല്ലാവരും മനസാക്ഷിയുമായി ഒരുങ്ങി തയ്യാറായി നിൽക്കുന്നു. വ്യക്തികൾക്ക് ജന്മനാൽ തന്നെ ചില കാര്യങ്ങൾ തെറ്റാണെന്നും ചിലത് ശരിയാണെന്നും അറിയാം. ചില പ്രത്യേക സംഭവങ്ങളിൽ നടന്നിട്ടുള്ള ചില കാര്യങ്ങൾ തെറ്റാണെന്ന് ഭൂരിപക്ഷം ആളുകളും അറിയുന്നു. ഉദാ. ഹിറ്റ്ലർ യഹൂദന്മാരോടു പെരുമാറിയ വിധം തെറ്റാണെന്ന് എല്ലാവരും തന്നെ പറയും.

അങ്ങനെയുള്ള കാര്യങ്ങൾക്കപ്പുറമായി ഒരാളുടെ മനസ്സാക്ഷി തെറ്റെന്നോ ശരിയെന്നോ പറയുന്നത് ആ ആളിനെ എങ്ങനെ പഠിപ്പിച്ചിരിക്കുന്നു എന്നതനുസരിച്ചാണ്. ധാരാളം പേർ വിഗ്രഹങ്ങളെ ആരാധിക്കുന്നു. ബഹുഭാര്യത്വം നടത്തുന്നു. അടിമകളെ സൂക്ഷിക്കുന്നു. എന്നാൽ അവരുടെ മനസ്സാക്ഷി അവരെ കുറ്റപ്പെടുത്തുന്നില്ല. കാരണം അവരെ അങ്ങനെയാണ് പഠിപ്പിച്ചിരിക്കുന്നത്. വിവിധ പശ്ചാത്തലത്തിലുള്ള സംസ്ക്കാരങ്ങൾ ചേരുമ്പോൾ മനസ്സാക്ഷികൾ തമ്മിൽ ശണ്ഠ ഉണ്ടാകുന്നു. ബ്രിട്ടീഷുകാർ ഇൻഡ്യയെ അവരുടെ സാമ്രാജ്യത്തിന്റെ ഭാഗമാക്കിയപ്പോൾ ചിലർ വിശ്വസിച്ചു വളരെ പുരാതനമായി അവിടെ നടന്നുവന്ന ചില കാര്യങ്ങൾ ഇല്ലാതാക്കുമെന്ന്. അതിലൊന്ന് ഒരു മനുഷ്യൻ മരിക്കുമ്പോൾ അയാളുടെ ജീവനുള്ള വിധവയെ അവനെ ദഹിപ്പിക്കുന്ന അഗ്നിയിൽ ദഹിപ്പിക്കണം എന്ന ആചാരമാണ്. ഈ ആചാരം തടഞ്ഞുകൊണ്ട് ബ്രിട്ടീഷുകാർ നിയമം നിർമ്മിച്ചു. ഒരു ഇൻഡ്യക്കാരനായ ഉദ്യോഗസ്ഥൻ മതഭക്തനായവൻ എതിർത്തു. വിധവയെ ചുട്ടുകരിക്കണമെന്ന് ഞങ്ങളുടെ മനസ്സാക്ഷി ഞങ്ങളോടു പറയുന്നു എന്നു വാദിച്ചു. ഉദ്യോഗസ്ഥൻ മറുപടി പറഞ്ഞു. നിങ്ങൾ അതു ചെയ്താൽ നിങ്ങളെ തൂക്കിക്കൊല്ലുമെന്ന് ഞങ്ങളുടെ മനസാക്ഷി പറയുന്നു!

മനസ്സാക്ഷിയെ ഒരു ജഡ്ജിനോട് (ന്യായാധിപനോട്) തുലനം ചെയ്യാം. ന്യായാധിപനും സാക്ഷിയും ജൂറിയും ശിക്ഷ നടപ്പാക്കുന്നവനുമായ ഒരാളായിട്ട് നിയമം ഉണ്ടാക്കുവാൻ ഇവർക്കും അധികാരമില്ല. നിയമം നടപ്പാക്കാനേ അവർക്കു കഴിയൂ. അതുകൊണ്ട് മനസ്സാക്ഷി നീതിന്യായം -നടപ്പാക്കുന്ന ഒരു സ്ഥാപനമാണ്. നിയമം ഉണ്ടാക്കുന്ന സ്ഥപനമല്ല. അതിനു ലഭ്യമായ ആത്മീകവും ധാർമ്മികവുമായ നിയമങ്ങളെ നടപ്പാക്കുവാൻ മാത്രമേ സാധിക്കൂ.

''ശക്തമായ'', ''ബലഹീനമായ'' മനസ്സാക്ഷിയുടെ നിർവ്വചനങ്ങൾ 1 കൊരി. 8 മുതൽ 10-ന്റെ അവസാനം വരെയും റോമർ 14, 15 എന്നിവയിലും

കാണാം. ''ശക്തമായ'' മനസ്സാക്ഷിയുള്ള വ്യക്തിക്ക് (15:1) വിഗ്രഹാർപ്പിതമായ മാംസം കഴിക്കുന്നതിനെക്കുറിച്ച് കൃത്യമായ *അറിവു ണ്ടായിരുന്നു.*

> അതുകൊണ്ട് വിഗ്രഹാർപ്പിതം തിന്നുന്നതിനെക്കുറിച്ച് വിഗ്രഹം എന്ന ഒന്നില്ല എന്നു *നമുക്കറിയാം.* ലോകത്തിൽ വിഗ്രഹം എന്ന് ഒന്നില്ല. ഒരു ദൈവമല്ലാതെ വേറെ ദൈവങ്ങളില്ല (1 കൊരി. 8:4 ലാുവമശെ മററലറ).

> *അറിവുള്ളവനായ* നീ ക്ഷേത്രത്തിൽ ഭക്ഷണത്തിനിരിക്കുന്നത് ഒരുത്തൻ കണ്ടാൽ ബലഹീനനെങ്കിൽ അവന്റെ മനസ്സാക്ഷി വിഗ്രാഹാർപ്പിതങ്ങളെ തിന്നുവാൻ തക്ക വണ്ണം ഉറെക്കയില്ലയോ? ആർക്കുവേണ്ടി ക്രിസ്തു മരിച്ചുവോ ആ ബലഹീന സഹോദരൻ ഇങ്ങനെ നിന്റെ അറിവിൽ നശിച്ചുപോകുന്നു (1 കൊരി. 8:10, 11 ലാുവമശെ മററലറ).

അതേ സമയം ''ബലഹീന'' മനസ്സാക്ഷിക്കാരന് (15:1) ആ അറിവില്ല: എങ്ങനെ യായാലും എല്ലാ മനുഷ്യർക്കും ഈ അറിവില്ല. എന്നാൽ വിഗ്രഹപരിചയം ഇന്നു വരെ ഉള്ളയാൾ വിഗ്രഹാർപ്പിതം എന്ന നിലയിൽ അത് തിന്നുന്നു. അവരുടെ ബലഹീന മനസ്സാക്ഷി അശുദ്ധമാകുന്നു (1 കൊരി. 8:7 ലാുവമശെ മററലറ).[86]

മനസ്സാക്ഷി അതിനെ തന്നെ ഒരു മനുഷ്യന് അറിയാവുന്നതിൽ ഏറ്റവും വലിയ നിലയിലേക്ക് ബന്ധിപ്പിക്കുന്നു എന്ന് ആരോ പറഞ്ഞിട്ടുണ്ട്. പ്രവർത്തി പ്പിക്കുന്ന വാക്ക് ''അറിയുന്ന'' എന്നുള്ളതാണ്. പക്വമായ അറിവ് അതായത് (വചനത്തിന്റെ അറിവ്) നന്മയും തിന്മയും തമ്മിൽ തിരിച്ചറിയുവാൻ കഴിവു തരുന്നു (എബ്രാ. 5:13, 14).

അതുകൊണ്ട് ഏറ്റവും പ്രധാന ചോദ്യം ഏതെന്നാൽ ''എന്റെ മനസാക്ഷി എന്തുപറയുന്നുവോ അതു ശരി എന്നതല്ല, പിന്നെയോ ദൈവത്തിന്റെ വചനം എന്തു പറയുന്നുവോ അതാണു ശരി'' എന്നതാണ്. നാം ഇങ്ങനെ വായിക്കുന്നു ''തന്നെത്താൻ പുകഴ്ത്തുന്നവനല്ല കർത്താവു പുകഴ്ത്തുന്നവനത്രെ കൊള്ളാ കുന്നവൻ'' (2 കൊരി. 10:18).

മനസ്സാക്ഷിയെ സുരക്ഷിതമായി നടത്തിയെങ്കിൽ മാത്രമെ മനസാക്ഷി ന മുക്കൊരു സുരക്ഷിതമായ നടത്തിപ്പുകാരനായിരിക്കയുള്ളൂ എന്ന് പറയപ്പെട്ടി ട്ടുണ്ട്. അതായത് ദൈവവചനത്തിന്റെ പഠിപ്പിക്കൽ സുരക്ഷിതമാക്കണം. ആളു കൾ മനസ്സാക്ഷിയുള്ളവരാണോ എന്നതല്ല ചോദ്യം. അവർ ശിശുസ്നാനം നടത്തുകയും ഞായറാഴ്ച്ചയല്ലാത്ത ദിവസങ്ങളിൽ കർത്താവിന്റെ അത്താഴം നടത്തുകയും ആരാധനയിൽ സംഗീതോപകരണങ്ങൾ ഉപയോഗിക്കുകയും മറ്റും ചെയ്യുമ്പോൾ ചോദ്യം ഇതിനെക്കുറിച്ച് *ബൈബിൾ* എന്തു പറയുന്നു എന്നായിരിക്കണം അങ്ങനെ മനസാക്ഷി ഒരു സുരക്ഷിതമായ നടത്തിപ്പുകാ രനല്ല.

പിന്നെയോ അതിനു ലഭിച്ച അറിവനുസരിച്ച് പരിമിതപ്പെട്ടിരിക്കുന്നു. മന സ്സാക്ഷിക്ക് നമ്മെ സുരക്ഷിതമായി നയിക്കുന്നതിനു കഴിയുകയില്ല എന്നു പറയുന്നതിന് രണ്ടാമതൊരു കാരണം കൂടിയുണ്ട്. ചിലർ തങ്ങളുടെ മനസ്സാ ക്ഷിയെ വല്ലാതെ ദുർവിനിയോഗം ചെയ്ത് മേലിൽ അതിന് ഒരു കാവലും ചെയ്യുവാൻ സാധിക്കാതെ ആയിപ്പോയിട്ടുണ്ട്. മനസ്സാക്ഷി ബലവത്തായിരിക്ക ണമെങ്കിൽ അതിന് ശരിയായ വ്യായാമം ഉണ്ടായിരിക്കണം (പ്രവൃ. 24:16 KJV).

ആളുകൾ മനസ്സാക്ഷിയെ അവഗണിക്കുമ്പോൾ അത് അശുദ്ധിയുള്ള തായിത്തീരുന്നു (തീത്തൊ. 1:15). ചൂടുവച്ച് പൊള്ളിച്ചതും അശുദ്ധവുമായ (1 തിമൊഥെ. 4:2) മനസ്സാക്ഷിയെ ഒരു വൃത്തികെട്ടതും അത് എന്തിനു വേണ്ടി ഉണ്ടാക്കിയോ ആ ഉദ്ദേശം സാധിപ്പിക്കാത്തതുമായ ഒരു ജനാലയോട് സാമ്യ പ്പെടുത്തിയിരിക്കുന്നു. മത്തായി 6ൽ യേശു അതുപോലെയൊരു ഉദാഹരണം ഉപയോഗിച്ചിട്ടുണ്ട്:

> ശരീരത്തിന്റെ വിളക്ക് കണ്ണ് ആകുന്നു. നിന്റെ കണ്ണു ചൊവ്വുള്ളതെ ങ്കിൽ നിന്റെ ശരീരം മുഴുവനും പ്രകാശിതമായിരിക്കും. കണ്ണു കേടു ള്ളതെങ്കിലോ നിന്റെ ശരീരം മുഴുവനും ഇരുണ്ടതായിരിക്കും (മത്തായി 6:22, 23; NCV).

യേശു കണ്ണു എന്നുപയോഗിച്ചത് ആത്മീയ കാര്യങ്ങളെ വകതിരിച്ചറിയുന്ന തിനുള്ള കഴിവിനെയാണ്. ശാരീരിക കണ്ണ് കാഴ്ചയില്ലാത്തതായാൽ ശരീരം മുഴുവനും ഇരുണ്ടതായിരിക്കും. അതുപോലെ തെറ്റും ശരിയും അഥവാ നല്ലതും തീയതും തമ്മിൽ വേർതിരിച്ചറിയുന്നതിനുള്ള കഴിവു നഷ്ടപ്പെട്ടാൽ ഒരാൾ ആത്മീയ അന്ധകാരത്തിലായിരിക്കും.

തെറ്റിദ്ധാരണകൾ മൂലവും തെറ്റായ ഉപയോഗം നിമിത്തവും മനസ്സാക്ഷി യുടെ തിരിച്ചറിയുന്ന വ്യവസ്ഥ കീഴ്മേൽ മറിഞ്ഞു പോവാനിടയുണ്ട്. യെശ യ്യാവ് നന്മയെ തിന്മയെന്നും തിന്മയെ നന്മയെന്നും വിളിക്കുന്നവരെക്കുറിച്ചു പറഞ്ഞിട്ടുണ്ട്. അതുപോലെ വെളിച്ചത്തെ ഇരുട്ട് എന്നും ഇരുട്ടിനെ വെളിച്ച മെന്നും പറയുന്നവരെക്കുറിച്ചും (യെശ. 5:20). പൗലൊസ് അവർക്ക് ലജ്ജ യായതിൽ മാനം തോന്നുന്നു എന്ന് എഴുതിയിട്ടുണ്ട് (ഫിലി. 3:19).

മനസ്സാക്ഷിയുടെ തെറ്റായ ഉപയോഗത്തെപ്പറ്റിയുള്ള ഈ വാക്യങ്ങൾ എന്റെ ചോദ്യത്തിന്റെ രണ്ടാമത്തെ ഉത്തരത്തിന്റെ ആവശ്യകത വെളിവാക്കു ന്നു. മനസാക്ഷിയെ നിങ്ങളെ നയിക്കുന്നവനായി സ്വീകരിപ്പാൻ കഴിയുമോ?:

"*അതെ*": *നാം മനസ്സാക്ഷിയുടെ ആലോചനകളെ ഒരിക്കലും അവഗണി ക്കരുത് — പ്രത്യേകിച്ച് തിരിച്ചറിഞ്ഞ് തീരുമാനം എടുക്കുന്ന വിഷയങ്ങളിൽ.* മനസാക്ഷി മാത്രം സുരക്ഷിതമായി നയിക്കുന്നവനായി കരുതാൻ പാടില്ല എന്നു പറഞ്ഞശേഷം മനസ്സാക്ഷി അപ്രധാനമെന്ന് ചിന്തിക്കുവാനിടയുണ്ട്. എന്നാൽ അത് സത്യവിരുദ്ധമാണ്. റോമർക്കെഴുതിയ ലേഖനത്തിൽ പൗലൊ സ് വ്യക്തമായി പറയുന്നു. മനസാക്ഷിയുടെ ശബ്ദത്തെ ലംഘിക്കുമ്പോൾ നാം പാപം ചെയ്യുന്നു എന്ന്:

> യാതൊന്നും സ്വതവേ മലിനമല്ല എന്ന് ഞാൻ കർത്താവായ യേശുവിൽ അറിഞ്ഞും ഉറച്ചും ഇരിക്കുന്നു. വല്ലതും മലിനമെന്ന് എണ്ണുന്നവനുമാത്രം അതു മലിനം ആകുന്നു (14:14).

> എന്നാൽ സംശയിക്കുന്നവൻ തിന്നുന്നു എങ്കിൽ അതു വിശ്വാസത്തിൽ നിന്ന് ഉത്ഭവിക്കായ്കകൊണ്ട് അവൻ കുറ്റക്കാരനായിരിക്കുന്നു. വിശ്വാ സത്തിൽ നിന്ന് ഉത്ഭവിക്കാത്തതൊക്കെയും പാപമത്രെ (14:23).

ഇവിടെ "വിശ്വാസം" എന്നുപയോഗിച്ചിട്ടുള്ളത് ദൈവവചനത്തിൽ നിന്നു

വരുന്ന വിശ്വാസത്തെക്കുറിച്ചല്ല (10:17). ഒരാൾ ശരിയോ തെറ്റോ എന്നു *വിശ്വസിക്കുന്നത്* ഒരാളുടെ വിലയിടുന്നതിനുള്ള കഴിവ് എന്നാണ്. ഒരാൾ തെറ്റെന്നോ ശരിയെന്നോ വിശ്വസിക്കുന്നതിനെതിരായി പ്രവർത്തിച്ചാൽ (വേറെ വാക്കിൽ മനസ്സാക്ഷി ലംഘനം നടത്തിയാൽ) ആ ആൾ പാപം ചെയ്യുകയും കുറ്റക്കാരനായിതീരുകയും ചെയ്യുന്നു എന്നാണ് പൗലൊസ് പറയുന്നത്.[87]

എന്തുകൊണ്ടാണ് മനസ്സാക്ഷിയെ ലംഘിക്കുന്നത് പാപമായി തീരുന്നത്? എന്തുകൊണ്ടെന്നാൽ ഓരോ സമയത്തും ഒരാൾ തന്റെ മനസ്സാക്ഷിയെ ലംഘി ക്കുമ്പോൾ മനസ്സാക്ഷിയെ ഫലമില്ലാത്ത അവസ്ഥയിലാക്കുകയാണ്. ദൈവം തന്നിൽ വച്ചിട്ടുള്ള ഒരു രക്ഷാകവചത്തെ കുറേശ്ശേ നശിപ്പിക്കുകയാണ്. മന സ്സാക്ഷിയെ നമ്മുടെ ശരീരത്തിലെ നാഡീവ്യൂഹത്തോട് താരതമ്യപ്പെടുത്താം. തീയിൽ നിന്നും അകന്നു മാറി നില്ക്കുവാനുള്ള നാഡീവ്യൂഹത്തിന്റെ ശബ്ദം അനുസരിച്ചില്ലെങ്കിൽ വേഗം നാം തീയിൽ പെട്ടുപോകും.

ഒരു പെൺകുട്ടി മനസാക്ഷിയെ ഒരു മൂർച്ചയുള്ള ചക്രത്തോട് ഉപമിച്ചു. അതിനു മൂർച്ചയുള്ള പല ബിന്ദുക്കളുണ്ട്. ആ ചക്രം നമ്മിൽ കറങ്ങിക്കൊ ണ്ടിരിക്കുന്നു. നാം അരുതാത്തതു ചെയ്യുവാൻ തുടങ്ങുമ്പോൾ മൂർച്ചയുള്ള സ്ഥാനങ്ങൾ മൂലം വേദനയുണ്ടാകും. നാം അതിനെ വക വെയ്ക്കാതെ അരുതാത്തത് ചെയ്തുകൊണ്ടിരുന്നാൽ മൂർച്ചയുള്ള ഭാഗത്തിന്റെ മൂർച്ച കുറയുകയും പിന്നീട് അത്രയും വേദന ഉണ്ടാകാതിരിക്കുകയും ചെയ്യും. വീണ്ടും നാം അരുതാത്തത് ചെയ്തുകൊണ്ടേയിരുന്നാൽ മൂർച്ചയുള്ള ഭാഗം പൂർണ്ണമായി തേഞ്ഞു പോകയും അതിന് നമ്മെ ഓർമ്മിപ്പിക്കുന്നതിന് കഴി വില്ലാതാകുകയും ചെയ്യും.

മനസാക്ഷിയെ അവഗണിയ്ക്കുന്നതിനെക്കുറിച്ച് ഒരു കഥ വായിച്ചിട്ടുണ്ട്. സ്കോട്ട്ലൻഡിലെ അപകടകരമായ ഒരു തീരദേശത്ത് ഒരു ബോയായോട് ഒരു മണി ബന്ധിച്ച് കടലിൽ സ്ഥാപിച്ചിരുന്നു. അവിടെ കരയ്ക്കു ജീവിച്ചിരുന്ന ആളുകളോട് കടലിലെ കപ്പിത്താൻ കോപിക്കയും കുടിച്ചു മത്തനായിരുന്ന സമയത്ത് ആ മണി ബോയയിൽ നിന്നും അറുത്തുമാറ്റുകയും ചെയ്തിരുന്നു. പിന്നീടൊരിക്കൽ ഈ കപ്പിത്താന്റെ കപ്പൽ കൊടുങ്കാറ്റിൽ പെട്ട് ആ തീരത്ത് എത്തി. തന്നെ സുരക്ഷിതമായ ദിക്കിലേക്കു വഴികാണിക്കേണ്ട മണി അയാൾ ശ്രദ്ധിച്ചു. പക്ഷേ ഒന്നും കേട്ടില്ല. അവനും അവന്റെ കപ്പലിലുണ്ടായിരുന്ന എല്ലാവരും നശിക്കുവാനിടയായി. ഗുണപാഠം ഇങ്ങനെ: ഒരാൾ തന്റെ മന സ്സാക്ഷിയുടെ ശബ്ദത്തെ അനുസരിക്കാതെയിരുന്നാൽ അവനാവശ്യമായി വരുമ്പോൾ അതവിടെ കാണുകയില്ല.

1 തിമൊ. 1:19-ൽ പൗലൊസ് വേറൊരു ഉദാഹരണം പറഞ്ഞു: ‘‘ചിലർ നല്ല മനസ്സാക്ഷി തള്ളിക്കളഞ്ഞിട്ട് അവരുടെ വിശ്വാസക്കപ്പൽ താണുപേ ായി.’’ ‘‘ഉപേക്ഷിച്ചുകളഞ്ഞ’’ മനസ്സാക്ഷിയെ ഒരു കപ്പലിന്റെ ശരിയായ ദിക്കു കാണിയ്ക്കാത്ത കോമ്പസ്സിനോട് തുല്യമാക്കാം. അത് കപ്പൽ നശിക്കുന്നതിന് ഇടയാക്കും.

തുടർച്ചയായി അവഗണിയ്ക്കപ്പെടുന്ന ഒരു മനസ്സാക്ഷിക്ക് എന്തു ഭവി യ്ക്കുന്നു എന്നു കാണിക്കുവാൻ ബൈബിളിൽ വ്യക്തമായ ഉദാഹരണ ങ്ങൾ നല്കുന്നുണ്ട്. അവഗണിയ്ക്കപ്പെടുന്ന മനസ്സാക്ഷി പ്രവർത്തന ശക്തി നഷ്ടപ്പെട്ട നാഡികളുടെ അറ്റങ്ങൾ പോലെയാണ്. അവ ചത്തതുപോലെയാ കയാൽ പ്രവർത്തിക്കുന്നില്ല (1 തിമൊ. 4:2). എനിയ്ക്ക് ഏറ്റവും ഹൃദയത്തിൽ

തട്ടുന്നത് മത്തായി 6:22, 23-ൽ യേശു പറഞ്ഞ ഉദാഹരണമാണ്. ഇരുളാക്കപ്പെട്ട കണ്ണുകൾ നാം ഓരോ പ്രാവശ്യവും പാപം ചെയ്യുമ്പോൾ നമ്മുടെ കാഴ്ച്ച ശക്തി കുറേശെ കുറയുന്നു എന്നത് മനസിലാക്കുമ്പോൾ എന്തായിരിക്കും സ്ഥിതി. ഇതു നമ്മിൽ അധികം പേരെയും പാപം ചെയ്യുന്നതിൽ നിന്നു പിന്തിരിപ്പിക്കുമോ? പാപം ചെയ്യുമ്പോൾ നമ്മുടെ ശാരീരിക കണ്ണിന്റെ കാഴ്ച നഷ്ടപ്പെടുന്നുണ്ട്. പാപം ചെയ്യുന്നതിന് കൂടുതൽ ശക്തമായ തടസ്സം ആയി ത്തീരേണ്ടതാണ്.

മനസ്സാക്ഷിയെ ലംഘിച്ചതു നിമിത്തം മനസാക്ഷിയെ നിശബ്ദമാക്കിയ അനേകം സ്ത്രീപുരുഷന്മാരെക്കുറിച്ച് വേദപുസ്തകം പ്രതിപാദിക്കുന്നുണ്ട്. ശൗൽ രാജാവിനെക്കുറിച്ച് ഞാൻ ചിന്തിക്കുന്നു. വളരെ വാഗ്ദാനങ്ങളോടെ രാജാവായി എങ്കിലും അധികാരത്തിനുവേണ്ടിയുള്ള മോഹത്താൽ പരീക്ഷി ക്കപ്പെട്ടു. അതിനു കീഴ്പെട്ടു. അവസാനം അവൻ വളരെ കഠിനപ്പെടുകയും ദൈവം അവനെ രാജസ്ഥാനത്തു നിന്ന് നീക്കുകയും ചെയ്തു. ഇത് പാപം ചെയ്യാതിരിപ്പാൻ ശക്തിയേറിയ തടയാണ് (1 ശമു. 16:14).

ശൗലിന്റെ പിൻഗാമിയായ ദാവീദാണ് വേറൊരു ഉദാഹരണം. സാധാ രണ നിലയിൽ മാംസളമായ ഹൃദയമുള്ളവൻ അവൻ പാപത്തിന്മേൽ പാപം ചെയ്തുകൂട്ടി ആഴ്ചകളോളം മനസ്സാക്ഷിയെ തണുപ്പിച്ചുകൊണ്ടിരു ന്നു. അവന്റെ മനസ്സാക്ഷിയെ ഉണർത്തുവാൻ ഒരു സ്നേഹിതനില്ലായിരുന്നു വെങ്കിൽ അവൻ എന്നന്നേക്കും നശിച്ചുപോകുമായിരുന്നു (2 ശമു. 12:1-14).

ഒരുത്തന്റെ മനസ്സാക്ഷി തെറ്റിദ്ധാരണ നിറഞ്ഞതാണെങ്കിൽ അവനെ വീണ്ടും പഠിപ്പിക്കേണ്ടതാവശ്യമാണ്. ആരും മനസ്സാക്ഷിയുടെ ശബ്ദത്തെ അവഗണിക്കരുത്. ഉദാഹരണത്തിനായി നമുക്കിങ്ങനെ സങ്കല്പിക്കാം തന്റെ ജീവിതകാലമെല്ലാം ചില സാഹചര്യങ്ങളിൽ മാംസം തിന്നുന്നത് തെറ്റാണെന്ന് പഠിപ്പിക്കപ്പെട്ടിരുന്ന ഒരാൾ വേദപുസ്തകം പഠിപ്പിക്കുന്നത് ഒരാൾക്ക് മാംസം തിന്നണമെങ്കിൽ തിന്നുന്നതിനു തെറ്റില്ല എന്നാണ് (1 തിമൊ. 4:1-5). എന്നാൽ അവൻ വേദപുസ്തകത്തിലെ സത്യം മനസ്സിലാക്കുന്നതുവരെ അവൻ മുമ്പു ചെയ്തിരുന്നതുപോലെ മാംസം തിന്നാതെയിരിക്കണം. സുരക്ഷിതമല്ലെന്നു നാം കരുതിയിരുന്ന ഒരു പാലം കടക്കുമ്പോൾ സൂക്ഷിക്കുന്നതുപോലെതന്നെ. പാലം സുരക്ഷിതമല്ലെന്നു വിചാരിക്കുന്നെങ്കിൽ നാം അത് ഒഴിവാക്കണം. നമ്മുടെ ഭാരം വഹിപ്പാൻ പാലത്തിനു ബലമുണ്ടെന്നുറപ്പായാൽ നമുക്കു അതിൽ കൂടികടക്കാം.

എന്നാൽ അതിനുമുമ്പു വേണ്ട, മനസ്സാക്ഷിയെ പുനർ അഭ്യാസം ചെയ്യി ക്കുന്നത് ഒരു നിരന്തരമായ പ്രവർത്തനമാണ്. അതെങ്ങനെ ചെയ്യുവാൻ കഴിയും? ഒന്നാമതായി നാം ഉത്സാഹത്തോടെയും ക്രമമായും വേദപുസ്തകം പഠിയ്ക്കണം. നിരന്തരമായി നമ്മെക്കുറിച്ചുള്ള ദൈവഹിതം അറിയുവാനായി അതു ചെയ്യണം. രണ്ടാമത് നമ്മുടെ ബോദ്ധ്യങ്ങളെ തുറന്ന മനസ്സോടെയും ഭയം കൂടാതെയും ദൈവവചനത്തിനു മുമ്പിൽ പരിശോധിയ്ക്കുവാനുള്ള ശ്രമം ഉണ്ടായിരിക്കണം.

തിരുവചനത്താൽ, നാം ദീർഘകാലങ്ങളായി പിടിച്ചിരുന്ന ചില ബോദ്ധ്യ ങ്ങൾ തെറ്റാണെന്നു മനസ്സിലാക്കുന്നതുവരെ നമ്മുടെ മനസ്സാക്ഷി നമ്മോടു പറയുന്നത്. നമുക്കു ചെയ്യാം. നവീകരണ കർത്താവായിരുന്ന മാർട്ടിൻ ലൂഥർ വിസ്തരിക്കപ്പെട്ടപ്പോൾ താൻ ഈ ശ്രേഷ്ഠമായ പ്രസ്താവന നടത്തി:

> തിരുവെഴുത്തുകളാലും വെറും യുക്തികൊണ്ടും ബോദ്ധ്യപ്പെടുന്നില്ലെങ്കിൽ ഞാൻ പാപ്പായുടെയും അവരുടെ കൗൺസിലിന്റെയും അധികാരത്തെ അംഗീകരിക്കുന്നില്ല. എന്തെന്നാൽ അവ തമ്മിൽ വൈരുദ്ധ്യമുള്ളതായി കാണപ്പെടുന്നു. എന്റെ മനസ്സാക്ഷി കർത്താവിന് അടിയറ വച്ചിരിക്കയാണ്. ഞാൻ കർത്താവിന്റെ അടിമയാണ്. എനിക്ക് ഒന്നും മറുത്തു പറയുവാൻ കഴിയുകയില്ല. ഞാൻ അങ്ങനെ ചെയ്യുകയുമില്ല. എന്റെ മനസാക്ഷിക്കെതിരായി നില്ക്കുന്നത് ശരി അല്ല സുരക്ഷിതവുമല്ല. ദൈവമെന്നെ സഹായിക്കട്ടെ ആമേൻ.[88]

*ഉപസംഹാരം.* നിങ്ങൾ നിങ്ങളുടെ മനസ്സാക്ഷിയെ നടത്തിപ്പുകാരനായി സ്വീകരിക്കുമോ എന്ന ചോദ്യത്തിന് എന്റെ അതെ/അല്ല എന്നുള്ള ദ്വയാർത്ഥമുള്ള ഉത്തരം മനസ്സിലായിക്കാണുമല്ലോ. ആത്മീക വിഷയങ്ങളിൽ മനസ്സാക്ഷി മാത്രം നമ്മുടെ ഗൈഡ് ആയിരിക്കുവാൻ പാടില്ല. മറിച്ച് നമ്മുടെ മനസാക്ഷിയുടെ ശബ്ദത്തെ നാം അനുസരിക്കണം. ദൈവത്താൽ സ്ഥാപിക്കപ്പെട്ടിരിയ്ക്കുന്ന ഈ സുരക്ഷിത വ്യവസ്ഥയെ മന്ദീഭവിപ്പിക്കാതെയിരിക്കേണ്ടതിന് അതാവശ്യമാണ്. നാം എപ്പോഴും നമ്മുടെ മനസ്സാക്ഷിയെ പഠിപ്പിക്കുന്നതിനു നമ്മുടെ സങ്കല്പങ്ങളെ പരിശോധിച്ച് നന്നാക്കുന്നതിനും തെറ്റും ശരിയും മനസ്സിലാക്കുന്നതിനും ഉള്ള ശ്രമത്തിൽ തുടർന്നുകൊണ്ടിരിക്കണം.

1 പത്രൊ 3:21 പരിശോധിക്കാം. ''സ്നാനമോ ഇപ്പോൾ ജഡത്തിന്റെ അഴുക്കു കളയുന്നതായിട്ടല്ല ദൈവത്തോടുള്ള നല്ല മനസ്സാക്ഷിക്കായുള്ള അപേക്ഷയായിട്ടത്രെ. യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്താൽ നമ്മെയും രക്ഷിക്കുന്നു''. സ്നാനം ജഡത്തിന്റെ അഴുക്ക് കളയുന്നതിനല്ല എന്ന് വ്യക്തമാക്കുന്നു. ദൈവത്തോട് നല്ല മനസ്സാക്ഷിക്കായുള്ള അപേക്ഷയാണ് വേറെ വാക്കിൽ പറഞ്ഞാൽ സ്നാനത്തിന്റെ ഒരു കാരണം നമുക്കു കുറ്റമുള്ള മനസ്സാക്ഷി മാറുവാനാണ്.

ദൈവവചനം പറയുന്നു, നാം യേശുവിൽ വിശ്വസിയ്ക്കണമെന്ന് (യോഹ. 3:16) പാപത്തെക്കുറിച്ച് അനുതപിക്കണം. മാനസാന്തരപ്പെടണം (പ്രവൃ. 17:30). ഉള്ളിലുള്ള വിശ്വാസം ഏറ്റു പറയണം (റോമ. 10:9, 10), വെള്ളത്തിൽ സ്നാനം ഏൽക്കണം (പാപങ്ങളുടെ മോചനത്തിനായി) (പ്രവൃ. 2:38). മരണംവരെ വിശ്വസ്തരായി ജീവിക്കണം (വെളി. 2:10) നിങ്ങളുടെ മനസ്സാക്ഷി പ്രകാശിപ്പിയ്ക്കപ്പെട്ടു എങ്കിൽ ഈ കാര്യങ്ങൾ സത്യമാണെന്ന് അതു മനസിലാക്കും. നിങ്ങളുടെ മനസ്സാക്ഷി ഫലപ്രദമാണെങ്കിൽ അത് നിങ്ങളോട് ഇതൊക്കെ അനുസരിക്കണമെന്നു പറയും. ചെയ്യണമെന്ന് മനസ്സാക്ഷി പറയുന്ന കാര്യങ്ങൾ ചെയ്തുകൊണ്ട് മനസാക്ഷിയെ വ്യായാമം ചെയ്യിക്കണം. ഇന്ന് നിങ്ങളുടെ മനസാക്ഷി ദൈവത്തോട് അതെ (yes) എന്ന് പറയട്ടെ!

### പൊരുത്തപ്പെട്ടു ജീവിക്കുക (അദ്ധ്യായം 14)

റോമർ 14 ലെ തത്വങ്ങൾ എപ്പോൾ മനുഷ്യർ തമ്മിൽ വിയോജിപ്പുണ്ടായാലും സഹായകരമാണ്. എവററ്റ് ഹഫാർഡ് ദമ്പതിമാരോട് വിവാഹ ജീവിതത്തിൽ പൊരുത്തപ്പെട്ടു ജീവിക്കുന്നതിനെക്കുറിച്ചു സംസാരിയ്ക്കുമ്പോൾ ഈ ഭാഗം ഉപയോഗിക്കുന്നു. അദ്ദേഹം ഉപയോഗിക്കുന്ന ഒരു ഭാഗം ഉള്ളതാണ്. നിന്റെ ഭാഗം എത്ര ശരിയായിരുന്നാലും തർക്കത്തിൽ തോല്ക്കുന്നതുകൊണ്ട് ദോഷമൊന്നും ഇല്ല.[89] ഈ പ്രസ്താവനയിൽ നമ്മിൽ ചിലർക്ക്

അതിശയം തോന്നാം. നമുക്ക് എല്ലാം ശരിയായിരിക്കണമെന്നാണാ-ഗ്രഹം. അമേരിക്കൻ രാഷ്ട്രീയ നേതാവായിരുന്ന ഹെൻറീ ക്ലേ (1777–1852 വരെ) ഇങ്ങനെ പറഞ്ഞിരുന്നു. പ്രസിഡന്റാകുന്നതിനേക്കാൾ ശരി ചെയ്വാനാണ് ഞാൻ ഇഷ്ടപ്പെടുന്നത്.[90] ശരിയായിരിക്കുന്നതിനേക്കാൾ കൂടുതലായി ഞാൻ ആഗ്രഹിക്കുന്നത് നമ്മോട് വിയോജിക്കുന്നവരും ചേർന്ന് നമ്മൾ ശരിയാണ് എന്ന് സമ്മതിക്കുന്നതാണ്.

റോമർ 14ലെ ചർച്ച മാംസഭക്ഷണത്തെച്ചൊല്ലി സഭയിൽ ഒന്നാം നൂറ്റാണ്ടിലുണ്ടായ തർക്ക വിഷയങ്ങളുടെ ചുറ്റുമായിട്ടായിരുന്നുവല്ലോ. പ്രസ്തുത വിഷയെത്തെക്കുറിച്ച് ഒരു സംശയവും ബാക്കിവെയ്ക്കാതെയാണ് ശരി എന്ന് സ്ഥാപിച്ചത്. സസ്യാദികൾ മാത്രം തിന്നുന്നവൻ ബലഹീന സഹോദരനാണെന്നു പറഞ്ഞു (14:2).[91] "ഒരു വസ്തുവും (മാംസം ഉൾപ്പെടെ) മലിനമല്ല" എന്നും പറഞ്ഞു (14:14). ഇതാണ് "ബലവത്തായ" നിലപാട് എന്നും സ്ഥാപിച്ചു (15:1). ഒരു കാര്യം കൂടെ വെളിപ്പെടുത്തി. അത് ഒരു കാര്യത്തിൽ ശരിയായിരിക്കുന്നതിനേക്കാൾ പ്രധാനം മറ്റു ചില കാര്യങ്ങളാണെന്നും പറഞ്ഞു.

ശരിയായിരിക്കുന്നതിനേക്കാൾ പ്രധാനം എന്താണ്? റോമർ 14:13–23, പൗലൊസ് അതിപ്രധാനമായ ചില വസ്തുതകളെക്കുറിച്ചു പറഞ്ഞു.[92] 13 മുതൽ 18 വരെ താൻ എടുത്തുപറഞ്ഞത് ഒരു സഹോദരന് ദോഷം വരാതെ സൂക്ഷിക്കുന്നതാണ് അഭിപ്രായകാര്യങ്ങളിൽ ശരിയായിരിക്കുന്നതിനേക്കാൾ പ്രാധാന്യമുള്ളതെന്ന് (14:13, 15). 19 മുതൽ 23 വരെ സഹവിശ്വാസികൾക്ക് ഒരു ദോഷവും വരുത്തരുതെന്ന് പറഞ്ഞിരിക്കുന്നു. കൂടുതാലായി ഒരു ചിന്ത കൂടി തരുന്നു. പൗലൊസിന്റെ പഠിപ്പിക്കലുകളെ നടപ്പിലാക്കുവാൻ നമുക്കു സാധിച്ചേക്കും. അത് സഹോദരനെ മുറിപ്പെടുത്താതെ അവനുവേണ്ടി ഒന്നും തന്നെ ചെയ്യാതിരിക്കയും ചെയ്യുക. അവനെ ഒറ്റയ്ക്കു വിടുക. എന്നാൽ ആ പാഠം അതിനുമപ്പുറമായി പോകുന്നു. ഒരു പോസിറ്റീവായ കാര്യം അവനു വേണ്ടി എന്തെങ്കിലും ചെയ്യുക. ഫലത്തിൽ പൗലൊസ് പറയുകയായിരുന്നു. ഒരു സഹോദരനെ സഹായിക്കുന്നത് നമ്മുടെ ഭാഗം ശരിയാക്കുന്നതിനേക്കാൾ പ്രധാനമാണ് (14:19).

### "പരസ്പരം അംഗീകരിക്കുക" (14:1; 15:7)

"ശക്തരായ" വരോട് "ബലഹീനരെ" കൈക്കൊള്ളുവാൻ പറയുന്നു. അവനെ നിസാരമായി കാണാതിരിക്കുക. "ബലഹീനർ" "ശക്തന്മാരെ" യും അംഗീകരിക്കണം (15:7 കാണുക) തങ്ങളുടെ സഹോദരങ്ങളെ വിധിയ്ക്കയുമരുത്. ഒരാൾ ചോദിച്ചേയ്ക്കാം ഞാൻ "ശക്തനാണോ ബലഹീനനാണോ" എന്ന് എങ്ങനെ തിരിച്ചറിയാം? മിക്ക "ബലമുള്ള" മനസ്സുള്ളവരും അവരവരെ "ശക്തരായി" കണക്കാക്കുന്നു. ഒരു ക്രിസ്ത്യ സഹോദരൻ ഒരിക്കൽ തന്നെക്കുറിച്ചുതന്നെ "ബലഹീന" സഹോദരൻ എന്നു പറഞ്ഞു. അങ്ങനെ ഒരിക്കൽ മാത്രമെ കേട്ടിട്ടുള്ളു. ഒരു സഹോദരനെ അംഗീകരിക്കുന്നതിന് കൂടുതൽ സന്ദർഭങ്ങളിലും നിങ്ങൾ "ശക്തരാണോ ബലഹീനരാണോ" എന്നത് ഒരു പ്രശ്നമേ അല്ല. നീ "ശക്തനായ" സഹോദരൻ ആണെങ്കിൽ അതിനു തെറ്റില്ല. ശക്തരായവർക്കാണ് കൂടുതൽ ചുമതലയുള്ളത്. "ശക്തരായാലും ബലഹീനരായാലും" എല്ലാ ക്രിസ്ത്യാനികളോടും പറയുന്ന ദൂത് ഒന്നുതന്നെയാണ്. നിങ്ങൾ അന്യോന്യം കൈക്കൊൾവിൻ (15:7)!

### **ബലഹീനനെ കൈക്കൊള്ളുന്നത് (14:1, 15)**

റോമർ 14:1 ഇങ്ങനെ പറയുന്നു. ''വിശ്വാസത്തിൽ ബലഹീനനായവനെ ചേർത്തുകൊൾവിൻ'' അവന്റെ അഭിപ്രായത്തിനുമേൽ ശിക്ഷവിധിക്കുന്ന തിനല്ല. ഈ തത്വത്തെക്കുറിച്ച് നമുക്ക് ഒരു ഉദാഹരണം ചർച്ച ചെയ്യാം. വെള്ളിയാഴ്ചകളിൽ മാംസം ഭക്ഷിക്കുന്നത് ശരിയല്ല എന്നു പഠിപ്പിക്കുന്ന ഒരു കൂട്ടം ഉണ്ടെന്നു സങ്കല്പിക്കുക. അവരിൽ ഒരുവനെ നിങ്ങൾ പഠിപ്പിച്ച് മാനസാന്തരത്തിലേക്കു കൊണ്ടുവന്നു എന്നും സങ്കൽപ്പിക്കുക. അയാൾ സ്നാനവെള്ളത്തിൽ നിന്നും കയറിവരുമ്പോൾ അവനെ ഒരു വശത്തേക്കു മാറ്റി നിർത്തിയിട്ട് വെള്ളിയാഴ്ച്ച മാംസം കഴിയ്ക്കാത്തതിന്റെ മഠയത്തരത്തെ ക്കുറിച്ച് അവനോട് പ്രസംഗിയ്ക്കുന്നു. അതു ശരിയാണോ? നിശ്ചയമായും അല്ല. അവൻ ക്രിസ്തുവിൽ ഒരു ശിശു ആണ് അവനു സ്വാഗതത്തിന്റെ ഒരു ചുംബനമാണ് ആവശ്യം. വാക്കുകൊണ്ടുള്ള മുഖത്തടി അല്ല. കുറെ നാളു കൾകൊണ്ട് മറ്റെ വിഷയത്തിൽ അവൻ ആത്മീയ ഉൾക്കാഴ്ച ഉള്ളവനായി തീരും. അവന് ആവശ്യം സ്വീകരണമാണ്.

മേൽപറഞ്ഞ ഉദാഹരണത്തോടു ചേർത്ത് പറയാനാഗ്രഹിയ്ക്കുന്നത് അടുത്ത വെള്ളിയാഴ്ച അവനെ ഭക്ഷണത്തിനായി ക്ഷണിച്ച് മാംസ ഭക്ഷണം കൊടുക്കുന്നതും പാടില്ലാത്തതാണ്. അങ്ങനെ ചെയ്താൽ അവന്റെ മനസ്സാ ക്ഷിയെ ലംഘിക്കാനും അങ്ങനെ പാപം ചെയ്യുവാൻ പ്രേരിപ്പിക്കുകയും ആകാം. റോമർ 14:15 പഠിപ്പിക്കുന്നത് ''നിന്റെ ഭക്ഷണം നിമിത്തം സഹോദരനെ വ്യസനിപ്പിച്ചാൽ നീ സ്നേഹപ്രകാരം നടക്കുന്നില്ല. ക്രിസ്തു ആർക്കുവേണ്ടി മരിച്ചോ അവനെ നിന്റെ ഭക്ഷണംകൊണ്ട് നശിപ്പിക്കരുത്.''

### **മറ്റുള്ളവരെ നിന്ദയോടെ നോക്കാതെയിരിക്കുന്നത് (14:3)**

പൗലൊസ് ഇങ്ങനെ പഠിപ്പിച്ചു ''തിന്നുന്നവൻ (ശക്തൻ) തിന്നാത്തവനെ ധിക്കരിക്കരുത്. തിന്നാത്തവൻ (ബലഹീനൻ) തിന്നുന്നവനെ വിധിക്കരുത്. ദൈവം അവനെ കൈക്കൊണ്ടിരിക്കുന്നുവല്ലോ'' (14:3).

*ശക്തർ.* മറ്റുള്ള ക്രിസ്ത്യാനികളേക്കാൾ ജ്ഞാനികളാണെന്ന് സ്വയം ചിന്തിക്കുന്ന ചിലരുടെ പുസ്തകങ്ങൾ വായിച്ചിട്ടുണ്ട്. അവയുടെ പുറങ്ങളിൽ നിന്നു പരിഹാസവും നിന്ദയും ഒഴുകുകയാണ്. നിങ്ങൾ നിങ്ങളെത്തന്നെ ''ശക്തരാണെ'' ന്നാണോ വിചാരിക്കുന്നത്? ഒരു പ്രത്യേക പ്രശ്നത്തിൽ ''നിങ്ങളോടു യോജിക്കാത്ത ഒരാളോട് നിന്ദാപൂർവ്വം പെരുമാററുതെന്ന്'' പൗലൊസ് പഠിപ്പിക്കുന്നു.

*ബലഹീനർ.* മറ്റു ക്രിസ്ത്യാനികളുടെ തെറ്റുകളെ ചൂണ്ടിക്കാണിയ്ക്കുന്ന തിനായി പ്രതിഷ്ഠിക്കപ്പെട്ട മാസികകളും മറ്റും കണ്ടിട്ടുണ്ട്. ഇവയിൽ ചില വയ്ക്ക് ക്രൂരവും വിധിയ്ക്കുന്നതുമായ ഒരു സ്വരമാണുള്ളത്. ഒരു പ്രത്യേക ആചാരമോ ജീവിതരീതിയോ തെറ്റാണെന്ന് നിങ്ങൾ വിശ്വസിക്കുന്നു എങ്കിൽ അങ്ങനെയുള്ളവരോട് ദയയില്ലാതെയും അസഹിഷ്ണുതയോടും വിയോജി ക്കുകയും ചെയ്യുവാൻ പ്രയാസമില്ല.

### **മറ്റൊരുത്തന്റെ ദാസനെ വിധിക്കാതെയിരിക്കുന്നത് (14:4)**

നിങ്ങൾക്കു വിശ്വസ്തനായ ഒരു വേലക്കാരൻ ഉണ്ട്. വർഷങ്ങളായി നിന ക്കുവേണ്ടി ജോലി ചെയ്തുവരുന്നു എന്ന് സങ്കല്പിക്കുക. നിങ്ങളുടെ വീട്ടിൽ വന്ന ഒരു സന്ദർശകൻ അവൻ ചെയ്യുന്ന ജോലിയെ വിമർശിക്കുന്നു എന്നു

ചിന്തിക്കുക. നിങ്ങൾ എങ്ങനെ പ്രതികരിക്കും? പക്ഷേ നിങ്ങളുടെ അതിഥിയോട് നിങ്ങൾ പറയും (വളരെ മര്യാദയോടെ പറയും) അയാളുടെ അഭിപ്രായമല്ല കാര്യമാക്കേണ്ടത് *നിങ്ങളുടെ* അഭിപ്രായം തന്നെയാണെന്ന്.

ഒരിക്കൽ ബാറ്റ്സൻ ബാററ്റ് ബാക്സറ്ററോട് ഒരാൾ വേറൊരു വ്യക്തിയെക്കുറിച്ച് അയാൾ രക്ഷിയ്ക്കപ്പെടുമോ നശിച്ചുപോകുമോ എന്ന് ചോദിച്ചു. അതിനുത്തരമായി ബാക്സറ്റർ ''നിങ്ങൾ തെറ്റായ വ്യക്തിയോടാണ് ചോദിക്കുന്നത്. ആളുകളെ സ്വർഗ്ഗത്തിലേക്കോ നരകത്തിലേക്കോ അയക്കുന്നത് എന്റെ ജോലിയല്ല ദൈവത്തിന്റെ ജോലിയാണ്'' എന്നു മറുപടി പറഞ്ഞു.[93]

### വിധിക്കാതെയിരിക്കുന്നതിനുള്ള കാരണങ്ങൾ (14:5-13)

14:5–12 വരെയുള്ള വാക്യങ്ങളിൽ നാലു കാരണങ്ങൾ ''നാം മറ്റുള്ളവരെ വിധിക്കരുത്'' (14:13) എന്നതിന് വിശദമാക്കിയിട്ടുണ്ട് (അഭിപ്രായ വിഷയങ്ങളിൽ:

നാം എല്ലാവരും ദൈവത്തെ മഹത്വപ്പെടുത്തുവാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നതുകൊണ്ട് (14:5, 6).
നാം എല്ലാവരും ക്രിസ്തുവിനുള്ളവരാണ് (14:7–9).
നാം എല്ലാവരും ക്രിസ്തുവിൽ സഹോദരീസഹോദരന്മാരാണ് (14:10a).
നാം എല്ലാം കർത്താവിനാൽ വിധിയ്ക്കപ്പെടുവാനുള്ളവരാണ് (14:10b–12).

ഇവയിൽ ഒരു കാരണം മതി വിധിക്കുന്ന ആത്മാവു കൂടാതെ അന്യോന്യം കൈക്കൊള്ളുന്നതിന്. നാലു കാരണങ്ങളും ഉള്ളതിനാൽ നമുക്ക് ഒഴികഴിവ് ഇല്ല.

### ''ഓരോരുത്തൻ താന്താന്റെ മനസ്സിൽ ഉറെച്ചിരിക്കട്ടെ'' (14:5)

അഭിപ്രായ വിഷയങ്ങളെക്കുറിച്ച് ഓരോ മനുഷ്യനും താന്താന്റെ മനസ്സിൽ ഉറച്ചിരിക്കട്ടെ എന്ന് പൗലൊസ് പറയുന്നു (14:5). ഈ തത്വത്തെക്കുറിച്ച് ഒരു ഉദാഹരണം പറഞ്ഞാൽ ക്രിസ്ത്യാനിക്ക് പോലീസിലോ പട്ടാളത്തിലോ ജോലി ചെയ്യുവാൻ സാധിക്കുമോ? എന്ന പ്രശ്നം പല പ്രദേശങ്ങളിലും അഭിപ്രായ വിഷയത്തിലുൾപ്പെടുത്തിയിരിക്കുന്നു.[94] അതുകൊണ്ട് ഈ പ്രശ്നം അപ്രധാനമെന്നു വരുന്നില്ല. ഈ വിഷയത്തിൽ നിന്റെ വിശ്വാസം എന്തെന്നുള്ളതും ഒരു വ്യത്യാസവും വരുത്തുന്നില്ല. നീ ജീവിയ്ക്കുന്ന സ്ഥലത്തെ രീതി എന്തുതന്നെ ആയാലും ചോദ്യം ചെയ്യാതെ സ്വീകരിക്കരുത്. അതിനു പകരം പുതിയനിയമത്തിൽ ബന്ധപ്പെട്ട എല്ലാ ഭാഗവും പഠിയ്ക്കുക. പ്രാർത്ഥിക്കുക. നിന്റെ മനസ്സിൽ നല്ല ഉറപ്പു ലഭിക്കുന്നതുവരെ പിന്നീട് നിനക്കു ലഭിച്ച ''ബോദ്ധ്യത്തിൽ ഉറെച്ചു നിൽക്കുക''.

### കുടുംബത്തിൽ വകവച്ചു കൊടുക്കുന്നത് (14:10)

ശാരീരിക കുടുംബാംഗങ്ങൾ സാധാരണമായി വളരെയധികം ദീർഘക്ഷമ കാണിയ്ക്കാറുണ്ട്. നിങ്ങൾ അവസാനമായി സംബന്ധിച്ച കുടുംബയോഗത്തെ ഓർക്കുക. ഒരു പക്ഷേ ഹോമർ അമ്മാവൻ തന്റെ ചീകിയൊതുക്കാത്ത മുടിയോടും ശല്യപ്പെടുത്തുന്ന പതിവു രീതികളുമായി അവിടെ ഉണ്ടായി

രുന്നിരിയ്ക്കും. മേബൽ അമ്മാവി മറ്റുള്ളവരെ മുറിപ്പെടുത്തിയാലും ശരി തന്റെ മനസ്സുതുറന്നു സംസാരവുമായി എത്തിയിരുന്നിരിയ്ക്കാം. തിരുത്തൽ വരുത്തുവാൻ സമ്മതമില്ലാത്ത കസിൻസ് ഉണ്ടായിരുന്നു. എല്ലാ രാത്രിയും അവർക്കുവേണ്ടി പ്രാർത്ഥിച്ചിട്ടും ഒരു മാറ്റവും ഇല്ലാത്തവർ. ചില റൗഡി അനന്തിരവന്മാരും ഉണ്ടായിരുന്നു. അവർ വല്യമ്മച്ചിയെ തള്ളി താഴെയിടാഞ്ഞതു ഭാഗ്യം. മിക്ക കുടുംബകൂട്ടങ്ങളിലും പ്രത്യേക സ്വഭാവമുള്ള ചില അംഗങ്ങൾ കാണും. എങ്കിലും ഭക്ഷണ സമയം വരുമ്പോൾ എല്ലാവരെയും ക്ഷണിച്ച് കൂട്ടിവരുത്തി ഇരുത്തി സൽക്കരിക്കുന്നു.

**സമീകരണം തേടുക (14:13-23)**

ഒരു സഹോദരന്റെയോ, സഹോദരിയുടെയോ എതിർപ്പിനെ വകവയ്ക്കാതെ ഒരു കാര്യം നടപ്പാക്കുന്നതിനെ ഈ ഭാഗം തടയുന്നില്ല. ദശാബ്ദങ്ങളായി ക്രിസ്തീയ ശുശ്രൂഷയിൽ നിലനിന്ന ആൾ എന്ന നിലയിൽ എനിക്കു പറയുവാൻ സാധിയ്ക്കും ഒരു സഭയിൽ എന്തെല്ലാം ചെയ്താലും, ഒന്നും തന്നെ ചെയ്തില്ലെങ്കിലും ഒരാൾക്കെങ്കിലും "ഇഷ്ടപ്പെടാതെ വരും." എല്ലാവരെയും ഒരുപോലെ ഇഷ്ടപ്പെടുവാൻ ശ്രമിച്ചാൽ ദൈവവേല നിന്നുപോകും.

സമീകരണം ആവശ്യമാണ്. ചില എതിർപ്പുകളുടെ പേരിൽ ഒരു നല്ല പ്രവർത്തനം നിന്നുപോവാൻ ഇടവരരുത്. അതെ സമയം മറ്റുള്ളവരുടെ ഉറച്ച ബോദ്ധ്യങ്ങളെ കണക്കിലെടുത്ത് അവരുടെ മനസാക്ഷികൾക്ക് എതിരായി അവർ നില്ക്കുവാൻ ഇടയാകാതെ നില്പാനുള്ള തിരിച്ചറിവ് വേണ്ടതാണ്. ഞാൻ ശുശ്രൂഷിച്ചിട്ടുള്ള എല്ലാ സഭകളിലും ചിലർക്ക് അവരുടെ മനസ്സാക്ഷിയുടെ ബോധനപ്രകാരം ചില പ്രവർത്തനങ്ങളിൽ സഹകരിപ്പാൻ പ്രയാസമായി വരുന്നത് കണ്ടിട്ടുണ്ട്. അവർ അതൊരു പ്രശ്നമാക്കിത്തീർത്തു എന്നല്ല. അവർ അതിൽ ഭാഗഭാക്കുകളായില്ല അവരുടെ മനസാക്ഷി പ്രകാരം നിന്നു എന്നുമാത്രം. മനസാക്ഷിയനുസരിച്ചു നിൽക്കുന്നവരെയും മുരട്ടു സ്വഭാവമുള്ളവരെയും തമ്മിൽ തിരിച്ചറിയണം. ഇതത്ര പ്രയാസം കുറഞ്ഞ കാര്യമല്ല. മുട്ടിന്മേൽ നിന്ന് ജ്ഞാനത്തിനായി പ്രാർത്ഥിക്കേണ്ട ആവശ്യമുണ്ട് (യാക്കോബ് 1:5 കാണുക).

**ക്രിസ്ത്യാനിത്വം എന്നാൽ ആകെക്കൂടി എന്താണ് (14:13-18)**

14-ാം അദ്ധ്യായം 13-18 വരെ പൗലൊസ് ചർച്ച ഒരു ഉന്നതമായ നിലവാരത്തിലേക്ക് കൊണ്ടുപോകുന്നു. ഫലത്തിൽ മാംസം തിന്നുകയോ തിന്നാതിരിക്കയോ എന്നുള്ളതല്ല നമ്മുടെ പ്രധാന കരുതൽ. മറിച്ച് ക്രിസ്ത്യാനിത്വം എന്നാൽ എന്താണ്.

ആത്മാവിൽ ബലഹീനനായ സഹോദരനെ കരുതുക (14:13, 14).
സ്നേഹം കാണിക്കുക (14:15a).
"ക്രിസ്തു ആർക്കുവേണ്ടി മരിച്ചുവോ" അവരോട് എങ്ങനെ ഇടപെടണം? (14:15b).
നമ്മുടെ പ്രവൃത്തി ലോകത്തിനുമുൻപിൽ സഭയെ എങ്ങനെ കാണിക്കുന്നു? (14:16, 18).
നമുക്ക് ഏറ്റവും പ്രധാനമായ വിഷയം എന്താണ്? (14:17).
ക്രിസ്തുവിനെ സേവിക്കുന്നത് (14:18).

പൗലൊസിന്റെ ഉപദേശങ്ങൾ കോപത്തെ തണുപ്പിച്ചില്ലെങ്കിൽ മറ്റൊന്നിനും കഴിയുകയില്ല. അവന്റെ വാക്കുകൾ സമാധാനം ഉണ്ടാക്കുന്നില്ലെങ്കിൽ നമ്മുടെ ഹൃദയങ്ങൾക്ക് എന്തോ തകരാറുണ്ട്.

**നന്മയെ ദോഷമായി സംസാരിക്കുക? (14:16)**

ഒരു ഉദാഹരണം മനസ്സിൽ വരുന്നു.[95] അമേരിക്കൻ ഐക്യനാടുകളിൽ നിന്നും ഒരു യുവതി മറ്റൊരു രാജ്യത്ത് ഒരു സഭയെ സഹായിക്കുവാൻ പോയി. അമേരിക്കയിൽ baseballന് ചമശേീമഹ ുമഹ ശോല എന്നാണ് പേർ പറയാറുള്ളത്. അതുകൊണ്ട് ആ സഭയിലെ കുട്ടികളെ ചേർത്ത് ഒരു baseball കളി തുടങ്ങുവാൻ ശ്രമിച്ചു. അവർ കളിച്ചുകൊണ്ടിരുന്നപ്പോൾ ആ സഭയിലെ ഒരു മൂപ്പൻ കണ്ടിട്ട് ആ യുവതിയെ വിളിച്ചു മാറ്റി പറഞ്ഞു ഈ രാജ്യത്ത് baseball ചൂതുകളിയുമായി ബന്ധപ്പെട്ടതാണ്. അതിനാൽ ക്രിസ്ത്യാനികൾ അതു കളിക്കുകയില്ല. അതുകേട്ട് ആ യുവതി ക്ഷമ ചോദിക്കുകയും വേറെ പ്രവർത്തനങ്ങളിലേക്ക് അവരെ തിരിക്കുകയും ചെയ്തു.

**ഇടിച്ചുകളയുന്നവനോ കെട്ടുപണിചെയ്യുന്നവനോ? (14:20)**

റോമർ 14:20–ൽ "ഭക്ഷണം നിമിത്തം ദൈവനിർമ്മാണത്തെ അഴിക്കരുത്" എന്ന വചനം കാണുമ്പോൾ സഭകളെ ഇടിച്ചു കളഞ്ഞ ചില സംഭവങ്ങളെ ഓർത്തുപോകുന്നു. ആദ്യ നൂറ്റാണ്ടിലെ മാംസാഹാരത്തെക്കുറിച്ചുള്ള പ്രശ്നം പോലെയുള്ള ചില പ്രശ്നങ്ങൾ മൂലം തന്നെയാണ്. അഭിപ്രായ വ്യത്യാസങ്ങൾ മുറിപ്പെട്ട ഹൃദയങ്ങൾ സങ്കല്പിയ്ക്കപ്പെട്ട പുച്ഛമാക്കൽ, നിസാരകാര്യങ്ങൾ ഹൃദയ ഭേദകരം തന്നെ!

കെട്ടുപണിചെയ്യുന്നതിനേക്കാൾ എത്ര എളുപ്പത്തിൽ ഇടിച്ചു കളയുവാൻ സാധിക്കും. ഒരു കുട്ടിയുടെ കൈയ്യിൽ ഒരു ചുറ്റിക കൊടുത്തിട്ട് ഒരു വീട് പൊളിയ്ക്കുവാൻ പറയുക. നിമിഷങ്ങൾക്കുള്ളിൽ കാര്യമായ കേടുവരുത്തുവാൻ അവനു കഴിയും. ഒരു ചുറ്റിക കൊടുത്തിട്ട് ഒരു വീടു പണിയുവാൻ പറയുക. എത്ര സമയം കൊടുത്താലും അതു ചെയ്യുവാൻ അവന് കഴിയുകയില്ല. കുറ്റം കണ്ടുപിടിക്കുകയും ഇടിച്ചുകളയുകയും ചെയ്യുവാൻ മാത്രം താലന്തുള്ള അനേകർ സഭയിലുണ്ട്. ദൈവ സഹായത്താൽ കെട്ടുപണി ചെയ്യുന്നവനായിരിക്കുവാൻ തീരുമാനിക്കുക. "ഉയരത്തിലേക്ക് പണിയുന്ന" ഒരാൾ ആയിരിക്കുക!

---

കുറിപ്പുകൾ

[1]Since Romans 14 does not mention Jews and Gentiles, one may wonder why most see the issues of that chapter as Jews versus Gentiles. It is at the end of the discussion in the next chapter that Paul ceased to refer to "weak" and "strong" and talked about Jews and Gentiles (15:8–12). [2]Those who hold this position refer to 14:13, where Paul said not to "judge one another *anymore*." They conclude that this terminology indicates Paul's knowledge that Christians in Rome had been guilty of judging in the past. Note, however, that Paul included *himself* in the admonition ("let *us* not judge one another anymore"), indicating that the instruction is general in nature. [3]"Kosher" is a transliteration of רֵשָׁכ, the Hebrew word for "proper." It is used to refer to food prepared according to Jewish law. [4]A term sometimes heard today is "vegan": a person who does not eat meat, dairy products, or eggs. The more familiar term is "vegetarian." [5]Richard A. Batey, *The Letter of Paul to the Romans*, The Living Word Commentary (Austin, Tex.: R. B. Sweet Co., 1969), 165. [6]A number of translations and paraphrases use the word "opinion" or "opinions" in Romans 14. For instance, in verse 5 the JB has "each must be left free to hold his own opinion." [7]G. Schrenk, "*dialogismós*,"

in *Theological Dictionary of the New Testament*, ed. Gerhard Kittel and Gerhard Friedrich, trans. and abr. Geoffrey W. Bromiley (Grand Rapids, Mich.: Wm. B. Eerdmans Publishing Co., 1985), 156. [8]This motto is often attributed to Thomas Campbell, and its sentiments are expressed in his *Declaration and Address* (1809). Campbell apparently adapted the motto from the Protestant Reformation. Similar slogans had appeared as early as the seventeenth century. [9]Douglas J. Moo, *Romans*, The NIV Application Commentary (Grand Rapids, Mich.: Zondervan Publishing House, 2000), 453. [10]W. E. Vine, Merrill F. Unger, and William White, Jr., *Vine's Complete Expository Dictionary of Old and New Testament Words* (Nashville: Thomas Nelson Publishers, 1985), 511 (emphasis added).

[11]A number of translations and paraphrases use the word "conscience" later in chapter 14. For instance, the NEB has "conscience" in verse 22; the AB, in verses 20, 21, and 23; and Phillips, in verses 20 and 23. [12]Vine, 163. [13]As noted in this paragraph, other verses in Romans 14 have forms of κρίνω (*krinō*, "judge") in the Greek text, even though they are not translated "judge" in the NASB. [14]Vine, 336. [15]Jimmy Allen, *Romans, The Clearest Gospel of All* (Searcy, Ark.: By the author, 2005), 287. [16]Vine, 562. [17]This does not negate what Paul taught in other places: We sometimes have to make judgment calls regarding doctrinal error (16:17) and immorality (1 Cor. 5). [18]McCord's translation has "holds every day in esteem." [19]Vine, 207 (emphasis added). [20]In 1 Corinthians 16:1, 2, Paul assumed that the Christians in Corinth would meet together on every first day of the week for worship. (When they did so, Paul told them to take up a special collection.)

[21]Some have used Romans 14:5 as an excuse to have the Lord's Supper on some day other than Sunday. There is no biblical authority for partaking of communion on any day other than the first day of the week. [22]Some think that this is one of the implications in the phrase "believes all things" in 1 Corinthians 13:7. [23]Since some Greek manuscripts mention the non-observer, the KJV adds, "And he that regardeth not the day, to the Lord he doth not regard it" (see NKJV). [24]Some think that "eats not" refers to fasting (going without food), but the context indicates that "eats not" refers to refraining from eating meat. [25]Along with many other teachers and preachers, I have used the verse like this. In Romans 14:7, the JB reads, "The life and death of each of us *has its influence on others*" (emphasis added). [26]Leon Morris, *The Epistle to the Romans* (Grand Rapids, Mich.: Wm. B. Eerdmans Publishing Co., 1988), 481. [27]The Greek text used by the KJV has a period at the end of verse 7. The Greek text used by more recent translations has a semicolon at the end of the verse, tying verses 7 and 8 together. [28]The KJV has "to" instead of "for." These prepositions were supplied by the translators to go with a series of words in the dative case. "For" seems to fit the context better than "to." [29]Paul expanded this thought in verses 13 and 15. [30]Charles R. Swindoll, *The Grace Awakening* (Anaheim, Calif.: Insight for Living, 1990), 158 (emphasis added).

[31]In verse 4, "stand" means "will not fall" (that is, will be accepted by God), and it may have the same meaning here. However, in light of the context following verse 10, it more likely just refers to being in the presence of a judge who is about to pass sentence. [32]Vine, 337–38. [33]The opening words of this quotation may have come from Isaiah 49:18. [34]Larry Deason, *"The Righteousness of God": An In-depth Study of Romans*, rev. ed. (Clifton Park, N.Y.: Life Communications, 1989), 308. [35]William Barclay, *The Letter to the Romans*, rev. ed., The Daily Study Bible (Philadelphia: Westminster Press, 1975), 193. [36]We should remember that Romans 14 is about matters of opinion. [37]Quoted in Halford E. Luccock, *Preaching Values in the Epistles of Paul*, vol. 1, *Romans and First Corinthians* (New York: Harper & Brothers, 1959), 102. [38]Ibid. [39]Swindoll, *The Grace Awakening*, 49–50. [40]The NEB has "Let us ... cease *judging* one another, but rather make this simple *judgement*" (emphasis added).

[41]The two words are listed under the same heading in Vine, 441. The words are so similar in meaning that, while the NASB has "obstacle" first and "stumbling block" second, many translations reverse the order. [42] Jim McGuiggan commented, "The conduct of those who unlovingly stride roughshod over the souls of weaker souls is scandalous!" (Jim McGuiggan, *The Book of Romans*, Looking Into The Bible Series [Lubbock, Tex.: Montex Publishing Co., 1982], 401). [43]R. C. H. Lenski, *The Interpretation of St. Paul's Epistle to the Romans* (Minneapolis: Augsburg Publishing House, 1936), 832. [44]Vine, 441. [45]Allen, 285. [46]All these possibilities and more are reflected in different translations. [47]Vine, 113, 649. [48]John R. W. Stott, *The Message of Romans: God's Good News for the World*, The Bible Speaks Today (Downers Grove, Ill.: Inter-Varsity Press, 1994), 365.

[49]Batey, 171. [50]Morris, 487.

[51]Walter Bauer, *A Greek-English Lexicon of the New Testament and Other Early Christian Literature*, 3d ed., rev. and ed. Frederick W. Danker (Chicago: University of Chicago Press, 2000), 604. [52]Moo, 460. [53]"Walking" was one of Paul's favorite expressions for "living." [54]Morris, 487. [55]Fritz Ridenour, ed., *How to Be a Christian Without Being Religious* (Glendale, Calif.: Regal Books, G/L Publications, 1967), 124. [56]Vine, 164. [57]Stott, 365. [58]We are not sure why Paul introduced "drinking" here unless he was simply referring to a meal in general; eating and drinking are integral parts of a meal (see comments on 14:21). [59]The terms "church" and "kingdom" are used interchangeably in Matthew 16:18, 19. Paul seldom used the term "kingdom" (this is the only time the word appears in Romans); he usually referred to the "church." Perhaps he used the word here to emphasize that the Lord's *reign* is more important than any individual's *rights*. [60]"Righteousness and peace and joy" could refer to what *God* has done and is doing for us, but the context seems to focus on what *we* need to do.

[61]This could mean being approved by "weak" brethren, but a wider application seems necessary. [62]Oikodomē is translated "edification" in 15:2. [63]Vine, 194. [64]Allen, 288. [65]In the Greek text, "for the sake of food" is placed first in the sentence to give the phrase emphasis. [66]Vine, 164. [67]Paul's focus was on the fact that what we do affects our fellow Christians: We are to build up "one another" (14:19); we are not to "destroy ... him for whom Christ died" (14:15). [68]"Offense" is from *proskomma* (see comments on 14:13). [69]Verse 21 uses the general word for "wine," οἶνος (*oinos*). A common table drink in those days was wine mixed with water. Some speculate that one reason for this was that pure water was not always available. An appendix on *oinos* is included in McGuiggan, 485–94. [70]Morris, 491.

[71]C. F. Keil, *The Book of Daniel*, trans. M. G. Easton, Biblical Commentary on the Old Testament (Grand Rapids, Mich.: Wm. B. Eerdmans Publishing Co., 1959), 80. [72]Adapted from Richard Rogers, *Paid in Full: A Commentary on Romans* (Lubbock, Tex.: Sunset Institute Press, 2002), 192. [73]Instead of "have as your own conviction," the Greek text simply means "have by yourself." [74]Some believe that the last part of Romans 14:22 should be interpreted like this: "Happy is he who lives according to his conscience." [75]Morris, 492. [76]Coy Roper, "How Christians Can Disagree Without the Church Disintegrating," *Truth for Today* 10, no. 1 (June 1989): 39. [77]Stott, 368. Since it is not always clear who is "strong" and who is "weak" on any issue, each of us should constantly compare his beliefs with God's Word and strive to bring those beliefs closer to God's will. [78]Allen, 289. [79]Vine, 336. [80]This phrasing, also used in the title, was based on Coy Roper, 35–39.

[81]As Paul continued the discussion, he used the word "neighbor" (15:2), perhaps indicating that wider application can be made. [82]McGuiggan, 403. [83]The points used in this section of the lesson were adapted from Deason, 312; and Charles R. Swindoll, *Relating to Others in Love: A Study of Romans 12—16* (Fullerton, Calif.: Insight for Living, 1985), 40. [84]Coy Roper, 37. [85]These illustrations were suggested by A. G. Hobbs, Jr., in his tract "Is Conscience a Safe Guide?" (Fort Worth, Tex.: By the Author, n.d.), 1–5. [86]"Strong" does not mean knowledgeable in all matters, but rather just in the matter under consideration. It is possible to have a "strong (knowledgeable) conscience" in one matter and a "weak (ignorant) conscience" in another. This may be why *two* topics are used as illustrations in Romans 14; 15: Jewish Christians had strong consciences in the matter of eating meat sacrificed to idols, but weak consciences regarding observing special Jewish feast days. On the other hand, Gentile Christians had weak consciences in the matter of eating meat sacrificed to idols, but strong consciences regarding observing special Jewish feast days. [87]Read the text carefully: If I believe a certain action to be wrong, it is not necessarily wrong for others, but it is automatically wrong for me. [88]Roland H. Bainton, *Here I Stand: A Life of Martin Luther* (Nashville: Abingdon Press, 1950), 144. [89]Evertt Huffard, "Life Maturity and the Family," class taught at Eastside church of Christ, Midwest City, Oklahoma, 25 April 2004. [90]Henry Clay, speech in the Senate (1850); quoted in John Bartlett, *Bartlett's Familiar Quotations*, 16th ed., ed. Justin Kaplan (Boston: Little, Brown, and Co., 1992), 389.

[91]Remember that we are not talking about eating "vegetables only" as a dietary preference. [92]Do not forget that matters of opinion are under consideration. It is, of course, of the utmost importance to be right on matters of faith. [93]I heard Batsell Barrett Baxter relate this in a lecture at Abilene Christian College around 1955. [94]In some parts of the world, the police and army may be

so corrupt that most Christians believe they cannot be part of either without compromising their faith. [95]Adapted from Jim Townsend, *Romans: Let Justice Roll Down* (Elgin, Ill.: David C. Cook Publishing Co., 1988), 93.